

ചിന്താമാലിക.



T 64
T 33

ഫാദർ ജോസഫ് തെക്കേമുറിയിൽ

കൊഴുവനാൽ.

XKG


ചിന്താമാലിക.



T 64
T 33

ഫാദർ ജോസഫ് തെക്കേമുറിയിൽ

കൊഴുവനാൽ.



[കോപ്പി ൫൦൦൦]

PRINTED AT ST. MARY'S PRESS,

ATHIRAMPUZHA.

1930.


NIHIL OBSTAT

Fr. Sebastian Kulamkuthiyil

IMPRIMATUR.

† J. Kalachery
Bishop of Changanachery

Changanachery,
19 - 11 - 1930



സമർപ്പണം.

അകൃത്രിമമായ ദൈവഭക്തി,
അതിവമായ പുത്ര വാത്സല്യം
അഭിലഷണീയമായ ശാന്തശീലം,
അനിതരസാധാരണമായ പരോപകാര തല്പരത,
സർവ്വോപരി, അന്യാദൃശമായ നിഷ്കപടത
ഇത്യാദി ഗുണങ്ങളാൽ
സന്താനങ്ങൾക്കൊരു മാതൃകയും
പരിചിതരായ സകലരുടേയും സ്നേഹബഹുമാനങ്ങൾക്ക്
പാത്രവും ആയി പരിലസിച്ചു്
1922 ജനുവരി 5–ാംനു- 61–ാമത്തെ വയസ്സിൽ
ഭാഗ്യമരണം പ്രാപിച്ച
എന്റെ പ്രിയ അമ്മയുടെ
നിത്യസ്മാരകമായി
എന്റെ പ്രഥമകൃതിയായ ഈ 'ചിന്താമാലിക'യെ
വിനീതപുത്രനായ ഞാൻ
സാദരം സമർപ്പിച്ചുകൊള്ളുന്നു.

ഫാദർ ജോസഫ് ചെക്കേമറി,
കൊഴുവനാൽ.

മുഖവുര.

എന്റെ സെമ്മിനാരി ജീവിതത്തിലെ വിശ്രമവേളയിൽ എഴുതിയ ഏതാനും പ്രബന്ധങ്ങൾ ചേർത്തു് അടിച്ചതാണു് "ചിന്താമാലിക" എന്ന ഈ പുസ്തകം. ഈ ഉപന്യാസങ്ങൾ എല്ലാം സ്വതന്ത്രമായി എഴുതിയവ എന്നഭിമാനിക്കുന്നില്ല. ക്ലേശകരമായ ജീവിതയാത്രയിൽ എനിക്കു സഹായമായി ഭവിച്ച പല ചിന്തകളും ഇതിൽ ചേർത്തിട്ടുണ്ടു്. ഇതുകൊണ്ടു് ഒരൊറ്റ മനുഷ്യനെങ്കിലും ഉപകാരമുണ്ടാകുന്നപക്ഷം ഞാൻ കൃതാർത്ഥനായി.

ഈ ചെറിയ പുസ്തകത്തിനു് വിശിഷ്ടമായ ഒരവതാരിക എഴുതിത്തന്നു, കേരളത്തിന്റെ അഭിമാനസ്തംഭമായ ആ പണ്ഡിതാഗ്രേസരന്റെ—മദോസു് യൂനിവേഴ്സിറ്റി പ്രൊഫസർ ഡാക്ടർ പി. ജെ. തോമ്മസ്സു് എം എ; ബി. ലിറ്റ് (ഓക്സൻ) വി എച്ചു്. ഡി; എഫ്. ആർ. ഇ. എസ്. അവർകളുടെ നേർക്കു് എനിക്കുള്ള അപാരമായ കൃതജ്ഞതയെ ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു. വിവിധജോലികൾക്കിടയിൽ ഈ പുസ്തകം വായിച്ചുനോക്കി പ്രോത്സാഹജനകമായ ഒരഭിപ്രായം എഴുതിഅയച്ച തൃശൂർ സെന്റ് തോമസ്സു് കോളേജ് പ്രിൻസിപ്പൽ ദിവ്യശ്രീ ഫാദർ പാലോക്കാരൻ എം. എ (എഡിൻ) അവർകളുടെ നേർക്കു ഞാൻ അത്യന്തം കൃതജ്ഞനായിരിക്കുന്നു. ഇതിന്റെ പ്രസിദ്ധീകരണത്തിൽ എന്നെ ഓരോവിധം സഹായിച്ചിട്ടുള്ള സെമ്മിനാരി പ്രൊഫസർ റവ. ഫാദർ സക്കറിയാസ്. സി. ഡി, പെറി. റവ. ഫാദർ സെബാസ്റ്റ്യൻ കുളങ്കുത്തിയിൽ, റവ. ഫാദർ എം. വടക്കയിൽ എന്നീ പൂജ്യപാദന്മാർക്കു ഞാൻ ഏറ്റം കടപ്പെട്ടവനാണു്. ഈ ജോലിയിൽ എന്നെ സഹായിച്ചിട്ടുള്ള എന്റെ വന്ദ്യമിത്രങ്ങളേയും കൃതജ്ഞതാപൂ

വ്വം സ്മരിച്ചുകൊള്ളുന്നു. ഇതിന്റെ അച്ചടി ജോലി ശരിയാ
യി നിർവ്വഹിച്ചുതന്ന, അതിരമ്പുഴ സെൻറ് മേരീസ് പ്രസ്സ് മാ
നേജർ ശ്രീമാൻ സി. ജെ മാത്യു അവർകളുടെ നേർക്കു ഞാ
ൻ നന്ദിയുള്ളവനായിരിക്കുന്നു.

എന്റെ വൈദിക പഠനം പൂർത്തിയായി പൗരോഹി
ത്യപദവിയിലേയ്ക്കു ഞാൻ ഉയർത്തപ്പെടുന്ന ഈ ശുഭാവസരത്തി
ൽ അതിന്റെ ഒരു സ്മാരകമായി ഈ ചെറിയ ഗ്രന്ഥത്തെ
മഹാജന സമക്ഷം പ്രകാശിപ്പിച്ചുകൊള്ളുന്നു.

ഗ്രന്ഥകർത്താ.

പുത്തൻപള്ളി സെമ്മിനാരി,
1930 ഡിസംബർ 23.

അവതാരിക.

ഈ ഗ്രന്ഥത്തിന് ഒരവതാരിക എഴുതുന്നതിന് ആദ്ധ്യാത്മിക കാര്യങ്ങളിലും സാഹിത്യവിഷയത്തിലും പ്രത്യേക പാണ്ഡിത്യമുള്ളവർ വേണമെന്നാണ് എന്റെ ബോധം. എന്നാൽ ഗ്രന്ഥകർത്താവ് ഏതോ കാരണവശാൽ എന്റെ മേലാണ് ആ ഭാരം—അഥവാ ബഹുമാനം—നിക്ഷേപിച്ചത്. വൈദികപദവിയിലേക്കു നവപാദം വയ്ക്കുന്ന ഒരു യുവഗ്രന്ഥകാരന്റെ ആഗ്രഹം നിരാകരിക്കാൻ ഏതൊരു സഹൃദയനാണു തുനിയുക?

പുത്തമ്പള്ളി സെമ്മിനാരി ഈ അടുത്ത കാലത്ത് വൈദിക പഠനത്തിന്റെ മാത്രമല്ല, സാഹിത്യപോഷണത്തിന്റേയും ഒരു വിളനിലമായിത്തീർന്നിരിക്കയാണ്. കേരളത്തിലെ ക്രിസ്തീയ വൈദികർ എല്ലാക്കാലത്തും കേരളഭാഷയെ പോഷിപ്പിച്ചിട്ടുണ്ടെന്നുള്ളതു ചരിത്രജ്ഞന്മാർക്ക് അറിവുണ്ടെങ്കിലും, കൈരളിക്ക് ആദ്യവ്യാകരണങ്ങൾ, നിഘണ്ടുക്കൾ, ഗദ്യഗ്രന്ഥങ്ങൾ മുതലായ അവശ്യോപകരണങ്ങൾ നിർമ്മിച്ചു കൊടുത്തത് ക്രിസ്തീയ വൈദികരാണെന്ന് പരക്കെ സമ്മതിക്കപ്പെട്ടിട്ടുണ്ടെങ്കിലും, ക്രിസ്ത്യാനികൾ ഭാഷാപോഷണത്തിൽ പിന്നോക്കമാണെന്നൊരു ധാരണ ഇപ്പോഴത്തെ കൈരളീ പുത്രന്മാരുടെയിടയിൽ പരക്കെയുണ്ട്. വിദേശീയരായ ചില വൈദികർ എഴുതിയ മലയാളഗ്രന്ഥങ്ങളിലെ വാചകരീതി സമ്മതമാകായ്കയാൽ അയിരിക്കാം ഇപ്രകാരമൊരു അവജ്ഞ ഉളവായിട്ടുള്ളത്. അങ്ങനെയാണെങ്കിൽ ആ കുറവാരോപണത്തിനുണ്ടായിരുന്ന മൂലകാരണം പേരറ്റുപോയിരിക്കുന്നു. ഇപ്പോൾ ക്രിസ്ത്യാനികളാൽ രചിക്കപ്പെടുന്ന ഗദ്യപദ്യഗ്രന്ഥങ്ങൾ വാചക ശുദ്ധിയിലാവട്ടെ രചനാസൗഷ്ഠവത്തിലാവട്ടെ ഇതരന്മാരുടേതിൽ നിന്നും ഒട്ടും പിന്നോക്കമല്ല. ക്രിസ്തീയ ദേവാലയങ്ങളിലേക്കു പ്രസംഗപീഠങ്ങളിൽ നിന്ന് ഇപ്പോൾ ചെയ്യപ്പെടു

ന്ന പ്രസംഗങ്ങൾ പൊതുയോഗങ്ങളിൽ നടക്കുന്നവയിൽ നിന്ന് ഒരു വിധത്തിലും താണപടിയിൽ നില്ക്കുന്നില്ല. ഇപ്രകാരം ഇപ്പോൾ അഭിവൃദ്ധിക്കാൻ നാം ശ്രമിച്ചായിരിക്കുന്നതിന്റെ ഒരു പ്രധാനകാരണം പുത്തമ്പള്ളി സെമിനാരിയിലെ വൈദിക വിദ്യാർത്ഥികളുടെയിടയിൽ മലയാള ഭാഷാപഠനത്തിനു് അടുത്ത കാലത്തുണ്ടായിട്ടുള്ള ഉത്സാഹമാണെന്നു നിസ്സംശയം പറയാം.

ഗഹനങ്ങളായ ആശയങ്ങളെ പൊതുവേ മനസ്സിലാകത്തക്ക ഭാഷയിൽ ഉപന്യസിക്കേണ്ടുന്ന വിഷയം മിക്കവർക്കും അനുഭവമാണല്ലോ. വിശേഷിച്ചു് പാശ്ചാത്യഭാഷകളിൽ നിന്നു് വിവർത്തനം ചെയ്യുമ്പോൾ ഈ വിഷമം വർദ്ധിക്കുകയും ചെയ്യും. നമ്മുടെ മുമ്പിലിരിക്കുന്ന ഗ്രന്ഥം എഴുതുന്നതിൽ തൽക്കർത്താവു് ഈ വിഷമത്തെ ഒട്ടേറെ ജയിച്ചിട്ടുണ്ടെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. ഫ്രാജസ്സും ചാരുക്കാരവും തികഞ്ഞ ഒരു ഭാഷാസരണിയാണ് അദ്ദേഹം പ്രയോഗിച്ചിട്ടുള്ളത്. വിഷയത്തിനു വേണ്ടുന്ന ഗൗരവവും പ്രൗഢിയും അതിനുണ്ടെന്നുള്ളതു് പ്രത്യേകം പറയേണ്ടതുണ്ടു്.

യുവഗ്രന്ഥകാരന്മാരുടെ കൃതികളിൽ കാണുന്ന വലിയ ഒരു ദോഷം സംസ്കൃതപദബാഹുല്യമാണ്. പച്ചമലയാള ശബ്ദങ്ങൾ ത്യജിച്ചു് കഴിയുന്നത്ര സംസ്കൃതപദങ്ങൾ പ്രയോഗിക്കുന്നതിലാണ് സാഹിത്യഭൂഷണത്തിന്റെ മറവിരിക്കുന്നതെന്നു് ചില ധാരണ കുറേ മുമ്പുണ്ടായിരുന്നു. ഇപ്പോഴും തിരുവിതാംകൂറിൽ ആധാരണ ഭർത്സിപ്പെട്ടതായിക്കാണുന്നില്ല. നമ്മുടെ പത്രങ്ങളിലേ ലേഖനങ്ങളിൽ ചുരുക്കം ചില പള്ളികളിലെ പ്രസംഗപീഠങ്ങളിൽ വേണ്ടുവോളം അതു് ഒട്ടേറെ പ്രചരിച്ചിരിക്കുന്നു. ഈ കൃതിയെ സംബന്ധിച്ചേടത്തോളം ഈ ദോഷം അധികമായി ബാധിച്ചിട്ടുണ്ടെന്നു് എനിക്കഭിപ്രായമില്ല. എങ്കിലും സാധാരണ ജനങ്ങൾ വായിക്കാനായി ഉണ്ടാക്കപ്പെട്ടിരിക്കുന്ന ഈ ഗ്രന്ഥത്തിൽ സംസ്കൃതപദങ്ങൾ ഇപ്പോഴത്തേക്കാൾ കുറഞ്ഞിരിക്കുന്നതായിരിക്കും ഭംഗി എന്നു വ

രയാതെ കഴികയില്ല. രണ്ടാമതൊരു പതിപ്പു് തയ്യാറാക്കുമ്പോൾ ഈ കാര്യത്തിൽ ഗ്രന്ഥകർത്താവു് ശ്രദ്ധവയ്ക്കുകയും അവിടവിടെക്കാണുന്ന ചില്ലറ അപാകപ്പിശകുകൾ തിരുത്തുകയും ചെയ്യുന്നപക്ഷം ഗ്രന്ഥത്തിന്റെ ആസ്വാദ്യതയും പ്രയോജനവും വർദ്ധിക്കുമെന്ന് എനിക്കഭിപ്രായമുണ്ടു്.

ഇതു ചെറുപ്പത്തിൽ തന്നെ വിലമേറിയ ഒരു ഗ്രന്ഥം രചിച്ച ഈ യുവവൈദികൻ നേരും നെഞ്ചകം നേരുള്ള വിസ്തൃതങ്ങൾ എഴുതി കേരള ഭാഷയെ പോഷിപ്പിക്കും എന്നാശിക്കുന്നതിനു നമുക്കു് അർഹതയുള്ളതാണല്ലോ. ഈ ആശയെ നിറവേറുന്നതിനു സർവ്വശക്തൻ അദ്ദേഹത്തിനിടയാക്കണമെന്നുള്ള പ്രാർത്ഥനയേടുകൂടി ഈ മുഖക്കുറിയെ അവതാരികയെ സമാപിപ്പിച്ചുകൊള്ളുന്നു.

സെനറ്റ് ഹൗസ്, കോട്ടയം
1—12—30.

പി. ജെ. തോമ്മസ് (ഒപ്പു്)

തൃശ്ശൂർ സെൻറ് തോമ്മസ് കോളജ്
പ്രിൻസിപ്പലും, ബഹു. ഫാദർ പാലോക്കാരൻ
എം. എ. (ഓക്സ്ഫഡ്) അവർകളുടെ
അഭിപ്രായം.

St. Thoma's College
Trichur, 5 - 12 - 1930

Dear Br. Joseph,

.....The titles attracted me and they bespeak a practical and modern treatment of problems that interest mankind in all ages. I wish your book all success and hope you will not rest in your oars after its publication. We have great need of laymen and priests who can treat fundamental problems in a style suited to modern conditions and I hope you will continue your laudable efforts in the field of literature.....

with kind regards,
yours sincerely
J. Palocaran.

ശുദ്ധിപത്രം.

പശം.	വരി.	അബദ്ധം	സുബദ്ധം
10	12	ദൈവത്തെ	ദൈവം
8	8	അവിടുന്നു അങ്ങേ	അവിടുന്നു
15	22	സമൃധിയായി	സമൃദ്ധമായി
19	2	ടി	സമൃദ്ധമായി
29	4	ഞാൻ സ്വതന്ത്രനാണു്	സ്വതന്ത്രനാണു്
32	21	ദാരിദ്രദേവത	ദാരിദ്ര്യദേവത
70	11	സാവ്ഭൗമിക ശക്തി	സാവ്ഭൗമിക ശക്തി
72	4	ശാശ്വതപുരുഷൻ	നിത്യപുരുഷൻ
83	3	വിഴ്ച	വിരം
93	3	കരുണ	കരുണ:

വിഷയപരിപാടി

1. ഈശ്വരാസ്തിക്യം.
2. ഈശ്വരസാന്നിദ്ധ്യം.
3. ഈശ്വര പരിപാലനം.
4. ഈശ്വരനോട് നാം കൃതജ്ഞതയുള്ള വരായിരിക്കണം.
5. ഒഴിച്ചുകൂടാത്ത ചോദ്യം.
6. യഥാർത്ഥ സുഖം.
7. മനുഷ്യജീവിതോദ്ദേശം.
8. സൃഷ്ടി വൈചിത്ര്യം.
9. നാനാ സമുദായത്തിന്റെ അസ്തിവാരം.
10. പരിവർത്തനങ്ങളിൽ മഹാപരിവർത്തനം
11. ശാശ്വത പുരുഷൻ അഥവാ ക്രീസ്തു.
12. ബൈബിളും സാഹിത്യവും.

S. B. SCHOOL LIBRARY
CHANGANACHERRY
CHERUPUZHA

ചിന്താമാലിക.

൧. ഈശ്വരാസ്തിക്യം.

"ആകാശം ദൈവത്തിന്റെ മഹത്വവും അന്തരീക്ഷം അവിടുത്തെ കരങ്ങളുടെ പ്രവൃത്തിയും പ്രത്യക്ഷപ്പെടുത്തുന്നു."

വിസ്തൃതമായ ഒരു ദ്വീപിന്റെ മദ്ധ്യേ, അതാ ഒരു മനോഹരസൌധം സ്ഥിതി ചെയ്യുന്നു. ശില്പകലയുടെ നിയമങ്ങൾക്ക് അണുമാത്രം ഭംഗം വരാതെ പണിയപ്പെട്ടിരിക്കുന്ന ബൃഹന്മാണ്ഡമായ എട്ടുപുകളും അംബരമാർഗ്ഗത്തെ ചുംബനം ചെയ്തുകൊണ്ടു നില്ക്കുന്ന ഗംഭീരമായ ഗോപുരങ്ങളുമുള്ള ഈ പ്രാസാദത്തിന്റെ രമണീയതയും വിവിധഭാഗങ്ങൾ തമ്മിലുള്ള ചേർച്ചയും അന്യാദൃശമത്രെ. ഈ മന്ദിരത്തിന്റെ മേൽഭാഗത്ത് അവിടവിടെയായി തുക്കിനിത്തിയിരിയ്ക്കുന്ന വിസ്തൃതീപങ്ങളിൽ നിന്നുള്ള ദീപപ്രവാഹം ഇതിനെ ശോഭനമാക്കിച്ചെയ്യുന്നു. ഇതിന്റെ ചുവരുകൾ നേത്രാഭിരാമങ്ങളായ ചിത്രങ്ങൾകൊണ്ടും അടിത്തറ വിവിധവർണ്ണങ്ങളോടുകൂടിയ വിലപിടിച്ച പരവതാനികൾ കൊണ്ടും അലംകൃതമായിരിക്കുന്നു. വിശാലമായ ഒരു ശാലയുടെ മദ്ധ്യേ വൈദ്യുതവ്യജനങ്ങളുടെ കീഴിൽ ഇട്ടിരിക്കുന്ന മേശപ്പുറത്ത് അതിവിശേഷമായ പാത്രങ്ങളിൽ രുചികരങ്ങളായ ഭക്ഷണപാനീയങ്ങൾ തയ്യാറാക്കി വച്ചിരിയ്ക്കുന്നു. ചേതോഹരങ്ങളായ ഗാനങ്ങളുടെ മധുരധ്വനി ഈ സ്ഥലത്തിന്റെ ആകർഷണീയതയെ വർദ്ധിപ്പിക്കുന്നുണ്ട്.

ഇപ്രകാരമുള്ള ഒരു മഹനീയ മന്ദിരം, മനുഷ്യന്റെ പാദസ്പർശം ഏറ്റിട്ടുണ്ടെന്നുള്ളതിനു പ്രത്യക്ഷമായ യാതൊരു തെളിവുമില്ലാത്തതും മനുഷ്യവാസരഹിതമെന്ന് സർവ്വരാലും സ

മ്മതിക്കപ്പെട്ടിട്ടുള്ളതുമായ ഒരു ദ്വീപിൽ ദീർഘനാളത്തെ ഏ കാന്തവാസത്തിനു ശേഷം ഒരു സായാഹ്ന യാത്രയിൽ ആകസ്മി കമായി നമ്മുടെ ദൃഷ്ടികളിൽ പെടുന്നതായാൽ അതു വിദ ഗ്ദ്ധനായ ഒരു ശില്പിയുടെ കരകൌശലത്തിന്റെ ഫലമെന്നും അതിനെ ശരിയായി ഭരിച്ചു കൊണ്ടുപോകുന്ന ബുദ്ധിമാനും വി വേകിയുമായ ഒരധിപനുണ്ടെന്നും നാം യുക്തിപൂർവ്വം അനുമിക്കുക യില്ലയോ? അതിന്റെ ഉടമസ്ഥനെ കണ്ടു പിടിക്കുന്നതിനുള്ള ശ്രമം പരാജയത്തിൽ കലാശിച്ചാലും അയാൾ സമീപത്തെവി ടെയെങ്കിലുമുണ്ടെന്ന് നാം തീർച്ചപ്പെടുത്തുകയില്ലയോ?

ഇനി നമ്മുടെ നയനങ്ങളെ മറ്റൊരു രംഗത്തിലേയ്ക്കു തിരിക്കാം. പ്രപഞ്ചമാകുന്ന മഹാസൌധത്തെ നമുക്കു വീക്ഷി ക്കാം. അതു പരിമാണത്തിൽ എത്ര വിസ്തൃതവും ഘടനയി ൽ എത്ര പരിപൂർണ്ണവും കാഴ്ചയ്ക്ക് എത്ര ഭംഗിയുള്ളതുമായിരി ക്കുന്നു. പകൽ മുഴുവൻ സ്വർണ്ണമയങ്ങളായ കിരണകന്ദളങ്ങ ൾകൊണ്ട് ഈ മന്ദിരത്തെ പ്രകാശമാനമാക്കിത്തിക്കുന്ന മ മഹാ ജ്യോതിസ്സിനേയും രാത്രിയിൽ, ആകാശമാകുന്ന മേൽത്ത ട്ടിൽ തൂക്കിനിത്തിയിരിക്കുന്ന ദീപവർത്തികളേയും സൂക്ഷിക്കു ക. ഈ സൌധത്തെ അലങ്കരിക്കുന്ന അതിശോഭനങ്ങളും ന വനവങ്ങളുമായ ചിത്രങ്ങളുടെ വലുപ്പവും ഭംഗിയും ദർശിക്കുക. ഇതിന്റെ തറമേൽ വിരിച്ചിരിക്കുന്ന പുഷ്പനിബിഡമായ പര വതാനിയുടെ സൌന്ദര്യോൽക്കർഷത്തെ വീക്ഷിക്കുക. ഇതിലു ള്ള സസ്യാദികളുടെയും കാകനികളുടെയും ബാഹുല്യതയും നാ നാത്വവും എത്ര ആശ്ചര്യജനകം. വിവിധഗണങ്ങളിൽപ്പെട്ട പക്ഷികളുടെ ഗാനവിശേഷങ്ങൾ എത്ര ആസ്വാദ്യകരം. ഇ തിൽ സർവ്വത്ര വീശിക്കൊണ്ടിരിക്കുന്ന മന്ദമാരുതൻ വൈദ്യുത വീജനത്തിൽ നിന്നു പുറപ്പെടുന്ന കാറ്റിനേക്കാൾ എത്ര സുഖ ശീതളവും ഉന്മേഷപ്രദവുമായതു്.

ഹസ്യനിർമ്മിതമായ ഹർമ്മ്യം കാലാന്തരത്തിൽ ക്ഷയിക്കു കയും അതിലെ ദീപങ്ങൾ മങ്ങുകയും പരവതാനി പുഴുക്കൾ ക്കാഹാരമായി ഭവിക്കുകയും ചെയ്യുമ്പോൾ, പ്രപഞ്ചമാകുന്ന മ

ഹാ സൌധം അതിന്റെ സൌന്ദര്യത്തെ പ്രതിദിനം നവീകരിച്ചുകൊണ്ടിരിക്കുന്നു. അതിലെ സംഖ്യാതീതങ്ങളായ വിളക്കുകൾ ആകാശമണ്ഡലത്തിൽ സ്ഥാപിക്കപ്പെട്ട കാലത്തിലെന്നപോലെ തന്നെ ഇന്നും ജാജ്വല്യമാനമായി പ്രത്യക്ഷപ്പെടുന്നു. അതിലെ പരവതാനി ആദത്തിന്റെ പാദസ്പർശം ഏറ്റ പ്പോളത്തെപ്പോലെ തന്നെ ഇന്നും മൃദുലവും കോമളവുമായി പരിലസിക്കുന്നു.

പ്രപഞ്ചമാകുന്ന മഹാ സൌധത്തെ വീക്ഷിക്കുമ്പോൾ "ഒ! കർത്താവേ, അങ്ങു ഭൂമിയെ സ്ഥാപിച്ചു. ആകാശം അങ്ങേ കരത്തിന്റെ പ്രവൃത്തിയാകുന്നു" എന്നു് രാജകീയ പ്രവാചകനോടുകൂടി ഉച്ചൈസ്വരം ഉൽഘോഷിക്കാതിരിക്കുന്നതിനു് ആർക്കു് സാധിക്കും? ജുവാൻഫെർനാൻഡസ്സു് എന്ന വിജനദ്വീപിലെ മണൽത്തിട്ടയിൽ റോബിൻസൺ ക്രൂസോ ഒരു മനുഷ്യന്റെ കാലടികണ്ടപ്പോൾ, ആ വഴി ഒരാൾ കടന്നുപോയിരിക്കുന്നു എന്നു് യുക്തിപൂർവ്വം അനുമാനിച്ചു. എന്നാൽ എല്ലാ സൃഷ്ടികളിലും—കടൽത്തിരത്തേ മണൽത്തരികളിലും കാട്ടുകളിലേ ഇലകളിലും ആകാശത്തിലേ നക്ഷത്രങ്ങളിലും ജഗദീശ്വരന്റെ മുദ്ര പതിഞ്ഞിരിക്കുന്നതു കണ്ടിട്ടും, അദ്ദേഹത്തിന്റെ അസ്തിക്യത്തെപ്പറ്റി സംശയിക്കുന്നതു് ഭോഷത്തമല്ലയോ? "ദൈവത്തേപ്പറ്റി ജ്ഞാനമില്ലാത്തവരും, ദൃശ്യവസ്തുക്കളിൽനിന്നു്, സാക്ഷാൽ അസ്തിക്യമുള്ളവനെ അറിയുവാൻ കഴിയാത്തവരും, പ്രവൃത്തികൾ കണ്ടിട്ടു് അവയുടെ കർത്താവിനെ അംഗീകരിക്കാത്തവരുമായ എല്ലാ മനുഷ്യരും വ്യർത്ഥരാകുന്നു" എന്ന സോളമോന്റെ വാക്യങ്ങൾ എത്രപരമാർത്ഥമായിരിക്കുന്നു.

വാസ്തവത്തിൽ നിസ്തുലമായ ക്രമവും ഭംഗിയും ഐക്യവുംഉള്ള ഈ പ്രപഞ്ചത്തെ ദർശിക്കുന്ന ജുജുബുദ്ധികളായ ഏവരും അതു് ഒരു മഹാബുദ്ധിശാലിയുടെ പ്രവൃത്തിഫലമാണെന്നു് സമ്മതിക്കുവാൻ നിർബദ്ധരാകുന്നു. ഏതു മനുഷ്യനും, എത്ര പാമരനായിരുന്നാലും ഒരുവസ്തു, ക്രമവും വ്യവസ്ഥയും ഉള്ളതോ എന്നു് ഗ്രഹിക്കുന്നതിനു് യാതൊരു വിഷമവുമില്ല. നിരനിര

യായിയാത്രചെയ്യുന്ന ഒരു സ്കൌട്ട് സംഘത്തിൽ കാണുന്നക്രമവും സ്ക്കൂൾവിട്ട് വീട്ടിലേയ്ക്കു ശീഘ്രഗതിയിൽ പായുന്ന കുട്ടികളുടെ ഇടയിലുള്ള ക്രമരാഹിത്യവും തിരിച്ചറിയുന്നതിന് അരക്ഷം കഴിയും. സർവ്വമനുഷ്യരുടേയും ഗ്രഹണശക്തിക്കധീനമായ ഈ ക്രമവും ഐകരൂപ്യവും നാം പ്രപഞ്ചത്തിൽ സർവ്വത്ര ദർശിക്കുന്നു.

പ്രപഞ്ചത്തിൽ പ്രത്യക്ഷപ്പെടുന്ന ഈ ക്രമത്തിനും വ്യവസ്ഥയ്ക്കും നിദാനമായി അസാധാരണ പ്രതിഭാവിലാസവും ദിഷ്ടൃഷ്ടിയും വിഭാവനാശക്തിയുംഉള്ള ഒരു കാരണം അവശ്യം ആവശ്യമാണ്. ചില പൌരാണിക ശാസ്ത്രജ്ഞന്മാർ ജല്പിച്ചിരിക്കുന്നതുപോലെ, അതു യാദൃച്ഛികമായി സംഭവിച്ചുതീരാവുന്ന പാടില്ല. കാരണം, യാദൃച്ഛിക സംഭവങ്ങൾക്ക് ഒന്നിനും ഐകരൂപ്യവും സ്ഥിരതയും ഉണ്ടായിക്കൂടാ. എന്നാൽ പ്രകൃതിയിൽ സുസ്ഥിരവും നിരന്തരവുമായ നിയമങ്ങളുടെ പ്രവർത്തനം നാം എന്നും കാണുന്നു. പകലും രാവും എത്ര കൃത്യമായിവന്നു കൊണ്ടിരിക്കുന്നു. ഋതുക്കളുടെ മാറ്റങ്ങൾ എത്ര ക്രമമായി സംഭവിക്കുന്നു.

പ്രപഞ്ചത്തിൽ കാണുന്ന ക്രമവും വ്യവസ്ഥയും യാദൃച്ഛികമായുണ്ടായതാണെന്നുള്ള ഊഹം സിസറോ വളരെ സാമർത്ഥ്യത്തോടുകൂടി ഖണ്ഡിക്കുന്നു. സർവ്വജാതികളും ഒരു ദിവ്യശക്തിയിൽ വിശ്വസിക്കുന്നതിനുള്ള കാരണത്തെപ്പറ്റി പ്രതിപാദിക്കുന്നിടത്ത് അദ്ദേഹം പറയുന്നു "ആകാശഗോളങ്ങളുടെ ചലനവും സൂര്യചന്ദ്രനക്ഷത്രാദികളുടെ വൈചിത്ര്യവും ഭംഗിയും ക്രമവും ദർശിക്കുന്നമാത്രയിൽതന്നെ അവ യാദൃച്ഛികമായി ഉണ്ടായതല്ലെന്നു പ്രസ്പഷ്ടമാകുന്നു. നാം ഒരു ഭവനത്തിലോ, സ്ക്കൂളിലോ, കച്ചേരിയിലോ, പ്രവേശിക്കുമ്പോൾ അവിടെ കാണുന്ന ക്രമവും വ്യവസ്ഥയും ഒരു കാരണത്തിൽ നിന്നുൽഭൂതമാണെന്നു കരുതുകയും, ആജ്ഞകൾ നൽകുന്നവനും എല്ലാവരുടേയും അനുസരണത്തെ അർഹിക്കുന്നവനുമായ ഒരാൾ ഉണ്ടെന്ന് അനുമിക്കുകയും ചെയ്യുന്നുവെങ്കിൽ, സംഖ്യാതീത

ങ്ങളായ ആകാശഗോളങ്ങളുടെ അനുസ്യൂതവും വിസ്മയാവഹവുമായ ചലനത്തെ ദർശിക്കുമ്പോൾ അവയെ ഭരിക്കുകയും അവയുടെ ഗതിയെ നിയന്ത്രിക്കുകയും ചെയ്യുന്ന ബുദ്ധിശാലിയായ ഒരുവൻ ഉണ്ടെന്ന് ഏതു കുട്ടിയും ന്യായത്തോടെ അനുമാനിക്കേണ്ടിയിരിക്കുന്നു".

ഇതേകാരണത്താൽത്തന്നെ, എപ്പിക്യൂറസും ഇക്കാലത്തെ ചില അനാത്മവാദികളും വാദിക്കുന്നതുപോലെ ഈ ലോകം പരമാണുക്കളുടെ ആകസ്മികസംയോഗത്തിൽനിന്നുൽഭവിച്ചതാകാൻ പാടില്ല. കാരണം, അസാമാന്യ പ്രതിഭാവിലാസം പ്രദ്യോതിപ്പിക്കുന്ന ക്രമവും ഭംഗിയും വ്യവസ്ഥയും ഇതിൽ നാം ദർശിക്കുന്നു. എന്നാൽ, ഭ്രമി നിർമ്മിക്കപ്പെട്ടിരിക്കുന്ന സ്ഥൂലവസ്തുവിൽ ബുദ്ധിശക്തിയുടെ യാതൊരു ലക്ഷണവും കാണ്മാനില്ല. ഈ സ്ഥൂലവസ്തുവിൽ ഇല്ലാത്തഗുണം അതിന്റെ വിഭാഗങ്ങളായ പരമാണുക്കളിൽ ഉണ്ടായി എന്നു സങ്കല്പിക്കുന്നതു മൌഢ്യമല്ലയോ? കാളിദാസന്റെയും ഭവഭൂതിയുടെയും കാവ്യങ്ങൾ അക്ഷരമാലയിലേ ലിപികളുടെ ആകസ്മികസംയോഗം കൊണ്ടുണ്ടായി എന്നു സങ്കല്പിക്കുന്നതാണ് ഈ ലോകം പരമാണുക്കളുടെ യാദൃച്ഛിക സങ്കലനത്തിൽ നിന്നുൽഭൂതമായി എന്നു പറയുന്നതിനേക്കാൾ യുക്തിയുക്തമായിട്ടുള്ളതു്.

ഗ്രഹങ്ങളുടെ നിരന്തരവും നിയമാനുസാരവുമായ ചലനവും ഈശ്വരാസ്തിക്യത്തെ തെളിയിക്കുന്നു. നാം വസിക്കുന്ന ഈ ഭ്രമിയും ആകാശത്തിൽ സ്ഥിതിചെയ്യുന്ന അസംഖ്യം നക്ഷത്രങ്ങളും സദാ ചലിച്ചു കൊണ്ടാണിരിക്കുന്നതു്. ചലിച്ചുകൊണ്ടിരിക്കുന്ന എന്തും അതിൽനിന്നു വ്യത്യസ്തവും അതിനേക്കാൾ ഉന്നതവുമായ ഒന്നിനാൽ ചലിപ്പിക്കപ്പെടേണ്ടിയിരിക്കുന്നു. ഇതിൽനിന്ന് സൃഷ്ടികളേക്കാൾ ഉൽകൃഷ്ടവും അവയിൽ നിന്ന് വിഭിന്നവുമായ ഒരു ശക്തിയുടെ, അഥവാ സത്തയുടെ അസ്തിക്യം വിശദമാകുന്നു.

മുൻപറഞ്ഞ വിജനദ്വീപിൽ ഒരു തീവണ്ടി അതിന്റെ അനേക വിഭാഗങ്ങളിൽ ഓരോന്നും പരസ്പരം സുഘടിത

മായി നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നുവെന്ന് വിചാരിക്കുക. മനുഷ്യന്റെ പൊടിപോലും അവിടെ കാണുമായിരുന്നില്ലെങ്കിലും ആ യന്ത്രം വിദഗ്ദ്ധനായ ഒരു മനുഷ്യനാൽ നിർമ്മിക്കപ്പെട്ടതു എന്ന് നാം നിസ്സംശയം അനുമാനിക്കയില്ലയോ? ഇതിനെക്കാൾ എത്രയോ അധികം വിസ്മയകരമായ ഒരു യന്ത്രമാണ് ഈ പ്രപഞ്ചം. അതു അളവിൽ എത്ര വിസ്തൃതവും ഘടനയിൽ എത്ര പരിപൂർണ്ണവുമായിരിക്കുന്നു. ആവിയുടെയോ വിദ്യുച്ഛക്തിയുടെയോ സഹായം കൂടാതെ അതു എത്ര വേഗത്തിലും നിരന്തരമായും ചലിച്ചുകൊണ്ടിരിക്കുന്നു. നാം വസിക്കുന്ന ഈ ഭൂമി മറ്റു ഗോളങ്ങളോടു താരതമ്യപ്പെടുത്തുമ്പോൾ ഏറെ നിസ്സാരമെങ്കിലും, ഒരു മണിക്കൂറിൽ 68000 മൈയിൽ ദൂരം സഞ്ചരിക്കുന്നുണ്ട്. എങ്കിലും നമുക്ക് ഇളക്കമോ ഞെട്ടുകമോ തട്ടാതെ വളരെ സ്നിഗ്ദ്ധതയോടുകൂടി പായുന്നതു നിമിത്തം അതിന്റെ വേഗത്തെപ്പറ്റി നാം ഒന്നും അറിയുന്നില്ല. ഭൂമിയേപ്പോലെ തന്നെ ചലിച്ചുകൊണ്ടിരിക്കുന്ന എത്രഗോളങ്ങൾ ആകാശത്തിലുണ്ടെന്ന് എണ്ണിത്തിട്ടപ്പെടുത്തുക അസാദ്ധ്യമാണ്. ഈ ഗോളങ്ങളെല്ലാം തമ്മിൽ കൂട്ടിമുട്ടാതെയും സഞ്ചാരപഥങ്ങളിൽ നിന്നു തെറ്റിമാറാതെയും എത്ര ക്രമമായി അവയുടെ ഗതിയെ തുടർന്നുകൊണ്ടിരിക്കുന്നു! ഗ്രഹങ്ങളുടെ വ്യവസ്ഥിതമായ ഈ ചലനം അവയിൽ അന്തരികമായി അടങ്ങിരിക്കുന്ന ഏതെങ്കിലും ശക്തിയിൽ നിന്നോ, പ്രതിഭാവിലാസത്തിൽ നിന്നോ ഉളവാകുന്നുവെന്ന് വാദിക്കുവാൻ ആരെങ്കിലും തുനിയുമെന്നു തോന്നുന്നില്ല. കാരണം, ഗ്രഹങ്ങൾ നിർമ്മിക്കപ്പെട്ടിരിക്കുന്നസ്തുലവസ്തുവിന് ജീവനോ ധീശക്തിയോ ഇല്ലെന്നുള്ളതു തന്നെ.


എന്നാൽ അവ, ആകർഷണം, വികർഷണം, എന്നീ പ്രകൃതിനിയമങ്ങളുടെ ശക്തിയാൽ ചലിക്കുകയും നിയന്ത്രിക്കപ്പെടുകയും ചെയ്യുന്നുവെന്നുപറഞ്ഞേക്കാം. ഇതു ശരിതന്നെ. എന്നാൽ ഈ നിയമങ്ങൾ എവിടെനിന്നുൽഭൂതമായി? നിയമം എപ്പോഴും ഒരു നിയമദാതാവിനെ അവശ്യപ്പെടുന്നു. ഈ നിയമദാതാവു് നിയമാധീനമായ വസ്തുവിനെക്കാൾ മാഹാത്മ്യമു

ള്ളവനും അതിനു മുമ്പു സ്ഥിതിചെയ്തിരുന്നവനുമായിരിക്കണം. അതിനാൽ ആകർഷണ വികർഷണനിയമങ്ങൾ മുന്നു പ്രധാന സത്യങ്ങളെ വിശദമാക്കുന്നു:—1) ഒരു നിയമകർത്താവിന്റെ അവശ്യകത 2) ഈ നിയമ കർത്താവു പ്രപഞ്ചത്തിൽനിന്നു വിഭിന്നനും അതിനെക്കാൾ മാഹാത്മ്യമുള്ളവനുമായിരിക്കണം. 3) വിശേഷാല്പത്തിക്കു മുമ്പു് ഉണ്ടായിരുന്നിരിക്കണം. ഈ ലക്ഷണങ്ങളോടുകൂടിയ നിയമദാതാവിനെ അത്രെ നാം ഈശ്വരൻ എന്നു വിളിക്കുന്നതു്.

ഇതുയും പ്രസ്താവിച്ചതിൽനിന്നു്, മനോഹരമായ ഈ ഭ്രമിയേയും ആകാശഗോളങ്ങളുടെ ചലനത്തേയും ദർശിക്കുന്ന ജ്ഞാബുദ്ധിയായ ഏതു മനുഷ്യനും ഈശ്വരാസ്തിക്യത്തിൽ വിശ്വസിക്കാതിരിപ്പാൻ നിവൃത്തിയില്ലെന്നു വിശദമാകുന്നു. കാൻറ് എന്ന മഹാശാസ്ത്രജ്ഞന്റെ വാക്കുകളിൽ ഈ ഉപന്യാസം അവസാനിപ്പിച്ചു കൊള്ളാം. "മനുഷ്യ ബുദ്ധി പ്രകൃതിയിലെ അത്ഭുതങ്ങളേയും പ്രപഞ്ചത്തിന്റെ മാഹാത്മ്യത്തേയും ഒരു നോക്കുകണ്ടാൽ തൽക്ഷണം ഉപര്യുപരി ഉയർന്നു് അത്യുന്നതനും അപരിമിതനുമായ സ്രഷ്ടാവിൽ എത്തുന്നതാണു്.....ഈശ്വരാസ്തിക്യത്തിനുള്ള ഈ തെളിവു് എപ്പോഴും ബഹുമാനപൂർവ്വം സ്വീകരിക്കപ്പെട്ടുവാൻ അർഹതയുള്ളതാകുന്നു. അതു് ഏറ്റവും പ്രാചീനവും ഏറ്റവും വ്യക്തവും മനുഷ്യബുദ്ധിക്കു് ഏറ്റവും യോജിച്ചതുമായ തെളിവാണു്."



൨. ഈശ്വരസാന്നിദ്ധ്യം



മനുഷ്യരിൽ മഹാ ഭൂരിപക്ഷവും ഈശ്വരാസ്തിക്യത്തിൽ ദൃഢവിശ്വാസമുള്ളവരാണ്. എന്നാൽ പലരും, ഈശ്വരനും മനുഷ്യനും തമ്മിലുള്ള ദൃഢബന്ധത്തെപ്പറ്റി ഗാഢമായി വിചിന്തനം ചെയ്തിരിക്കാനിടയില്ല. വായുമണ്ഡലത്തിനപ്പുറം വിദൂരമായ ഏതോ ഒരു നിഗൂഢസ്ഥലത്തിൽ മാത്രം വസിക്കുന്ന ഒരു ദിവ്യമൂർത്തി ആയിട്ടത്രെ അദ്ദേഹത്തെ പലരും കരുതിപ്പോരുന്നത്. എന്നാൽ യാഥാർത്ഥ്യം ഇതിൽ നിന്നു എത്ര വ്യത്യസ്തമാണ്. ഈശ്വരൻ ഇല്ലാത്ത ഒരു സ്ഥലവുമില്ല. അവിടുന്നു അതതു സത്തകൊണ്ടും ജ്ഞാനംകൊണ്ടും ശക്തികൊണ്ടും സർവ്വത്ര സന്നിഹിതനായിരിക്കുന്നു. നമ്മുടെധർമ്മാനുഷ്ഠാനത്തിന് ഈ ജ്ഞാനം വളരെ ഉപകരിക്കുന്നതാകയാൽ ഇതെപ്പറ്റി അല്പം പര്യാലോചിക്കാം.

ഈശ്വരന്റെ പ്രവൃത്തി എവിടെ എല്ലാം ഉണ്ടോ അവിടെ എല്ലാം അദ്ദേഹം സന്നിഹിതനായിരിക്കണം. എന്തുകൊണ്ടെന്നാൽ ദൈവം നിസ്സീമമായവിധം പരിപൂർണ്ണനായിരിക്കയാൽ അദ്ദേഹത്തിന്റെ സത്തയും പ്രവൃത്തിയുംതമ്മിൽ വേർതിരിക്കപ്പെടുവാൻ വഹിയാ. എന്നാൽ ദൈവത്തിന്റെ പ്രവൃത്തിയെ നാം സർവ്വത്ര ദർശിക്കുന്നു. അതിനാൽ ആ പരമനന്മ എല്ലായിടത്തും സന്നിധാനം ചെയ്യുന്നു. അദ്ദേഹം ഇല്ലാത്ത സ്ഥലമോ വസ്തുവോ ലോകത്തിലില്ല. നക്ഷത്രനിബിഡമായ ആകാശത്തിലും അതിവിസ്തൃതങ്ങളായ മഹാസമുദ്രങ്ങളുടെ അത്യഗാധത്തിലും വിപുലമായ ഇടവിതാനത്തിലും എല്ലായിടത്തും സർവ്വശക്തൻ സന്നിഹിതനായിരിക്കുന്നു. ഈ സത്യം രാജകീയ പ്രവാചകനായ ദാവീദ് എത്ര വാഗ്വൈഭവത്തോടെ

കൂടി പ്രകാശിപ്പിച്ചിരിക്കുന്നുവെന്നു നോക്കുക. "ഓ! അത്ഭുതപ്രിയനായ ദൈവമേ! അങ്ങയിൽ നിന്നു ഞാൻ എവിടെ മാറിനിൽക്കും. അങ്ങേ കൺമുമ്പിൽ നിന്നു ഞാൻ എവിടെ ഓടി ഒളിക്കും. ഞാൻ സ്വർഗ്ഗത്തിലേക്കു കയറിയാൽ അവിടെ അങ്ങേ കാണാം. ഞാൻ പാതാളത്തിലേക്കിറങ്ങിയാൽ അവിടെയും അങ്ങുണ്ട്. ഞാൻ ചിറകുവച്ചു പറന്നു കടലിനുമീതെനിന്നാൽ അവിടെയും അങ്ങേ ശക്തി എന്നെ നടത്തുകയും രക്ഷിക്കുകയും ചെയ്യുന്നു." നാം എങ്ങോട്ടു കാലുകുത്തിയാലും അവിടെ എല്ലാം ഈശ്വരൻ ഉണ്ട്. വെള്ളത്തിൽ മുക്കി എടുത്ത പഞ്ഞിക്കള്ളിൽ ജലകണങ്ങൾ എപ്രകാരം വ്യാപിച്ചിരിക്കുന്നുവോ അപ്രകാരം നമ്മുടെ ഹൃദയാന്തർഭാഗങ്ങളിലും ഈശ്വരൻ സ്ഥിതിചെയ്യുന്നു. മത്സ്യത്തെ ജലവും പക്ഷിയെ വായുവും എന്നതിനേക്കാൾ കൂടുതലായി ഈശ്വരൻ നമ്മെ ഓരോരുത്തരേയും ആവരണം ചെയ്തിരിക്കുന്നു.

ഈശ്വരൻ അദ്ദേഹത്തിന്റെ സത്തകൊണ്ടെന്നപോലെ, ജ്ഞാനംകൊണ്ടും എല്ലായിടത്തും സന്നിഹിതനായിരിക്കുന്നു. അപരിമിതമായ ജ്ഞാനം അദ്ദേഹത്തിന്റെ അവശ്യലക്ഷണങ്ങളിൽ ഒന്നാകയാൽ, ദിവ്യ ദൃഷ്ടിയ്ക്കു യാതൊന്നും അജ്ഞാതമായിരിപ്പാൻ പാടില്ല. വർത്തമാനവും, ഭൂതവും, ഭാവിയും എല്ലാം അദ്ദേഹത്തിനു പ്രത്യക്ഷമായിരിക്കുന്നു. ആകാശത്തിലേ നക്ഷത്രങ്ങളെയും കാട്ടുകളിലേ ഇലകളെയും കടൽത്തീരത്തേ മണൽത്തരികളെയും സമുദ്രത്തിലേ ജലകണങ്ങളെയും ദൈവം എണ്ണിത്തിട്ടപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം അറിയാത്ത യാതൊരു രഹസ്യവുമില്ല. മനുഷ്യരുടെ വായിൽനിന്നു പുറപ്പെടുന്ന ഓരോ വാക്കും ഹൃദയാന്തർഭാഗത്തിൽ കുടികൊള്ളുന്ന നിഗൂഢവിചാരവും സർവ്വജ്ഞൻ ഗ്രഹിച്ചിരിക്കുന്നു. "അല്ലയോ പരമകർത്താവേ! ഞാൻ എണീക്കുന്നതും ഇരിക്കുന്നതും അങ്ങ് അറിയുന്നു. ഉന്നതത്തിൽ നിന്നുകൊണ്ട് എന്റെ വിചാരങ്ങൾ അങ്ങു ഗ്രഹിച്ചു. എന്റെ വഴികളെയും നിഗൂഢസരണികളെയും അങ്ങു പരിശോധിച്ചു. എന്റെ വൻപാവുകളെയെല്ലാം അങ്ങു നേര

ത്തെ മനസ്സിലാക്കി.....ആദിമുതൽ അവസാനംവരെയുള്ള എല്ലാറ്റിനേയും അങ്ങറിയുന്നു. അങ്ങെ ജ്ഞാനവും വിസ്മയനീയ പ്രവൃത്തികളും എന്റെ ധാരണാശക്തിയെ കവിഞ്ഞതാണ്." എന്നു് സങ്കീർത്തനകർത്താവിനോടുകൂടി നമുക്കും ഉദ്ഘോഷിക്കാം.

ഈശ്വരൻ അദ്ദേഹത്തിന്റെ സത്തയും ജ്ഞാനവും കൊണ്ടു മാത്രമല്ല, ശക്തികൊണ്ടും എല്ലായിടത്തും സന്നിഹിതനായിരിക്കുന്നു. അദ്ദേഹത്തിന്റെ സഹകരണം ക്ഷണത്തെയാതൊന്നും വിചാരിക്കുന്നതിനോ പറയുന്നതിനോ പ്രവർത്തിക്കുന്നതിനോ നമുക്കു സാധിക്കയില്ല. സാക്ഷാൽ അസ്തിക്യം തന്നെയായ ദൈവത്തിൽ നിന്നു സ്വതന്ത്രമായി നില കൊള്ളുവാൻ നമുക്കു കഴിയുന്നതല്ല. നമ്മുടെ അസ്തിക്യം പൂർണ്ണമായും അദ്ദേഹത്തെ ആശ്രയിച്ചാണു നില്ക്കുന്നതു്. ഒരു നിമിഷത്തേക്കു ദൈവത്തെ തൃക്കരങ്ങൾ നമ്മിൽ നിന്നു പിൻവലിക്കുന്നതായാൽ നാം ശൂന്യാവസ്ഥയെ പ്രാപിക്കും. ജീവികൾക്കു വായുവും മത്സ്യത്തിനു ജലവും എന്നതിനെക്കാൾ ഈശ്വരൻ നമ്മുടെ ആയുസ്സിന്റെ നിലനില്പിനാവശ്യമാണ്. ഇതു കുറെക്കൂടി വിശദമാക്കാം. ദൈവം മനുഷ്യനെ സൃഷ്ടിക്കുന്നതു് ഒരു ശില്പി കൊത്തുരൂപം നിർമ്മിക്കുന്നതു പോലെയല്ല. പ്രതിമയുടെ നിർമ്മാണത്തിൽ ശില്പിക്കു വളരെ ക്ലേശം സഹിക്കേണ്ടതുണ്ട്. എന്നാൽ പണിപൂർത്തിയായാൽ പിന്നെ ഒന്നും ചെയ്യേണ്ടതില്ല. ഒരു സഹായവും കൂടാതെ അതു താനേ നിലനിന്നുകൊള്ളും. കാരണം ശില്പി അസ്തിക്യം ഉള്ള ഒന്നിനു രൂപഭേദം വരുത്തുക മാത്രമെ ചെയ്യുന്നുള്ളു. അസ്തിക്യത്തെ കൊടുക്കുന്നില്ല. ഈശ്വരനോ എന്നാൽ ഈ വിധമുള്ള ഒരു ശില്പി അല്ല. എല്ലാറ്റിനും ഉള്ളായ്മയെ പ്രദാനംചെയ്തിരിക്കുന്നതു് അദ്ദേഹത്തിന്റെ അനന്തശക്തിയാണ്. ഈ അനന്തശക്തിയാണ് അതിനെ നിലനിർത്തിക്കൊണ്ടുപോരുന്നതും. ഈശ്വരൻ ഏതെങ്കിലും ഒന്നിനെ സൃഷ്ടിച്ചശേഷം അതു നിലനില്ക്കണമെങ്കിൽ തന്റെ ശക്തിയാൽ അതിനെ താങ്ങിനിർത്തേണ്ടിയിരിക്കുന്നു. സകലത്തേയും താങ്ങിക്കൊണ്ടു നില്ക്കുന്ന ദിവ്യകരങ്ങളെ പിൻവലിക്ക

ന്നതായാൽ, ഒരു വസ്തുവിന്റെ നിഴൽ ആ വസ്തുവിന്റെ അഭാവത്തിൽ ഇല്ലാതെയായിത്തീരുന്നതുപോലെയും, മായാദീപപ്രദർശനത്തിൽ നാം കാണുന്ന ചിത്രങ്ങൾ ആ ദീപം അണയുമ്പോൾ അപ്രത്യക്ഷമാകുന്നതുപോലെയും ഈ പ്രപഞ്ചവും അതിലുള്ള സകല ജീവജാലങ്ങളും ഇല്ലായ് മയായിത്തീരുന്നതാണ്. നാം ഓരോരുത്തരും ശൂന്യാവസ്ഥയിലേക്കു പിന്തിരിയാതെ സംരക്ഷിച്ചുകൊണ്ടിരിക്കുന്നതു് ഈശ്വരന്റെ അപരിമേയമായ ശക്തിയത്രെ.

ഈശ്വരസാന്നിദ്ധ്യത്തെപ്പറ്റിയുള്ള വിചാരംപോലെ നമ്മെ കർത്തവ്യകർമ്മാനുഷ്ഠാനത്തിൽ ഔൽസുക്യവും സന്മാർഗ്ഗനിഷ്ഠയുമുള്ളവരാക്കിത്തിക്കുന്നതിനുപകരിക്കുന്ന ചിന്ത മറ്റില്ലെന്നു തീർത്തു പറയാം. നാം എവിടെ ആയാലും ഈശ്വരസന്നിധിയിൽ സ്ഥിതിചെയ്യുന്നുവെന്നും, നമ്മുടെ സകല പ്രവൃത്തികളും ഉള്ളിൽ ഒളിഞ്ഞു കിടക്കുന്ന വിചാരങ്ങൾ പോലും അദ്ദേഹം അറിയുന്നുവെന്നും നമ്മുടെ സർവ്വശക്തികളുടേയും ഉല്പത്തിസ്ഥാനം അദ്ദേഹമാണെന്നുമുള്ള വാസ്തവം ഒരുവനിൽ ദൃഢമൂലമായിത്തീരുമ്പോൾ, പാപകർമ്മങ്ങളിൽ നിന്നൊഴിഞ്ഞുമാറുന്നതിനും ദൈവത്തെ സർവ്വാത്മനാ സ്നേഹിക്കുന്നതിനും അതു പ്രേരകമായി ഭവിക്കുന്നതാണ്. മഹാപാപികൾപോലും മഹത്തുക്കളുടെ മുൻപിൽവച്ചു് പാപകർമ്മങ്ങൾ പ്രവർത്തിക്കുന്നതിനു മടിയുള്ളവരായി കാണപ്പെടുന്നു. എന്നാൽ ഈശ്വരന്റെ മുമ്പിൽ അതേ കൃത്യങ്ങൾ തന്നെ ചെയ്യുന്നതിനു് അവർക്കൊരു ക്ലേശലുമില്ല. ഇതു് ഈശ്വരസാന്നിദ്ധ്യത്തെപ്പറ്റിയുള്ള ചിന്തയുടെ അഭാവം ഹേതുവാവല്ലയോ? ഈ ചിന്ത അവരിൽ സജീവമായി പ്രവർത്തിച്ചിരുന്നുവെങ്കിൽ "ഒരു കൃത്യം മനുഷ്യരിൽനിന്നു മാത്രം മറഞ്ഞിരിക്കുന്നതുകൊണ്ടുള്ള പ്രയോജനമെന്ത്?" ദൈവത്തിൽനിന്നു യാതൊന്നും മറഞ്ഞിരിക്കുന്നില്ല. അദ്ദേഹം നമ്മുടെ ഹൃദയത്തിൽ സന്നിഹിതനായിരിക്കയും നമ്മുടെ അതിസൂക്ഷ്മവിചാരങ്ങളെപ്പോലും ഗ്രഹിക്കയും ചെയ്യുന്നു" എന്നു് മഹാതാപികനായ സെനക്കായോടുകൂടി അവരും പറയുമായിരുന്നു.

൧൨. ഈശ്വരപരിപാലനം.

ഈശ്വരൻ ഉണ്ടെന്നു സമ്മതിക്കുന്നവർ എല്ലാവരും ഈശ്വരപരിപാലനയിൽ വിശ്വസിക്കേണ്ടിയിരിക്കുന്നു. സൃഷ്ടികളുടെ സംരക്ഷണത്തിലും അഭ്യുദയത്തിലും യാതൊരുൽസുക്യവും പ്രദർശിപ്പിക്കാത്ത ഒരു സ്രഷ്ടാവിനെപ്പറ്റി ചിന്തിക്കുപോലും അസാദ്ധ്യമാണ്. മനുഷ്യർ, അവർ വളർത്തുന്ന മൃഗങ്ങളുടെ കാര്യത്തിൽപ്പോലും ശ്രദ്ധാലുക്കളായിരിക്കെ, ഈശ്വരൻ തന്റെ സൃഷ്ടികളിൽ ഒരു ശ്രദ്ധയും പ്രദർശിപ്പിക്കാതിരിക്കുന്നതെങ്ങനെ? ദൈവികശക്തിയാൽ നിർമ്മിക്കപ്പെട്ട സകലതും ദൈവികജ്ഞാനത്താൽത്തന്നെ ഭരിക്കപ്പെട്ടു വരുന്നു. ഈശ്വരൻ എല്ലാ സൃഷ്ടികളുടേയും അഭിവൃദ്ധിയിൽ ജാഗരൂകനാണ്. അവയെപ്പറ്റിയുള്ള അന്വേഷണത്തിൽ അദ്ദേഹം ഒരിക്കലും അനാസ്ഥ പ്രദർശിപ്പിക്കുന്നില്ല. ദൈവം ഓരോ സൃഷ്ടിയേയും അതിന്റെ പ്രകൃതിക്കനുയോജ്യമായ നിയമങ്ങളാൽ നിയന്ത്രിക്കയും അന്ത്യത്തിലേക്കാനയിക്കയും ചെയ്യുന്നു.

സൃഷ്ടികളെപ്പറ്റിമാത്രമല്ല, ലോകത്തിൽ നടക്കുന്ന ഓരോ സംഭവത്തെക്കുറിച്ചും ഈശ്വരൻ ശ്രദ്ധാലുവാണ്. ജാതികളുടെയും വ്യക്തികളുടെയും നിയതിയെ നിയന്ത്രിക്കുന്നത് ദൈവഹസ്തങ്ങളത്രെ. നഭോവീഥിയിലേ താരഗണങ്ങളെമാത്രമല്ല, നമ്മുടെ തലയിലേ മുടികളെയും അദ്ദേഹം എണ്ണിത്തിട്ടപ്പെടുത്തിയിട്ടുണ്ട്. ആകാശത്തിലേ ഗ്രഹങ്ങളുടെ ഗതിമാത്രമല്ല, വായുമണ്ഡലത്തിൽ ചരിക്കുന്ന പക്ഷികളുടെ ചലനവും അദ്ദേഹം പര്യവേക്ഷണം ചെയ്യുന്നു. "സ്പാരൗസ്ഥനാ

യ പിതാവിന്റെ അനുമതിക്കുടാതെ അവയിൽ ഒന്നുപോലും നിലംപതിക്കയില്ല". ഉയർന്ന സിംഹാസനങ്ങളിലുപവിഷ്ടരായിരിക്കുന്ന ഭൂപതികളെ എന്നപോലെതന്നെ ഭൂമിയിൽ ഇഴയുന്ന പുഴുക്കളേയും അദ്ദേഹം പോറ്റുന്നു. ഈശ്വരന്റെ ശുദ്ധ പതിയാത്ത യാതൊരു സൃഷ്ടിയും, സംഭവവും, സാഹചര്യവും—അവ എത്രതന്നെ നിസ്സാരമായിരുന്നാൽപ്പോലും എങ്ങുമില്ല.

തിര്യ്ക്കുകളേയും നിർജ്ജീവവസ്തുക്കളേയും ഭരിച്ച് സംരക്ഷിക്കുന്ന ഈശ്വരൻ മനുഷ്യനെ പ്രത്യേക വാത്സല്യത്തോടുകൂടി പരിപാലിക്കുന്നതിൽ വിമുഖനാകയെന്നോ? നമ്മെ അദ്ദേഹത്തിന്റെ ഛായയിൽ സൃഷ്ടിക്കുകയും അമരമായ ഒരാത്മാവും ഈശ്വരസദൃശമായ ബുദ്ധിയും സ്വതന്ത്രമനസ്സും നമുക്കു പ്രദാനം ചെയ്യുകയും ഭൗമികസൃഷ്ടികളുടെ രാജാവായി നമ്മെ സ്ഥാപിക്കുകയും ഭാവിഷ്യജീവിതത്തിൽ അനശ്വരസൗഭാഗ്യം അനുഭവിക്കുന്നതിനു നമ്മെ നിർദ്ദേശിക്കുകയും ചെയ്ത കരുണാസിന്ധുവായ ഈശ്വരൻ നമ്മുടെ സംരക്ഷണത്തിൽ ഒരിക്കലും അജാഗ്രത പ്രദർശിപ്പിക്കുന്നതല്ല. അദ്ദേഹം പുത്രനിർവ്വിശേഷം നമ്മെ പരിപാലിച്ചുകൊണ്ടിരിക്കുന്നു.

ഒരു പിതാവിനു പുത്രന്മാരോടുള്ള സ്നേഹം എത്ര വലുതു്. മക്കളുടെ കായ്ത്തിൽ അയാൾ എത്രമാത്രം ഉൽക്കണ്ഠയുള്ളവനായിരിക്കുന്നു. അവരെ തീറ്റിപ്പോറ്റുന്നതിനും അവക്കു വസ്ത്രങ്ങൾ വാങ്ങിക്കുന്നതിനുമായി എത്രക്ലേശം സഹിക്കുന്നതിനും അയാൾ സന്നദ്ധനായി കാണപ്പെടുന്നു. ചൂടും തണുപ്പുമേറ്റു് വയലുകളിൽ രാപകൽ എല്ലുമുറിയെ വേലചെയ്യുന്നതിനു് അയാളെ പ്രേരിപ്പിക്കുന്നതും അവരുടെ നേർക്കുള്ള സ്നേഹം ഒന്നുമാത്രമാണു്. അവർക്കുവേണ്ടി ജീവൻപോലും ബലികഴിക്കുന്നതിനു് അയാൾ വൈമനസ്യം പ്രദർശിപ്പിക്കുന്നില്ല. വിവേകബുദ്ധിയുള്ള മനുഷ്യരിൽ മാത്രമല്ല മൃഗങ്ങളിൽ കൂടിയും പുത്രവാത്സല്യം പ്രത്യക്ഷപ്പെടുന്നുണ്ടു്. കടുവാ, കരടിമുതലായ ദുഷ്ടമൃഗങ്ങൾപോലും അവയുടെ കുട്ടികളുടെ പ്രാണരക്ഷാർത്ഥം

സജീവനെ തൃണവൽക്കരിച്ചു പ്രവർത്തിക്കുന്നതു് സാധാരണമാണല്ലോ.

സന്തതികുഞ്ഞുങ്ങളിൽ ഇതുപോലെയധികം ശ്രദ്ധ പ്രദർശിപ്പിക്കുന്ന ഭൗമികപിതാക്കന്മാർ സച്ഛ്രസ്ഥനായ പിതാവിന്റെ പ്രതിപുരുഷന്മാർ മാത്രമാണ്. അവരുടെ മാതൃകയും ആദർശവും ദൈവമാകുന്നു. ഒരച്ഛൻ മക്കളുടെ യഥാർത്ഥാഭിവൃദ്ധിയിൽ എത്രകണ്ടു് ഉൽസുകനായിരിക്കുന്നുവോ അത്രകണ്ടു് അയാൾ ദിവ്യാദർശത്തോടു സമീപിക്കുന്നു. അതിനാൽ സകലരുടെയും പിതാവായ സച്ഛക്തനിൽ ഇല്ലാത്ത ഏതെങ്കിലും സ്നേഹലക്ഷണം ഭൗമികപിതാക്കന്മാരിൽ ഉണ്ടാകുക അസാധ്യമാണ്. മൂലത്തിനില്ലാത്തഗുണം പ്രതിമയ്ക്കെങ്ങനെ ഉണ്ടാകും? ഒരു പിതാവിനു മക്കളുടെ നേർക്കുള്ള സ്നേഹം ഈശ്വരനു നമ്മോടുള്ള വാത്സല്യത്തിന്റെ ഒരു മങ്ങിയ ഛായമാത്രമെ ആകുന്നുള്ളു.

ഭൗമികപിതാക്കന്മാരിൽ പലരും അശക്തിയും, അജ്ഞതയും, അശ്രദ്ധയും നിമിത്തം മക്കൾക്കു് ജീവിതസന്ധാരണത്തിനു പറ്റിയ മാർഗ്ഗങ്ങൾ കാണാതെ, പലപ്പോഴും ക്ലേശിക്കുന്നുണ്ടു്. എന്നാൽ നമ്മുടെ സച്ഛ്രീയപിതാവാകട്ടെ, സച്ഛ്രഹണസമ്പന്നനാണു്. കഴിഞ്ഞതും നടക്കുന്നതും വരുവാനിരിക്കുന്നതുമായ സമസ്തവും പ്രത്യക്ഷമായി ദർശിക്കുന്ന അദ്ദേഹത്തിൽ അജ്ഞത എങ്ങനെ ആരോപിക്കും. ദൈവം സച്ഛക്തനാകയാൽ നമ്മുടെ ആവശ്യങ്ങൾ നിർവ്വഹിച്ചു തരുന്നതിനു വേണ്ട ശക്തി അദ്ദേഹത്തിനില്ലെന്നു പറയുവാൻ ആർക്കു സാധിക്കും? അദ്ദേഹം നമ്മെ തന്നെ ആയിരിക്കയിൽ മക്കളായ നമ്മുടെ കാര്യത്തിൽ ശ്രദ്ധപതിക്കുന്നില്ലെന്നു വിചാരിപ്പാൻ എങ്ങനെ കഴിയും? സർവ്വജ്ഞനായ അദ്ദേഹം നമ്മുടെ സകല ആവശ്യങ്ങളെയും അറിയുന്നു. സച്ഛക്തനായ ദൈവത്തിനു് അവയെ സാധിച്ചു തരുന്നതിനുവേണ്ട ത്രാണി ഉണ്ടു്. അനന്തസ്നേഹമായ അദ്ദേഹം അവയെ നൽകുന്നതിനു് അത്യാശയോടെ പാർത്തിരിക്കയും ചെയ്യുന്നു.

ഈശ്വരൻ പൈതൃകമായ ശ്രദ്ധയോടുകൂടി നമ്മെ സംരക്ഷിക്കുന്നതിനുപുറമേ, മാതൃകമായ വാത്സല്യത്തോടുകൂടി നമ്മെ സ്നേഹിക്കുകയും ചെയ്യുന്നു. "ഒരു സ്ത്രീക്ക് അവളുടെ ഉദരഫലമായ ശിശുവിനെ വിസ്മരിക്കുന്നതിന് കഴിയുമോ? അവൾ അതിനെ മറക്കുന്നതായാലും ഞാൻ നിങ്ങളെ വിസ്മരിക്കുന്നതല്ല" എന്നാണ് അദ്ദേഹം ഐസയ്യാസു ദീർഘദർശിവഴി അരുൾചെയ്തിരിക്കുന്നത്. ഇതേപ്പറ്റി സംശയിക്കേണ്ട ആവശ്യമില്ല. നമുക്കു ചുറ്റും പ്രത്യക്ഷപ്പെടുന്ന വസ്തുക്കളെ വീക്ഷിക്കുക. സച്ചിദാനന്ദസ്വരൂപനായ പിതാവിനാൽ നിർമ്മിക്കപ്പെട്ട പ്രപഞ്ചമാകുന്ന മഹാമന്ദിരത്തെ ദർശിക്കുക. അതു എത്ര ബുദ്ധിപൂർവ്വകമായ ഭരണത്തിന് അധീനമായിരിക്കുന്നു. പച്ച പുതച്ചുകിടക്കുന്ന അതിന്റെ അടിത്തറ മുതൽ നിലവണ്ണത്തോടുകൂടിയതും, കാന്തികലർന്ന വജ്രമാലകളാൽ പ്രശോഭിതവുമായ മേൽത്തട്ടുവരെയുള്ള ഭാഗങ്ങൾ എത്ര അഭിനവവും ഹൃദയസമാകർഷകവുമായ രീതിയിൽ സൃക്ഷിക്കപ്പെട്ടു വരുന്നു. അതിൽ വസിക്കുന്ന ആനമുതൽ ഏറുമ്പുവരെയും, തിമിംഗലം തുടങ്ങി "പൂമ്പോൻ"വരെയും, ഗരുഡൻതൊട്ട് കൊതുകുവരെയുമുള്ള ജീവികളെ, കരുണാനിധിയായ ഈശ്വരൻ എത്ര ശ്രദ്ധാപൂർവ്വം സംരക്ഷിച്ചുവരുന്നു. ഇവയെ എല്ലാം തീററിപോററിക്കൊണ്ടുപോകുന്നതിനു എത്രമാത്രം ഭക്ഷണപദാർത്ഥങ്ങൾവേണ്ടിയിരിക്കുന്നു. എങ്കിലും ഒരു സച്ചിദാനന്ദപിതാവേ! അങ്ങേ ഭണ്ഡാഗാരം ഒരിക്കലും ക്ഷയിക്കുന്നില്ല. അങ്ങ് എല്ലാററിനും സമൃദ്ധിയായി നൽകുന്നു. "അങ്ങു കൈ വിടുത്തി എല്ലാ ജീവജാലങ്ങളേയും അനുഗ്രഹങ്ങൾകൊണ്ട് സംപൂർണ്ണമാക്കിച്ചെയ്യുന്നു". (സങ്കീ. CXL. IV)

നമ്മുടെ താൽക്കാലികവാസത്തിനായി നിർമ്മിക്കപ്പെട്ട ഈ ഭവനത്തെപ്പറ്റി ഈശ്വരൻ ഇത്ര ശ്രദ്ധാലുവായിരിക്കുകയും നമ്മുടെ ഉപയോഗാർത്ഥം സൃഷ്ടിക്കപ്പെട്ട സംഖ്യാതീതങ്ങളായ ജീവജാലങ്ങളുടെ സംരക്ഷണത്തിൽ ഇത്ര താല്പര്യം പ്രദർശിപ്പിക്കുകയും ചെയ്യുന്നെങ്കിൽ, സച്ചിദാനന്ദരാജ്യത്തിന്റെ അവകാ

ശികളും ഭൂമിയുടെ അധികാരികളുമായി സ്ഥാപിക്കപ്പെട്ടിരിക്കുന്നതൻെറ അരുമസന്താനങ്ങളായ നമ്മുടെ കഴുത്തിൽ എങ്ങനെ ഉദാസീനനായി വർത്തിക്കും? സാക്ഷാൽ ജഗദ്ഗുരുവായ ക്രീസ്തുനാഥൻെറ മനോഹര വാക്കുകളിൽത്തന്നെ ഈ ആശയം പ്രീകാശിപ്പിക്കാം. "നിങ്ങൾ എന്തു തിന്നുമെന്നോ, എന്തുടുക്കുമെന്നോ വിചാരിച്ചു് നിങ്ങളുടെ ജീവനെക്കുറിച്ചും, ശരീരത്തെക്കുറിച്ചും ഉൽക്കണ്ഠിതരാകരുതു്. ഭക്ഷണത്തേക്കാൾ ജീവനും ഉടുപ്പിനേക്കാൾ ശരീരവും വിശേഷതയുള്ളതല്ലയോ? ആകാശത്തിലേ പക്ഷികളെ നോക്കുവിൻ, എന്തെന്നാൽ അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, അറപ്പുരയിൽ കൂട്ടിവയ്ക്കുന്നില്ല നിങ്ങളുടെ സ്വർഗ്ഗീയ പിതാവു് അവയെ പോറ്റുന്നു. നിങ്ങൾ അവയേക്കാൾ വളരെ വില കൂടിയവരല്ലയോ?"

ഹാ കഷ്ടം! മനുഷ്യൻ മാത്രം അസ്വസ്ഥചിത്തനായി വിതയ്ക്കുകയും, കൊയ്യുകയും, കളപ്പുരകളിൽ ശേഖരിക്കുകയും ചെയ്യുന്നു. അവൻ വെളുക്കുന്നതു മുതൽ ഇരുളുന്നതുവരെ അദ്ധ്വാനിച്ചിട്ടും ഭാവിയെപ്പറ്റി ചിന്താകുലനായി വർത്തിക്കുന്നു. പക്ഷികൾ നട്ടുകയോ വിളവെടുക്കുകയോ സംഭരിച്ചുവെയ്ക്കുകയോ ചെയ്യുന്നില്ല. എങ്കിലും അവ സായാഹ്നത്തിൽ സ്രഷ്ടാവിനു സ്തോത്രഗീതങ്ങൾ പാടുകയും ഭാവിയെപ്പറ്റി യാതൊരു ചിന്തയും കൂടാതെ മരക്കൊമ്പുകളിൽ ശാന്തമായി നിദ്രയടയുകയും ചെയ്യുന്നു. കഴിഞ്ഞ കാലങ്ങളിൽ അവയെ തീറ്റിയ ദിവ്യകരങ്ങൾ ഭാവിയിലും അവയെ പോറ്റുമെന്നു് വാസനാബലം കൊണ്ടു് അവ അറിയുന്നു. നമ്മുടെ ആവശ്യത്തിനും ആനന്ദത്തിനുമായി, ആകാശത്തിൽ പറക്കുന്ന പക്ഷികളെ പരിപാലിക്കുന്ന ദൈവം, സ്വർഗ്ഗീയ മന്ദിരത്തിൽ അനവരതം വാഴുവാൻ സൃഷ്ടിക്കപ്പെട്ട നമ്മെ കൂടുതലായ വാത്സല്യത്തോടുകൂടി സംരക്ഷിക്കുമെന്നുള്ളതിൽ എന്താണു സംശയം. യേശുനാഥൻ തുടർന്നു പറയുന്നു. "ഉടുപ്പിനായി നിങ്ങൾ എന്തിനു ബദ്ധപ്പെടുന്നു. വയലിലേ ലിലിപുഷ്പങ്ങൾ എങ്ങനെ വളരുന്നുവെന്നു ചിന്തിപ്പിൻ. അവ അദ്ധ്വാനിക്കുന്നില്ല; നൂൽ

ന്യൂന്നുമില്ല. എന്നാൽ സോളമൻപോലും അദ്ദേഹം എന്തു മഹിമ പ്രതാപവാനായിരുന്നിട്ടും ഇവയിൽ ഒന്നിനെപ്പോലെ കമനീയമായി വേഷമണിഞ്ഞിരുന്നില്ലയെന്നു നിങ്ങളോടു ഞാൻ പറയുന്നു. ആകയാൽ ഇന്നു ഉണ്ടായിരിക്കുന്നതും നാളെ അടുപ്പിലിടപ്പെടുന്നതുമായ വയലിലേ പുല്ലിനെ ദൈവം ഈ വിധം അലങ്കരിക്കുന്നുവെങ്കിൽ അല്പവിശ്വാസികളെ! നിങ്ങളെ എത്ര വളരെ കൂടുതലായി (അലങ്കരിക്കും)"

നമ്മുടെ അനുഭവം തന്നെ ഇതിനെ സ്ഥിരപ്പെടുത്തുന്നില്ലയോ? ജീവിതത്തിന്റെ ഓരോ അടിയും അദൃശ്യമായ ഒരു ദിവ്യ ശക്തിയാൽ നിയന്ത്രിതമായിരിക്കുന്നുവെന്ന ചിന്തയോടു കൂടിയല്ലാതെ കഴിഞ്ഞ കാലം സ്മരിക്കുന്നതിന് ആർക്കു സാധിക്കും.? നമ്മുടെ ജീവന്റെ നിലനില്പിന് ആവശ്യമായ വിഭവങ്ങൾ കൂടാതെ ഏതെങ്കിലും ഒരു ദിവസം കടന്നു പോയിട്ടുണ്ടോ? ഇന്നുവരെ നമ്മെ പരിപാലിച്ചുവന്ന ഈശ്വരൻ, ഭാവിയിലും അങ്ങനെ തന്നെ ചെയ്യുന്നതാണ്. അതേപ്പറ്റി സംശയിക്കുന്നതു വലിയ അപരാധമത്രെ. നമ്മിൽ ആരെങ്കിലും, ഒരു കുട്ടിയെ അതിയായ ശ്രദ്ധയോടെ ലാളിച്ചു വളർത്തുകയും വിദ്യ അഭ്യസിപ്പിക്കയും നമ്മുടെ സ്നേഹം മുഴുവനും അവനിൽ നിക്ഷേപിക്കയും ചെയ്തു കഴിഞ്ഞിട്ടും അവൻ നമ്മുടെ നന്മനസ്സിനെ സംശയിക്കുന്നപക്ഷം, കൃതഘ്നതാ മൂർത്തിയായി അവനെ നാം കരുതുകയില്ലയോ? അങ്ങനെയെങ്കിൽ അനന്യസാധാരണമായ വാത്സല്യത്തോടെ നമ്മെ രക്ഷിച്ചു പോരുന്ന ഈശ്വരന്റെ കാരുണ്യാതിരേകത്തെപ്പറ്റി സംശയിക്കുന്നത് എത്ര ഭീമമായ അപരാധമായിരിക്കും.

ഈശ്വര പരിപാലനയിൽ, വിശ്വാസമില്ലാത്ത ഒരു മനുഷ്യന്റെ സ്ഥിതി എത്ര ശോചനീയമാണ്. അവന്റെ വഴികൾ ഇരുളടഞ്ഞതും പരിസരം പ്രകാശരഹിതവുമാകുന്നു. അവന്റെ ഹൃദയത്തിന് യാതൊരാനന്ദവുമില്ല. എല്ലായിടത്തും ശൂന്യത മാത്രം അവൻ ദർശിക്കുന്നു. അവന് ഉള്ളിൽ യാതൊരു സമാധാനവുമില്ല. പുഷ്പങ്ങളുടെ ഭംഗി അവൻ കാണുന്നി

ല്ല. സംഗീത മാധുര്യം അവൻ ആസ്വദിക്കുന്നില്ല. നഭോ മ ണ്ഡലത്തിന്റെ മനോഹരത അവനറിയുന്നില്ല. ആകാശത്തിലും ഭൂമുഖത്തുമുള്ള സർവ്വ വിധരമണീയതകളും അവന്റെ ദൃഷ്ടി യിൽ നിന്നു മറഞ്ഞുപോയിരിക്കുന്നു. ഭ്രതകാലം അവനിൽ ഭീ തി ജനിപ്പിക്കുന്നു. വർത്തമാനകാലം അവനു ദുസ്സഹമായി ത്തോന്നുന്നു. ഭാവിയാകട്ടെ നിരാശയുടെയും നാശത്തിന്റെയും നടനരംഗമായി അവന്റെ മുമ്പാകെ പ്രത്യക്ഷപ്പെടുന്നു. ഹാ! ദയാനിധിയായ ഈശ്വരനിൽ വിശ്വാസമില്ലാത്ത മനുഷ്യ ന്റെ ദുരദൃഷ്ടം എത്ര ഭയങ്കരം! ഇങ്ങനെയുള്ള നിർഭാഗ്യർ അ ന്യരെ നിരീശ്വരത്വത്തിന്റെയും നിരാശയുടേയും അഗാധക്ല പങ്ങളിൽ നിപതിപ്പിക്കുന്നതിനു പൈശാചികമായ നിർബ ന്ധശീലത്തോടുകൂടി പ്രവർത്തിക്കുന്നതിലും ആത്മഹത്യ ചെ യ്യുന്നതിലും എന്താണു വിസ്മയം.

നേരെമറിച്ചു്, ഈശ്വര പരിപാലനയിൽ ദൃഢവി ശ്വാസമുള്ള ഒരു മനുഷ്യന്റെ ഐഹിക ജീവിതം എത്ര സൗ ഭാഗ്യ സംപൂർണ്ണമായത്? അവൻ ഒരിക്കലും ഏകാകിയും നിസ്സ ഹായനുമായി ഭവിക്കുന്നില്ല. കാരുണ്യമൂർത്തിയായ ഈശ്വരന്റെ കടാക്ഷവീക്ഷണങ്ങൾ അവനിൽ സദാ പതിഞ്ഞിരിക്കുന്നുവെന്ന വിചാരം അവനെ എപ്പോഴും സമാശ്വസിപ്പിക്കുന്നു. അമ്മയുടെ മടിയിൽക്കിടന്നു ചാടിക്കളിക്കുന്ന ഒരു കുട്ടിയെപ്പോലെ അവ ൻ ഭയവിഹീനനും പ്രസന്നവദനനുമായി സദാ വർത്തിക്കുന്നു. സങ്കടങ്ങളും കഷ്ടാരിഷ്ടതകളും കുന്നുകൂന്നായി അവന്റെ മേൽ നിപതിച്ചാലും അവൻ പരിഭ്രമിക്കുന്നില്ല.

"കർത്താവു നിന്നെശ്ശിക്ഷിച്ചാൽ—ഹൃത്താർവാടേണ്ടലേശവും
ആരെസ്നേഹിപ്പു സർവ്വേശ—നവനേകുന്നുശിക്ഷയും."

എന്നു് അവനു് നല്ലവണ്ണം അറിയാം. ലോകത്തിലെ യാതൊരു സംഭവംകൊണ്ടും അവൻ ഇളകിവശാകുന്നില്ല. പ്രതാപശ്രീപൂ ണ്ട ഒരു മഹാ സാമ്രാജ്യത്തിന്റെ അധഃപതനം മുതൽ നി സ്സാരമായ ഒരു പക്ഷിയുടെ ചലനം വരെയുള്ള സകല തും ഈശ്വരനാൽ നിയന്ത്രിതമാണെന്നു് അവനു് പൂർണ്ണ

ബോധമുണ്ട്. രാജകീയപ്രവാചകനോടുകൂടി അവനും ഇപ്രകാരം പറയാം. "കർത്താവ് എന്റെ ഇടയനാകുന്നു. പുല്ലുസമൃദ്ധിയായി വളരുന്ന മേച്ചിൽസ്ഥലങ്ങളിൽ അദ്ദേഹം എന്നെ വളർത്തി. ആശ്വാസപ്രദമായ വെള്ളത്തിലേയ്ക്ക് അദ്ദേഹം എന്നെ ആനയിച്ചു. അദ്ദേഹം തന്റെ നാമത്തെപ്രതി എന്റെ ആത്മാവിനെ ശക്തിപ്പെടുത്തുകയും നീതിയുടെ വഴികളിൽ എന്നെ നടത്തുകയും ചെയ്തു. മരണനിഴലിനിടയിൽ സഞ്ചരിച്ചാലും അനർത്ഥങ്ങളെ ഞാൻ ഭയപ്പെടുകയില്ല. എന്തുകൊണ്ടെന്നാൽ കർത്താവ് എന്നോടുകൂടിയുണ്ട്."



൪. ഈശ്വരനോട് നാം കൃതജ്ഞതയുള്ളവരായിരിക്കണം.

എല്ലാ മനുഷ്യരിലും അവശ്യം ഉണ്ടായിരിക്കേണ്ട ഒരു ഗുണമാണ് കൃതജ്ഞത. മൃഗങ്ങൾപോലും നന്ദി പ്രകടിപ്പിക്കുന്നതു സാധാരണമാണല്ലോ. ആ സ്ഥിതിക്കു വിശേഷബുദ്ധിയുള്ള മനുഷ്യൻ അവന്റെ ഉപകാരികളോടു കൃതഘ്നനായിവർത്തിക്കുന്നെങ്കിൽ അതു് ഏറ്റവും നിന്ദാർഹമായ ഒരു പ്രവൃത്തി ആയിരിക്കും.

നമുക്ക് ഏതെങ്കിലും നന്മചെയ്തിട്ടുള്ളവരോട് നന്ദി പ്രദർശിപ്പിക്കാത്തതു് നിന്ദ്യമെങ്കിൽ നമ്മുടെ സ്രഷ്ടാവും പിതാവുമായ ദൈവത്തോടു് കൃതഘ്നരായിരിക്കുന്നതു ഒട്ടും ക്ഷന്തവ്യമല്ലാത്ത മഹാപരാധം തന്നെയാണ്. "ഞാൻ മക്കളെ വളർത്തി; അവരെ ഉൽകൃഷ്ടരാക്കി; എന്നാൽ അവർ എന്നെ നിരാകരിച്ചു. കാള അതിന്റെ യജമാനനേയും കഴുത അതിന്റെ യജമാനന്റെ തൊഴുത്തിനേയും അറിയുന്നു. എങ്കിലും ഇസ്രായേൽജനം എന്നെ അറിയുന്നില്ല." എന്നതത്രെ ദൈവം ഐസയാസ് ദീർഘദർശി വഴി അരുൾചെയ്തിരിക്കുന്നതു്. ഇമ്മാതിരി കുറ്റാരോപണത്തിനു് കാരണംകൊടുക്കാതിരിപ്പാൻ നാം കരുതേണ്ടതാണ്. അതിനു പറ്റിയമാർഗ്ഗം ദൈവത്തിൽനിന്നു നമുക്കു ലഭിച്ചിരിക്കുന്ന നിരവധി അനുഗ്രഹങ്ങളെക്കുറിച്ചു ഗാഢമായി വിചിന്തനം ചെയ്യുകയത്രെ.

ദൈവമാകുന്ന നമുക്കു ജീവൻ പ്രദാനം ചെയ്തിരിക്കു

ന്നത്. ജീവന്റെ വില എത്രവലുത്. ഇല്ലായ്മയിൽനിന്ന ഉള്ളായ്മയിലേക്കുള്ള പ്രവേശം എത്ര അഭിലഷണീയം. ആകാശത്തിലേ ശുദ്ധവായു ശ്വസിക്കുന്നതിനും നഭോവീഥിയിലേ താരഗണങ്ങളെ വീക്ഷിക്കുന്നതിനും സഹജീവികളോട്ട സംസർഗ്ഗം ചെയ്യുന്നതിനും സാധിക്കുന്നത് എത്രവലിയ അനുഗ്രഹം. ജീവൻ ഏതുതരത്തിലുള്ളതായാലും വേണ്ടില്ല, അത് വളരെ വിലയേറിയ ഒന്നാണ്. വിശ്രുതന്മാരായ എല്ലാ ശാസ്ത്രജ്ഞന്മാരും പണ്ഡിതന്മാരും ഒരുമിച്ച ചേന്നാലും ഒരു ജീവിയെ നിർമ്മിക്കുന്നതിനോ, നിർജ്ജീവവസ്തുവിനെ സജീവമാക്കി ചെയ്യുന്നതിനോ സാധിക്കുന്നതല്ല. അതിനാൽ ഈശ്വരൻ നമ്മെ, ആകാശത്തിലേ പക്ഷികളോ, വനത്തിലേ മൃഗങ്ങളോ, സമുദ്രത്തിലേ മത്സ്യങ്ങളോ ആയി സൃഷ്ടിച്ചാൽത്തന്നെയും അത് വലിയ ഒരു അനുഗ്രഹമാണ്. എന്നാൽ നമ്മേ മൃഗമായി അല്ല അദ്ദേഹം സൃഷ്ടിച്ചത്; മൃഗങ്ങൾക്കുള്ള മാതിരി ജീവനല്ല നമുക്ക് നൽകിയിരിക്കുന്നത്. അദ്ദേഹം നമ്മെ മനുഷ്യരായി സൃഷ്ടിച്ചു– അങ്ങേ സാദൃശ്യത്തിൽ നമ്മേ രൂപവൽക്കരിച്ചു. "ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു" (സൃഷ്ടി. ൧. ൨൭); ഉൽകൃഷ്ടമായ ബുദ്ധിശക്തിയും സ്വതന്ത്രമായ മനസ്സും മരണമില്ലാത്ത ആത്മാവും നമുക്കു പ്രദാനം ചെയ്തു; മറെറല്ലാ സൃഷ്ടികളുടെമേലും നമുക്ക് ആധിപത്യം നൽകി. ഓ! ദൈവമേ, "അങ്ങു മനുഷ്യനെ ഓർക്കുന്നതിനു അവൻ ആരാകുന്നു. മനുഷ്യപുത്രനെ അങ്ങു സന്ദർശിക്കുന്നതിനു അവൻ എന്തുകുന്നു. അവിടുന്നു അവനെ ദൈവദൂതന്മാരെക്കാൾ അല്പംമാത്രം താണവനായി സൃഷ്ടിച്ചു. തേജസ്സും ബഹുമാനവും അവനെ അണിയിച്ചു. അങ്ങേ കരങ്ങളുടെ പ്രവൃത്തികളുടെമേൽ അവനെ അധിപനായി സ്ഥാപിച്ചു. സകലത്തേയും അവന്റെ പാദങ്ങൾക്കധീനമാക്കി– ആട്ടുകളേയും കാളകളേയും വനത്തിലെ മൃഗങ്ങളേയും ആകാശത്തിലെ പക്ഷികളേയും സമുദ്രവീഥികളിൽ സഞ്ചരിക്കുന്ന മത്സ്യങ്ങളേയും". (സങ്കീ. VIII. 5.). ആദത്തിനു ദൈവം കൊടുത്ത സാവ്തികാധികാരം നമുക്കു അവകാശ

മായി ലഭിച്ചിരിക്കുന്നു. "ഭൂമിയിൽ ചരിക്കുന്ന സകല ജീവജാലങ്ങളേയും ഭരിക്കുക" എന്നു ആദ്യമനുഷ്യനു ദൈവം നൽകിയ കല്പന അദ്ദേഹം നമ്മോടും ആവർത്തിക്കുന്നു.

ഭൂമിയിലെ സകല വസ്തുക്കളുടെമേലും നമുക്കു ദൈവം നൽകിയിരിക്കുന്ന ഈ അധികാരം നാമമാത്രമായ ഒന്നല്ല; യഥാർത്ഥമായതാണ്. നമ്മുടെ പ്രജകൾ എന്ന കണക്കെ എല്ലാ സൃഷ്ടികളും നമുക്കു രാജഭോഗം നൽകിക്കൊണ്ടിരിക്കുന്നു. നമ്മിൽനിന്നു തെറ്റിമാറുന്നതിനു അവ ശ്രമിക്കുന്നെങ്കിൽ അതു നമ്മുടെ ആധിപത്യത്തെ നിഷേധിക്കുന്നതുകൊണ്ടല്ല, നമ്മുടെ അധികാരത്തെ ഭയപ്പെടുന്നതുകൊണ്ടു മാത്രമാണ്.

ഭൂമിയും അതിലുള്ള ജീവജാലങ്ങളും നമ്മുടെ പ്രതിദിനാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനു തയ്യാറായിരിക്കുന്നു. ഒരു വയലിൽനിന്നു അപ്പത്തിനുവേണ്ടതായ ധാന്യം ലഭിക്കുന്നു; മറെറാന്നിൽനിന്നു സസ്യാദികൾ കിട്ടുന്നു. ഒരു മൃഗം മാംസം പ്രദാനം ചെയ്യുന്നു. മറെറാന്നു പാലുംവെണ്ണയും തരുന്നു. കടലുകളിലും കായലുകളിലുംനിന്ന് നമുക്കു മത്സ്യം ലഭിക്കുന്നു; ഭൂഗർഭത്തിൽനിന്ന്, ആയുധങ്ങളും ആഭരണങ്ങളും നിർമ്മിക്കുന്നതിനുള്ള ലോഹം കിട്ടുന്നു. ഒരു മൃഗം പാദരക്ഷക്കുള്ളതായ തോലും മറെറാന്നു വസ്ത്രങ്ങൾ നിർമ്മിക്കുന്നതിനുള്ള രോമവും നൽകുന്നു. പട്ടുനൂൽപുഴുക്കൾ നമുക്കുവേണ്ടി ജാഗ്രതയോടെ നൂലുനൂല്പുന്നു. തേനീച്ചകൾ സോത്സാഹം മധു ശേഖരിക്കുന്നു. പക്ഷികൾ കണ്ണഃപീയൂഷങ്ങളായ ഗാനങ്ങൾകൊണ്ടു നമ്മെ രസിപ്പിക്കുന്നു. സുഗന്ധവാഹികളായ കുസുമങ്ങൾ നമ്മേ ആനന്ദത്തിൽ നിമഗ്നരാക്കുന്നു. ശീതളമായ മന്ദമാരുതൻ നമ്മെ ഉത്സുകചിത്തരാക്കുന്നു. പ്രകൃതിദത്തമായ ഈ അനുഗ്രഹങ്ങൾക്കു പുറമെ, ആധുനികകാലത്തെ കണ്ടുപിടിത്തങ്ങളും നമ്മുടെ സുഖസൗകര്യങ്ങളെ വളരെ വർദ്ധിപ്പിച്ചിരിക്കുന്നു. വിവിധരാജ്യക്കാരാൽ സംസ്കൃതങ്ങളായ എത്ര എത്ര സാധനങ്ങളാണ് നാം അനുദിനം ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. നാം ധരിക്കുന്ന വസ്ത്രങ്ങൾ മാൻചെസ്റ്ററിലും ജപ്പാനിലും ഉണ്ടാക്കിയവയാണ്. നാം

ഭക്ഷണം കഴിക്കുന്നതിനു ഉപയോഗിക്കുന്ന പാത്രങ്ങൾ യൂറോപ്പിൽനിന്നും ചൈനയിൽനിന്നും വരുന്നവയത്രെ. ഈ നാട്ടിൽ കാണുന്ന മോട്ടോർകാറുകൾ അധികവും അമേരിക്കയിൽ പണ്ടതാണ്. എന്തിനേറെപ്പറയുന്നു, ചേതനങ്ങളും അചേതനങ്ങളുമായ സകലസൃഷ്ടികളും മനുഷ്യന്റെ സുഖത്തിനായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ മനുഷ്യരിൽപലരും ഈ ദാനങ്ങളുടെ കർത്താവിനെ സ്മരിക്കാതെയും അദ്ദേഹത്തിനു സ്തോത്രം ചെയ്യാതെയും സോല്ലാസം കാലംകഴിച്ചുകൂട്ടുന്നു.

എന്ത്? മുൻപ്രസ്താവിച്ച അനുഗ്രഹങ്ങളിൽ വലതും നമുക്കു ലബ്ധമായിരിക്കുന്നത് മഹത്തുക്കളുടെ അവിശ്രമപരിശ്രമവും അസാധാരണ ധീവിലാസവും നിമിത്തമല്ലയോ? നരകുലത്തിന്റെ അഭ്യുദയത്തിനായി അശ്രാന്തം പ്രയത്നിച്ച ആ വീരപുരുഷന്മാരെയല്ലേ നാം അതിയായി വാഴ്ത്തുകയും പുകഴ്ത്തുകയും ചെയ്യേണ്ടതു? അവരോടല്ലേ നാം എന്നെന്നും കൃതജ്ഞരായിരിക്കേണ്ടതു? ഇതു വാസ്തവംതന്നെ. ഇതു ആക്ഷേപം നിഷേധിക്കുവാൻ സാധിക്കുന്നതല്ല. എന്നാൽ, പ്രകൃതിശക്തികളെ നിയന്ത്രിക്കുന്നതിനും നമ്മുടെ നിത്യോപയോഗത്തിനു ആവശ്യകമായ സാധനങ്ങൾ നിർമ്മിക്കുന്നതിനും വേണ്ട ബുദ്ധിശക്തിയും ക്ഷമയും മനുഷ്യനു നൽകിയതു ഈശ്വരനല്ലയോ? മനുഷ്യന്റെ ബുദ്ധിശക്തിയെ നാം അഭിനന്ദിക്കുന്നെങ്കിൽ അതിന്റെ ദാതാവായ ദൈവത്തെ നാം എത്രമാത്രം സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യൽ മതിയാകും!

വിശ്വവിശ്രുതനായ മൈക്കൽ ആൻജലോയാൽ നിർമ്മിക്കപ്പെട്ട കൊത്തുരൂപങ്ങളെ ദർശിക്കുന്നവർ അദ്ദേഹം ഉപയോഗിച്ച ആയുധങ്ങളെ അല്ല ശ്ലാഘിക്കുന്നതു. പ്രശംസയും വിസ്മയവുമെല്ലാം ആ കലാവിദഗ്ദ്ധനെപ്പറ്റിയാണ്. ഇപ്രകാരം തന്നെ ഇരുപതാംനൂറ്റാണ്ടിലെ വിസ്മയാവഹങ്ങളായ കണ്ടുപിടുത്തങ്ങൾ കാണുമ്പോൾ നമ്മുടെ മനസ്സു മാനുഷധീശക്തിയെപ്പറ്റിയുള്ള വിചാരത്തിൽനിന്നു, ആ ശക്തിയുടെ ഉല്പത്തിസ്ഥാനമായ ഈശ്വരനെപ്പറ്റിയുള്ള ചിന്തയിലേയ്ക്കു ഉയ

രേണ്ടതല്ലയോ. "ഒരേസാധനത്തിൽ നിന്നു ഒരു പാത്രം ബഹുമാനത്തിനും മറെറാന്നു അവമാനത്തിനുമായി ഉണ്ടാക്കുവാൻ മൺപണിക്കാരനു കഴിവില്ലയോ?" (1. റോമാ. IX. 21) എന്നാണ് വേദവിശാരദനായ വി. പൌലോസ് ചോദിക്കുന്നത്. മനുഷ്യശരീരമാകുന്ന മണ്ണിൽ ഒരു ടാഗോറിന്റെയോ ഒരു ജെ. സി. ബോസിന്റെയോ ആത്മാവിനെ പ്രവേശിപ്പിക്കുന്നതിനു പകരം ഒരു കഴുതയുടെയോ ഒരു കുതിരയുടെയോ ജീവനെ നിക്ഷേപിക്കുന്നതിനു ദൈവത്തിനു കഴിവുള്ള സ്ഥിതിക്കു മനുഷ്യൻ അവന്റെ സാമർത്ഥ്യത്തിനും പ്രതിഭാവിലാസത്തിനും സകല ചരാചരങ്ങളുടേയും സൃഷ്ടാവും കരുണാനിധിയുമായ ദൈവത്തോടല്ലയോ കടപ്പെട്ടിരിക്കുന്നത്. "ലഭിച്ചതല്ലാതെ നിനക്ക് എന്തുണ്ട്? ലഭിച്ചതെങ്കിൽ എന്തുകൊണ്ടു ലഭിച്ചതല്ലാത്തതുപോലെ നീ പ്രശംസിക്കുന്നു" (ഉ. ക്രാന്ത. IV. 7.)

നമ്മേ ശൂന്യാവസ്ഥയിൽ നിന്ന് ഭാവാവസ്ഥയിലേക്കു കൊണ്ടുവരികയും നമുക്ക് എല്ലാ സൃഷ്ടികളുടേയും മേൽ അധികാരം തരികയും ചെയ്തതിനുമാത്രം ദൈവത്തോടു നന്ദിപ്രദർശിപ്പിച്ചാൽ പോരാ. നമ്മുടെ ജീവധാരണവും ദൈവം തന്നെയാണ് നിവ്വഹിച്ചു വരുന്നത്. നമ്മേ സൃഷ്ടിക്കുന്നതിനെന്നപോലെ തന്നെ നമ്മുടെ അസ്തിക്യത്തെ നിലനിർത്തുന്നതിനും സർവ്വശക്തനായ ഈശ്വരനു മാത്രമേ സാധിക്കുകയുള്ളൂ. ഓ! ദൈവമേ! "അവിടുന്ന് അങ്ങേ മുഖം തിരിച്ചുകളയുന്നപക്ഷം സൃഷ്ടികൾ പരിഭ്രമിക്കും: അങ്ങ് അവയുടെ ശ്വാസം എടുക്കും: അവ മരിച്ചു മണ്ണോടു ചേരുകയും ചെയ്യും" (സങ്കീ. C III. 29) എന്നു രാജകീയ പ്രവാചകനോടുകൂടി നാമും പറയേണ്ടിയിരിക്കുന്നു. സർവ്വാലംബമായ അദ്ദേഹത്തിന്റെ തൃക്കരങ്ങൾ പിൻവലിക്കുന്ന നിമിഷം നമ്മുടെ ജീവൻ നഷ്ടമാകുമെന്നു മാത്രമല്ല, നാം ശൂന്യാവസ്ഥ പ്രാപിക്കുക കൂടി ചെയ്യും. ദൈവമാകുന്ന നമ്മുടെ ജീവന്റെ ജീവൻ; നമ്മുടെ വഴികളെ പ്രകാശിപ്പിക്കുന്ന അദ്ധ്യാത്മസൂര്യനും ദൈവം തന്നെയാണ്. നമ്മുടെ ഓരോ ദിവസവും, ഓരോ ശ്വാസവും, ഹൃദയത്തിന്റെ ഓരോ സ്പന്ദനവും അദ്ദേ

ഹത്തിന്റെ ദിവ്യശക്തിയുടേയും കാരുണ്യവല്ലഭത്തിന്റേയും ഓരോ നവീനാവിഷ്കരണമാകുന്നു.

ദൈവത്തിൽ നിന്നു നേരിട്ടു ലഭിച്ചിരിക്കുന്ന നന്മകൾക്ക് നന്ദിപറയുന്നതിനു പുറമേ, അന്യർ വഴി അദ്ദേഹം നൽകുന്ന അനുഗ്രഹങ്ങൾക്കും നാം കൃതജ്ഞത പ്രദർശിപ്പിക്കേണ്ടിയിരിക്കുന്നു. നമ്മുടെ അച്ഛനമ്മമാരും, സ്നേഹിതന്മാരും, ഗുണകാംക്ഷികളും സ്വാർത്ഥിയാനങ്ങൾ നമ്മുടെ പക്കൽ എത്തിക്കുന്നതിനായി ദൈവത്താൽ നിയമിതരായ ദൂതന്മാർ മാത്രമാണ്. നമ്മോടു കരുണാപൂരസ്സരം വർത്തിക്കുന്നതിന്നിവരെ പ്രേരിപ്പിക്കുന്നതു ദൈവമാണ്. മക്കളുടെ നേർക്കുള്ള അതിവത്സലസ്നേഹം മാതാപിതാക്കളുടെ ഹൃദയങ്ങളിൽ നിക്ഷേപിച്ചതു് അദ്ദേഹമത്രേ. മഹാ വിശുദ്ധന്മാർ ഈ വസ്തുത നന്നായി ഗ്രഹിച്ചിരുന്നതിനാൽ, മനുഷ്യരിൽനിന്നു അവർക്കു ലഭിച്ചിരുന്ന സകല അനുഗ്രഹങ്ങൾക്കും ദൈവത്തിനു സ്തോത്രം ചെയ്യുന്നതിൽ സദാ ഉത്സുകരായിരുന്നു.

ദൈവം നമ്മുടെ മേൽ വർഷിച്ചിരിക്കുന്ന ആദ്ധ്യാത്മികവും ശാരീരികവുമായ നന്മകൾക്കു മാത്രമല്ല, നമുക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്കും അപമാനങ്ങൾക്കും നാം കൃതജ്ഞതപ്രദർശിപ്പിക്കേണ്ടിയിരിക്കുന്നു. സ്നേഹസംപൂർണ്ണനായ ഒരു പിതാവിനെപ്പോലെ നമ്മെ ആലിംഗനം ചെയ്യുമ്പോൾ മാത്രമല്ല, വിദഗ്ദ്ധനായ ഒരു ഭിഷഗ്വരനെപ്പോലെ വിഡ്ഢികളും സങ്കടങ്ങളും നിറഞ്ഞ പാനപാത്രം നമ്മുടെ അധരങ്ങൾക്കു നേരെ നീട്ടിത്തരുമ്പോഴും നാം ഈശ്വരനെ സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യണം. നമ്മെ ആശ്ലേഷിക്കുന്നതിനു നീട്ടുന്ന കരങ്ങളെ എന്നപോലെ തന്നെ, അടിക്കുന്നതിനു ഉയർത്തുന്ന കൈകളേയും നാം ചുംബിക്കേണ്ടിയിരിക്കുന്നു. ഇതു യുക്തിവിരുദ്ധമായി തോന്നിയേക്കാം. എന്നാൽ ഈശ്വരൻ നമ്മുടെ പിതാവാകകൊണ്ടു അദ്ദേഹം ശിക്ഷിക്കുകയോ ആശ്ലേഷിക്കുകയോ എന്തു ചെയ്യുമ്പോഴും അതു നമ്മുടെ നന്മയെ മാത്രം ലാക്കാക്കി ആണ്.

ഈശ്വരന്റെ നിരവധി അനുഗ്രഹങ്ങളേപ്പറ്റി ചി

ന്തിക്കാതെയും തന്നെറ നേക്ക കൃതജ്ഞത പ്രദശിപ്പിക്കാതെയും മൃഗങ്ങളേപ്പോലെ ജീവിതം കഴിച്ചു കൂട്ടുന്ന മനുഷ്യർ ലോകത്തിൽ ധാരാളമുണ്ട്. സുഭിക്ഷകാലത്തിൽ അവർ ആനന്ദലഹരിയാൽ ഉന്മത്തരായ അവരുടെ ഉപകാരിയെ വിസ്മരിച്ചുകളയുന്നു. ദുർഭിക്ഷകാലങ്ങളിൽ കഷ്ടാരിഷ്ടതകൾ അവരെ നിരാശാക്രൂപത്തിൽ താഴ്ത്തുകയും അവരുടെ ഹൃദയം കാഠിന്യമുള്ളതായിത്തീരുകയും ചെയ്യുന്നതു നിമിത്തം ദൈവത്തെ കൃതജ്ഞതാപൂവ്വം സ്മരിക്കപോലും ചെയ്യുന്നില്ല. ഇങ്ങനെയുള്ള സമയങ്ങളിൽ ദൈവത്തെ ശപിക്കുന്നവരും ദുർലഭമല്ല. ഇപ്രകാരമുള്ള ദൗർഭാഗ്യം നമുക്കു വരാതിരിക്കട്ടെ! സന്തോഷത്തിന്നെറയും സന്താപത്തിന്നെറയും കാലങ്ങളിൽ നമ്മുടെ അധരങ്ങൾ ഈശ്വരനെ വാഴ്ത്തട്ടെ!!

൫. ഒഴിച്ചുകൂടാത്ത വോട്ട്യം.

മനുഷ്യനെ സ്വീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ പൂർണ്ണസ്വാതന്ത്ര്യമുള്ള വല്ലക്രുട്ടങ്ങൾ ലോകത്തിലുണ്ട്. എന്നാൽ ജീവിതം അങ്ങനെയുള്ള ഒന്നല്ല. സ്വമനസാ അല്ല നാം ജനിച്ചത്. വിചാരിക്കുന്നതിനോ ത്യാജ്യഗ്രാഹ്യവിവേചനം ചെയ്യുന്നതിനോ കഴിയുന്നതിനു മുമ്പുതന്നെ നാം ജീവിക്കുന്നതിനു നിർബന്ധിതരായിപ്പോയി. അതേ, വിചാരവും ഗുണദോഷവിചിന്തനവും മറ്റും ജീവന്റെ ഫലമാണല്ലൊ. അഗ്നിക്കു പ്രകാശത്തെ പ്രദാനം ചെയ്യാതിരിക്കുന്നതിനു് എത്ര കണ്ടു സാധിക്കുമോ അത്രമാത്രമേ ആത്മായി ഭൂലോകത്തിൽ രംഗപ്രവേശം ചെയ്യുന്ന ഒരു ശിശുവിനു ജീവിതത്തെ വരിക്കാതിരിക്കുന്നതിനു കഴിവുള്ളു.

ഇതു പുത്തനായി ജനിക്കുന്ന ഒരു കുട്ടിയെക്കുറിച്ചന്നപോലെതന്നെ ലോകത്തിൽ ജീവിക്കുന്ന എല്ലാ മനുഷ്യരെക്കുറിച്ചും പറയാവുന്ന ഒരു പരമാർത്ഥമാണ്. ജീവനെ പണ്ടെ നശിപ്പിക്കുന്നതിനു നമുക്കു പാടുണ്ടായിരുന്നുവെന്നതു് വാസ്തവംതന്നെ. എന്നാൽ ഈ നിമിഷത്തിൽ നാം ജീവിക്കുന്നുവെന്നതു് നമ്മെ ആശ്രയിച്ചല്ലിരിക്കുന്നതു്. ഇതു് എഴുതുന്ന എനിക്കും വായിക്കുന്ന നിങ്ങൾക്കും ഇപ്പോൾ ജീവിക്കുന്നതിനല്ലാതെ യാതൊരു നിവൃത്തിയുമില്ല. നവീനമായി ഭൂമിയിൽ ജാതനായ ഒരു ശിശുവിനെപ്പോലെതന്നെ, ഈ നിമിഷത്തിൽ നാമും ജീവിക്കുന്നതിനു നിർബന്ധിതരാകുന്നുവെന്നതു് നിർവ്വിവാദമായ സംഗതിയത്രെ.

ജീവിക്കാതിരിക്കുന്നതിനു നമുക്കു യാതൊരു ഒഴികഴിവുമില്ലാത്തതുപോലെതന്നെ, ജീവിതത്തെ ഏതെങ്കിലും വിധം വിനിയോഗിക്കാതിരിക്കുന്നതിനും നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ, ജീവൻ ചലനത്തേയും പ്രവൃത്തിയേയും സൂചിപ്പിക്കുന്നു. അതു് ആദ്ധ്യാത്മികവും ശാരീരികവുമായ നമ്മുടെ സവ്വ്ശക്തികളുടെയും പ്രയോഗത്തെ കുറിക്കുന്നു. സ്വാർത്ഥപരമായ ഏതെങ്കിലും ഒരു ഉദ്ദേശത്തിനായി എനിക്കു ജീവിതം നയിക്കാം. ദൈവത്തേയും സ്വരാജ്യത്തേയും സേവിക്കുന്നതിനായി എനിക്കതിനെ വിനിയോഗിക്കാം, അന്യരെ ഉപദ്രവിക്കുന്നതിനും ലോകസുഖങ്ങളെ അനുഭവിക്കുന്നതിനുമായി അതിനെ ഉപയോഗിക്കുന്നതിനും എനിക്കു പാടുണ്ടു്. അലസനായിരുന്നുകൊണ്ടു് ജീവിതത്തെ ഉപയോഗശൂന്യമാക്കിത്തീർക്കുന്നതിനും എനിക്കു കഴിയും. ആത്മഹത്യകൊണ്ടു് അയുസ്സിനെത്തന്നെ നശിപ്പിക്കുന്നതിനും എനിക്കു സാധിക്കും. ഏതായാലും എന്റെ എല്ലാ പ്രവൃത്തികളിലും ഞാൻ ജീവനെ ഉപയോഗപ്പെടുത്തുന്നു. അതേ, അലസനായിരിക്കുമ്പോഴും ആത്മഹത്യ ചെയ്യുമ്പോഴും ഞാൻ ജീവനെത്തന്നെയാണു വിനിയോഗിക്കുന്നതു്. എന്തുകൊണ്ടെന്നാൽ, ജീവൻ ഇല്ലാതെ ഒരുവനു മടിയനായിരിക്കുന്നതിനോ സ്വയം നിഗ്രഹിക്കുന്നതിനോ സാധ്യമല്ല.

മനുഷ്യരെല്ലാം, അതിശീഘ്രം പായുന്ന സമയമാകുന്ന നദിയിൽക്കൂടെ ജീവിതമാകുന്ന വഞ്ചിയിൽ യാത്ര ചെയ്യുന്നവരാണു്. അവക്കു മുമ്പോട്ടു വലിച്ചുകയറാം, വലി നിർത്തി സ്വസ്ഥരായിരിക്കാം. എങ്ങനെയായാലും വള്ളം വലിച്ചുകൊണ്ടുതന്നെ ഇരിക്കും. മനുഷ്യനു സമ്മതമില്ലെങ്കിലും അയുസ്സു മുമ്പോട്ടു പാഞ്ഞുകയറിക്കൊണ്ടിരിക്കും. ഞാൻ ഈ വാചകം എഴുതുന്നതിനാരംഭിക്കുന്ന നിമിഷം അതു് എഴുതിത്തീരുമ്പോൾ കടന്നുകഴിഞ്ഞു. ആ മാത്ര ഒന്നുകിൽ ഞാൻ നന്നായി വിനിയോഗിച്ചു, അല്ലെങ്കിൽ ദുഷ്പ്രയോഗിച്ചു. രണ്ടിലൊന്നു തീർച്ചതന്നെ.

ഞാൻ ലോകത്തിൽ ജീവിക്കുന്നതിനും ജീവിതത്തെ ഏതെങ്കിലും വിധം ഉപയോഗിക്കുന്നതിനും നിർബന്ധിതനാണെങ്കിലും, അതിനെ ഏതുപ്രകാരം വിനിയോഗിക്കണമെന്നു നിശ്ചയിക്കുന്ന കാര്യത്തിൽ ഞാൻ സ്വതന്ത്രനാണ്. ജീവിതമാകുന്ന വഞ്ചിയിൽ പ്രവേശിക്കാതിരിക്കുന്നതിന് എനിക്കു നിവൃത്തിയില്ല. വഞ്ചിയെ ഒഴുക്കിക്കൊണ്ടിരിക്കുന്ന സമയമാകുന്ന നദിയുടെ പ്രവാഹത്തെ തടയുന്നതിന് എനിക്കു സാധ്യമല്ല. എന്നാൽ മുമ്പോട്ടു വലിച്ചുകയറുന്നതിനും വല്യനിത്തി സ്വസ്ഥനായിരിക്കുന്നതിനും എനിക്കു പാടുണ്ട്. വഞ്ചിയിൽനിന്നു എടുത്തു ചാടി ജീവിതം അവസാനിപ്പിക്കുന്നതിനും എനിക്കു കഴിയും. എങ്ങനെയായാലും, ഏതെങ്കിലും വിധം ജീവിതംകൊണ്ടു ഞാൻ പൊരുമാറണം. എന്നാൽ ഏതുവിധമാണ് ജീവിതത്തെ വിനിയോഗിക്കേണ്ടതു? ഏതു കാര്യമാണ് അതുകൊണ്ടു സാധിക്കേണ്ടതു? ഇതാകുന്നു സർവ്വപ്രധാനമായ പ്രശ്നം; ഇതാകുന്നു ഒഴിച്ചുകൂടാത്ത ചോദ്യം. ഇതു ഞാൻ ജീവിക്കുന്നുവോ എന്നല്ല, അതു സ്പഷ്ടമാണ്; ജീവിതത്തെ ഉപയോഗിക്കണമോ എന്നുമല്ല, അതിൽനിന്നു ഒഴിവാൻ നിവൃത്തിയില്ല; പിന്നെയോ എന്റെ ജീവിതത്തെ എങ്ങനെ വിനിയോഗിക്കണമെന്നാണ്. യാതൊരു മനുഷ്യനും ഈ പ്രശ്നത്തിൽനിന്നു രക്ഷപെടുവാൻ വഹിയാ. യാതൊരു മനുഷ്യനും ഇതിനു സമാധാനം കൊടുക്കാതെയിരിക്കുന്നതിനു നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ നാം എല്ലാവരും ജീവിക്കുന്നു; ജീവിതത്തെ ഏതെങ്കിലും വിധം വിനിയോഗിക്കുകയും ചെയ്യുന്നു.

"ജീവിതം കൊണ്ടു എന്താണ് വേണ്ടതു എന്നതിനെപ്പറ്റി ഞാൻ ഗൗനിക്കുന്നില്ല. അതേക്കുറിച്ചു ആലോചിച്ചു തല വുണ്ണാക്കുവാൻ എനിക്കു കഴികയില്ല" എന്നു പറയുന്നവനും ഈ ചോദ്യത്തിൽ നിന്നു വിമുക്തനാകുന്നില്ല. അവനും ഈ പ്രശ്നത്തിന്റെ ഉത്തരം തന്നെയാണ് നൽകുന്നതു. ഞാൻ ജീവിതത്തെ ഒരു പ്രത്യേകോദ്ദേശത്തോടുകൂടെ നയിക്കാതെ അതിനെ ഉപയോഗശൂന്യമാക്കിത്തീർക്കുവാനാണു നിശ്ചയിച്ചിരിക്കുന്ന

തു് എന്നു പറയുന്നതിനോടു തുല്യമാണു് ഈ നിഷ്കൃഷ്ട നില. "ഞാൻ ജീവിതം ഏറ്റവും ഉപകാരപ്രദമായ രീതിയിൽ നയിക്കും" എന്നു പറയുന്നവനും ഈ പ്രശ്നത്തിനു ഉത്തരം നൽകുന്നില്ല. കാരണം, ഏറ്റവും ഉപകാരപ്രദമായ ആ രീതി ഏതെന്നു തന്നെയാണു് ചോദ്യം.

അതുകൊണ്ടു് എല്ലാ മനുഷ്യരും— അപവാദമെന്യേ എല്ലാ മനുഷ്യരും— സമാധാനം നൽകേണ്ട ചോദ്യമിതാകുന്നു. ഞാൻ ജീവിതത്തെ ഏതെങ്കിലും തരത്തിൽ ഉപയോഗിക്കുന്നതിനു നിർബന്ധിതനാകകൊണ്ടും അതിനെ പലപ്രകാരത്തിൽ ഉപയോഗിക്കുന്നതിനു് എനിക്കു കഴിവുള്ളതുകൊണ്ടും ഏതുവിധമാണു് അതിനെ വിനിയോഗിക്കേണ്ടതു്? ഏതൊരു ഉൽകൃഷ്ടകായ്മാണു് അതുകൊണ്ടു ഞാൻ നേടേണ്ടതു്?

ന്യ. യാ. ഥാർത്ഥ സുഖം.

എല്ലാ മനുഷ്യരും സുഖത്തെ കാംക്ഷിക്കുന്നു. ധനവാനെന്നോ ദരിദ്രനെന്നോ ബാലനെന്നോ വൃദ്ധനെന്നോ, വിദ്വാനെന്നോ വിദ്യാവിഹീനനെന്നോ, സ്ത്രീയെന്നോ പുരുഷനെന്നോ, യാതൊരു വ്യത്യാസവും കൂടാതെ എല്ലാവരിലും ഈ ആഗ്രഹം ശക്തിമത്തായി കടന്നു കൂടിയിട്ടുണ്ട്. "എല്ലാ നിയമങ്ങൾക്കും ഒരപവാദമുണ്ട്, എന്നാൽ ഈ നിയമത്തിനൊരപവാദവുമില്ല." എന്നാണ് സുഖലാഭേച്ഛയെപ്പറ്റി മഹാനായ പാസ്കൽ പറഞ്ഞിരിക്കുന്നത്. "നാമെല്ലാവരും സൌഭാഗ്യവാന്മാരായിത്തീരുന്നതിനു് ആഗ്രഹിക്കുന്നു. നിർഭാഗ്യവാനാകുന്നതിനു ഒരുത്തനും ആഗ്രഹിക്കുന്നില്ല. അങ്ങനെ ആഗ്രഹിക്കുകപോലും അസാദ്ധ്യമത്രെ." എന്നാണ് ശാസ്ത്രപാരംഗതനായ വി. അഗസ്റ്റിന്റെ മതം. യാതൊന്നിനാലും നശിപ്പിക്കപ്പെടുവാൻ പാടില്ലാത്തവണ്ണം ഈ ആഗ്രഹം മനുഷ്യഹൃദയത്തിൽ അത്ര അഗാധമായി പതിഞ്ഞിരിക്കുന്നു. ഓരോരുത്തരുടെയും അനുഭവം തന്നെ ഇതിനു സാക്ഷിയാണല്ലൊ. ശാശ്വതവും പരിപൂർണ്ണവുമായ സൌഭാഗ്യം ലഭിക്കണമെന്നല്ലേ എല്ലാവരുടെയും അതിയായ അഭിലാഷം? മനുഷ്യൻ ജ്ഞാനം സമ്പാദിക്കുന്നതും കൃഷി, കച്ചവടം മുതലായതുകളിൽ ഏർപ്പെടുന്നതും, ദേശസഞ്ചാരം ചെയ്യുന്നതും എല്ലാം സുഖലാഭത്തെ ലാക്കാക്കിയാണ്. എന്തിനേറെപ്പറയുന്നു. മരത്തിന്റെ മുകളിൽ കെട്ടി തൊന്നൂചാകുന്ന നിർഭാഗ്യമനുഷ്യന്റെപോലും ഉദ്ദേശം ഇതു തന്നെയല്ലയൊ?

എല്ലാവരും ഇത്ര ആശയോടെ അന്വേഷിക്കുന്ന ഈ സൌഭാഗ്യം എന്തിലാണ് സ്ഥിതി ചെയ്യുന്നത്? ഇതു് ധന സമ്പാദനത്തിലാണൊ? സകല വിധ സൌഭാഗ്യ സമ്പൽസമൃദ്ധികളാൽ ആവൃതനായി ഒരു മനോഹര സൌധത്തിൽ വസിക്കുന്ന ഒരു വിശ്രുത കോടീശ്വര

നെ കാണുന്ന മാത്രയിൽ തന്നെ അയാൾ മഹാഭാഗ്യശാലി എന്ന് എല്ലാവരും സമ്മതിക്കും. ആ കുബേരന്റെ ബാഹ്യ പ്രൗഢികളെ മാത്രം നിരീക്ഷണം ചെയ്യുന്ന ഒരുവന് ഇതു ശരിയെന്നു പ്രഥമദൃഷ്ട്യാ തോന്നിയേക്കാം. എന്നാൽ അയാളുടെ അഭ്യന്തരഗതികളെപ്പറ്റി അവധാനപൂർവ്വം വിചിന്തനം ചെയ്യുന്നതായാൽ, ഈ അഭിപ്രായം വിട്ടുമാറുന്നതാണ്. ആ ധനാഢ്യന്റെ അന്തരംഗത്തിൽ തിങ്ങിവിങ്ങി സ്ഥലം പിടിച്ചിരിക്കുന്ന വികാരങ്ങൾ എത്രയോ ബഹുലം. അയാൾ ധനസമ്പാദനത്തിനും ബഹുമാനലബ്ധിക്കും ഉള്ള പോംവഴികളെ ആരാഞ്ഞറിയുന്നതിൽ ബദ്ധകങ്കണനായിരിക്കുന്നു. ശത്രുക്കളിൽ നിന്നുള്ള ഉപദ്രവങ്ങളും, ബന്ധുമിത്രാദികളിൽ നിന്നു ലഭിക്കുന്ന നിന്ദനങ്ങളും ആ ഹൃദയത്തെ വല്ലാതെ കുത്തിമുറിപ്പെടുത്തുന്നുണ്ടായിരിക്കാം. എത്രമാത്രം ആശാഭംഗങ്ങൾ ആണ് അയാളുടെ മനസ്സിനെ ഉഗ്രമായി പീഡിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഹാ! ഇതിൽനിന്നുള്ള അനുമാനം, ധനം മനുഷ്യനു ലോകത്തിൽ യഥാർത്ഥസുഖം നൽകുന്നില്ല എന്നതല്ലേ? ഒരുവനെ മരണത്തിന്റെ വായിൽ നിന്നു രക്ഷിക്കുന്നതിനാവട്ടെ, ഹൃദയത്തിൽ സ്ഥിരപ്രതിഷ്ഠാപിതമായിരിക്കുന്ന ഒരു ദുഃഖത്തെ മായിച്ചുകളയുന്നതിനാവട്ടെ ധനത്തിനു ശക്തിയില്ല. നിസ്സാരമായ ഒരു തലവേദനയെപ്പോലും ശമിപ്പിക്കുന്നതിനു ദ്രവ്യംകൊണ്ടു സാധിക്കുമോ? ഇല്ല, നിശ്ചയം.

യഥാർത്ഥസുഖം ധനത്തിൽ അല്ലെന്നു നാം കണ്ടു കഴിഞ്ഞു. എന്നാൽ ഇനി അതു ജ്ഞാനലബ്ധിയിൽ ആയിരിക്കുമോ അടങ്ങിയിരിക്കുന്നത്? ലോകത്തിൽ ദിവസ്സംഭങ്ങളായി, ഭാസ്സുരസമാനം പ്രകാശിച്ചിരുന്ന മഹാന്മാരുടെ ജീവചരിത്രസാക്ഷ്യങ്ങൾ ഈ ഊഹത്തെ അനുകൂലിക്കുന്നില്ല. ബുദ്ധിമാനായിരുന്ന സോക്രട്ടീസ് ദാരിദ്ര്യദേവതയുടെ ഉപദ്രവങ്ങൾ ധാരാളം സഹിച്ചിരുന്നു. തത്വശാസ്ത്രകോവിദനായിരുന്ന പ്ലേറോ മാതൃഭൂമിയിൽനിന്നു ബഹിഷ്കൃതനായി, വിദേശങ്ങളെ അഭയം പ്രാപിച്ചു "കണ്ണീരും കൈയുമായി" കാലം കഴിക്കേണ്ടിവന്നില്ലേ

യോ? ഗ്രീസിലെ കവികളിൽ അഗ്രേസരനായിരുന്ന ഹോമർ, വീടുകൾതോറും അലഞ്ഞു നടന്ന് ഭിക്ഷയാചിച്ചാണ് ഉപജീവനം കഴിച്ചിരുന്നത്. ആംഗ്ലേയകവികുലകുടസ്ഥനായ വില്യം ഷെയിക്സ്പിയരും ധാരാളം കഷ്ടാരിഷ്ടതകൾ സഹിക്കേണ്ടിവന്നു. എന്തിന്? ഏതു മഹാന്മാരുടെ ചരിത്രങ്ങൾ തിരഞ്ഞുനോക്കിയാലും പൂർണ്ണസൗഖ്യം അനുഭവിച്ചിട്ടുള്ള ഒരുവനെപ്പോലും കാണ്മാൻ സാധിക്കുകയില്ല. നാം സൗഭാഗ്യഹേതുവെന്നു കരുതുന്ന ജ്ഞാനംതന്നെ അവരെ നിർഭാഗ്യവാന്മാരാക്കിത്തീർത്തതായിക്കാണാം. എന്തുകൊണ്ടെന്നാൽ ഒരുവൻ ജ്ഞാനത്തിൽ ഏതു കണ്ട അഭിവൃദ്ധി പ്രാപിക്കുന്നുവോ അതു കണ്ട അതിനെ പോഷിപ്പിക്കുന്നതിനുള്ള അഭിലാഷം വർദ്ധിച്ചുകൊണ്ടിരിക്കുന്നതേയുള്ളു. "ഇപ്പോൾ ലഭിച്ചിട്ടുള്ള അറിവുമതി; ഇനി കൂടുതൽ ജ്ഞാനസമ്പാദനത്തിനു പ്രയത്നിക്കേണ്ട" എന്നു വിചാരിച്ചു തൃപ്തിപ്പെടുത്തിട്ടുള്ള മനുഷ്യൻ ലോകത്തിൽ ആരാണുള്ളത്? ജീവിതകാലം മുഴുവൻ ജ്ഞാനലബ്ധിക്കായി വിനിയോഗിച്ച മഹാബുദ്ധിശാലികൾ അന്തിമശ്വാസം വലിക്കുന്ന സമയത്തുപോലും അവർ സമ്പാദിച്ച അറിവുകൊണ്ടു തൃപ്തരാകാതെ വാവിട്ടു നിലവിളിച്ചതായി നാം അറിഞ്ഞിട്ടുണ്ടല്ലൊ. ഇങ്ങനെ ആണെങ്കിൽ ജ്ഞാനം മനുഷ്യനു സാക്ഷാത്തായ സൗഭാഗ്യത്തെ പ്രദാനം ചെയ്യുന്നുവെന്ന് എങ്ങനെ പറയും?

എന്നാൽ ഇനി ഉന്നതപദപ്രാപ്തിയിലും അധികാരപ്രവൃത്തനത്തിലുമായിരിക്കുമോ വ്യക്തിയഥാർത്ഥസുഖം അടങ്ങിയിരിക്കുന്നത്? ഒരിക്കലുമല്ല. എന്തെന്നാൽ വാസ്തവമായ ഭാഗ്യം സ്ഥാനമാനങ്ങളിലും അധികാരസിദ്ധിയിലുമായിരുന്നുവെങ്കിൽ അവ ലഭിച്ചയുടൻ മനുഷ്യൻ പൂർണ്ണസന്തോഷം അനുഭവിക്കുമായിരുന്നു. എന്നാൽ ലോകത്തിൽ ലഭിപ്പാൻ പാടുള്ള യാതൊരുന്നതസ്ഥാനംകൊണ്ടും അവൻ യഥാർത്ഥസുഖം അനുഭവിച്ചതായി നാം കാണുന്നില്ല. വീരപരാക്രമിയായ നെപ്പോളിയൻ ബോണപ്പാർട്ട് നിരവധി യുദ്ധങ്ങൾ ജയിച്ചതുകൊണ്ടോ, വിവിധങ്ങളായ പല രാജ്യങ്ങൾ പിടിച്ചടക്കിയതുകൊണ്ടോ, സംതൃ

പൂനായോ? ഇല്ല. ലോകം മുഴുവൻ അധീനമാക്കണമെന്നു കരുതി അദ്ദേഹം യുദ്ധം തുടരുകയാണ് ചെയ്തത്. ഈ അത്യാഗ്രഹത്തിന്റെ ഫലം അദ്ദേഹം നന്നായി അനുഭവിച്ചറിഞ്ഞു. ആ ധീരയോദ്ധാവ് യുദ്ധത്തിൽ പരാജിതനായി ഇംഗ്ലീഷ്കാരാൽ ബന്ധനസ്ഥനാക്കപ്പെട്ട് 'ഹെലേനാ' എന്ന ദ്വീപിലേക്കയയ്ക്കപ്പെടുകയും അവിടെ കഷ്ടാരിഷ്ടതകൾ നിറഞ്ഞ ഒരു ജീവിതം നയിച്ചു മരണം പ്രാപിക്കയും ചെയ്തില്ലയോ? ഹാ! ലോകത്തെ കിടുകിടെ വിറപ്പിച്ച വീരൻ നെപ്പോളിയന്റെ അവസാനം ഇങ്ങനെയായിരുന്നു. അതിപ്രബലന്മാരായിരുന്ന റോമാക്കാരെ "പടനിലത്തിൽ ശതകം പാടിച്ച്" ദിഗന്തപ്രശ്രുതകീർത്തിമാനായ ഹാനിബോൾ—യുദ്ധത്തിൽ കൊല്ലപ്പെട്ട രണശൂരന്മാരുടെ മോതിരങ്ങൾകൊണ്ട് മൂന്നു ബുഷെൽ (Bushel) നിറച്ചഹാനിബോൾ—സ്വജനങ്ങളാൽ നിരാകരിക്കപ്പെട്ട്, രാജ്യങ്ങൾതോറും അലഞ്ഞു നടന്ന്, ഒടുവിൽ വിഷം കുടിച്ച ആത്മഹത്യ ചെയ്തു. എണ്ണൂറിലധികം നഗരങ്ങൾ പിടിച്ചടക്കിയവനും ലക്ഷോപലക്ഷം ശത്രുക്കളുടെ രക്തത്തിൽ സ്വന്തവാളിനെ കുളിപ്പിച്ചവനുമായ ജൂലിയസ്സ് സീസർ, അദ്ദേഹത്തിന്റെ ഔന്നത്യത്തിനു നിദാനമായ റോമൻ സെനറ്റിൽവെച്ചു തന്നെ ഒരാപൂമിത്രത്താൽ വധിക്കപ്പെട്ടു. ലോകചരിത്രത്തിൽ ഗണ്യമായ സ്ഥാനം അർഹിച്ചിരുന്നവരും, ഉയർന്ന പദവികളെ അലങ്കരിച്ചിരുന്നവരുമായ മഹാന്മാരുടെ അനുഭവം ഇപ്രകാരമായിരുന്നുവെങ്കിൽ, ഉന്നതസ്ഥാനങ്ങൾകൊണ്ടും അധികാരപ്രാവത്തനം കൊണ്ടും മനുഷ്യനു ശാശ്വതമായ സുഖം ലഭിക്കുക ശക്യമോ?

മനുഷ്യൻ സുഖപ്രദായകമെന്നു കരുതുന്ന ഓരോന്നിനെക്കുറിച്ചും എന്തിനു പ്രത്യേകം പ്രത്യേകം വിചിന്തനം ചെയ്യുന്നു. ലോകത്തിൽ ലഭിപ്പാൻ പാടുള്ള സകല സുഖങ്ങളാലും ഐശ്വര്യങ്ങളാലും ആവൃതനായിരുന്ന സോളമനു യഥാർത്ഥസൗഭാഗ്യം ഉണ്ടായോ? അദ്ദേഹം മഹത്തരങ്ങളായ പ്രവൃത്തികൾ ചെയ്തു; രമ്യങ്ങളായ ഹർമ്മ്യങ്ങൾ പണിയിച്ചു; അതിമനോഹര

ങ്ങളായ ഉദ്യാനങ്ങൾ സജ്ജീകരിച്ചു; സകല ആഗ്രഹങ്ങൾക്കും പൂർത്തിവരുത്തി. എങ്കിലും, "ഞാൻ സൂര്യന്റെ കീഴേ ശാശ്വതമായി ഒന്നും കണ്ടില്ല. മായകളുടെമായ, സർവ്വതുംമായ" എന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്.

ജ്ഞാനിയായ സോളമന്റെ ഈ വാക്യം എത്ര സാരസംപൂർണ്ണമായിരിക്കുന്നു. നാം അകലെനിന്നു നോക്കുമ്പോൾ പലതും മനോഹരവും സുഖപ്രദവും ആയി തോന്നിയേക്കാം. എന്നാൽ കൈയിൽ കിട്ടിക്കഴിയുമ്പോൾ മട്ടുമാറും. നാം അതിയായി ആഗ്രഹിച്ചിരുന്ന ആ സാധനം ലഭിച്ചതുകൊണ്ടു നമ്മുടെ സുഖകാംക്ഷയ്ക്കു യാതൊരുതിയും വരുന്നില്ല. അത് ഒന്നിനെന്നു വർദ്ധിക്കുന്നതേ ഉള്ളു. ലോകത്തിൽ അറിയപ്പെട്ടിരുന്ന സകല രാജ്യങ്ങളും പിടിച്ചടക്കിയ അലക്സാണ്ടർ ചക്രവർത്തി ഇനി കീഴടക്കുന്നതിനു ദേശങ്ങൾ ഇല്ലല്ലോ എന്നു വിചാരിച്ചു പ്രലപിച്ചതിന്റെ രഹസ്യം ഇതുതന്നെയാണ്.

ഹാ! മനുഷ്യനു ലോകത്തിൽ പരിപൂർണ്ണസുഖം അനുഭവിക്കുക സാധ്യമല്ല. ഒരുവനു ക്രാസ്സസിന്റെ ധനവും, സേനസ്സിന്റെ രാജ്യങ്ങളും, സോളമന്റെ ബുദ്ധിയും, സാംസന്റെ ശക്തിയും, ഡെമോസ്തനീസിന്റെ പ്രസംഗചാതുരിയും, സെനഫന്റെ ഭാഷാരിതയും, ഡാൻറിയുടെ കവിതാവാസനയും എന്നുവേണ്ട ലോകത്തിൽ ലഭിക്കാൻ പാടുള്ള സമസ്തവും ലഭിച്ചുവെന്നിരിക്കട്ടെ; എന്നാലും അയാൾക്കു പൂർണ്ണസൌഖ്യം കിട്ടുന്നുണ്ടോ? ഒരിക്കലുമില്ല. അവന്റെ ഏറ്റവും വലിയ വിജയങ്ങൾ കൂടി ദുഃഖസമ്മിശ്രമാകുന്നു. കാരണം, അവന്റെ സൗഭാഗ്യജീവിതം എത്ര നാളത്തേയ്ക്കു ദീർഘിക്കുമെന്നു അവനറിഞ്ഞുകൂടാ. പ്രതീക്ഷിക്കാത്ത സമയത്തു മരണം അവനെ പിടികൂട്ടും. ലോകസുഖങ്ങൾ എല്ലാം ത്യജിക്കുന്നതിനു അവൻ നിർബന്ധിതനാകും. ഈ വിചാരം മനുഷ്യന്റെ ഏറ്റവും വലിയ സന്തോഷങ്ങളെപ്പോലും മ്ലാനമാക്കി ചെയ്യുന്നില്ലയോ? "ശാശ്വതമല്ലാത്ത യാതൊരു സൗഭാഗ്യവും സൗഭാഗ്യമല്ല. ലോകസുഖങ്ങൾ ക്ഷണഭംഗുരങ്ങളാണെന്നുള്ള സൂക്ഷ്മതത്വം മനുഷ്യഹൃ

ദയത്തിൽ മൃത്തിമത്തായിരിക്കുന്നിടത്തോളം കാലം അവനെ ങ്ങനെയാണ് യഥാർത്ഥസുഖം ലഭിക്കുന്നത്?'' എന്നു സിസറോ ചോദിക്കുന്നു. ''സുഖം പ്രണയത്തിലാണെന്നു മാർക്കാന്റനിയും, മഹിമയിലാണെന്നു ബ്രൂട്ടസും മഹാരാജ്യങ്ങളുടെ സ്വാദനത്തിലാണെന്നു സീസറും വിചാരിച്ചു പക്ഷേ ആന്റനിയുടെ അനുഭവം അപമാനവും, ബ്രൂട്ടസിന്റേത് നീരസവും, സിസറിന്റേത് ക്രുതഘ്നതയും ആയിരുന്നു. എല്ലാവരും നാശത്തിൽ അകപ്പെട്ടുകയും ചെയ്തു.'

യഥാർത്ഥസൗഭാഗ്യം അനുഭവിക്കുന്നതിനുള്ള നമ്മുടെ അതിയായ ആഗ്രഹത്തിനു—അപവാദമെന്യെ, എല്ലാവരിലും ശക്തിമത്തായി കടന്നുകൂടിയിരിക്കുന്ന ഈ ആഗ്രഹത്തിന്—ശമനം വരുത്തുന്നതിന് ഇഹലോകത്തിൽ സാധിക്കയില്ലെങ്കിൽ ദൈവം എന്തിനാണ് ഈ ആഗ്രഹം നമ്മിൽ ഉല്പാദിപ്പിച്ചിരിക്കുന്നത്? നമ്മെ കബളിപ്പിക്കുന്നതിനായിരിക്കുമോ? അഥവാ, നമ്മുടെ പരാജയത്തെക്കണ്ടു സന്തോഷിക്കുന്നതിനായിരിക്കുമോ? ഒരുനാളുമല്ല. സകല സൽഗുണസംപൂർണ്ണനും നമ്മുടെ പിതാവുമായ ദൈവം ഇങ്ങനെ ചെയ്യുവെന്നു വിചാരിക്കുന്നതുപോലും മഹാ പാപമത്രെ. ദൈവം ഏതാട്ടശമായ ഒരാഗ്രഹം എല്ലാ മനുഷ്യർക്കും കൊടുത്തിരിക്കുന്ന സ്ഥിതിക്ക് ആ ആഗ്രഹനിവൃത്തി വരുത്തുന്നതിനുള്ള ഒരു മാർഗ്ഗവും നിശ്ചയമായും കരുതിയിരിക്കണം. എന്നാൽ അതു ഇഹത്തിലല്ലെങ്കിൽ (ഇഹലോകത്തിൽ ഈ ആഗ്രഹത്തിനു ശമനം വരുത്തുവാൻ സാധിക്കയില്ലെന്നു നാം കണ്ടുകഴിഞ്ഞു.) നിശ്ചയമായും അതു പരലോകത്തിലായിരിക്കണം. അതെ, മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു നശ്വരങ്ങളായ ലോകസുഖങ്ങളെ അനുഭവിക്കുന്നതിനായിട്ടല്ല. പിന്നയോ, സത്യത്തിൽ ദൈവത്തെ അഭിമുഖമായിക്കണ്ടു സന്തുഷ്ടി പ്രാപിക്കുന്നതിനും, നയനങ്ങൾ ദർശിച്ചിട്ടില്ലാത്തതും, കണ്ണുകൾ ശ്രവിച്ചിട്ടില്ലാത്തതും, വാചാമഗോചരവുമായ പരമഭാഗ്യത്തെ നിത്യമായി അനുഭവിക്കുന്നതിനുമായിട്ടാണ്. മനുഷ്യൻ ലോകത്തിനായി സൃഷ്ടിക്കപ്പെട്ടവനായിരുന്നുവെങ്കിൽ ലൌകി

കവസ്തുക്കൾ അവന്റെ അനുഗ്രഹങ്ങളെ നിവ്വഹിക്കുന്നതിനു പ
യ്പാപുമാകുമായിരുന്നു. എന്നാൽ അവൻ നിസ്സുലവും അവസാ
നമില്ലാത്തതുമായ സച്ചിദാനന്ദത്തെ പ്രാപിക്കുന്നതിനായി സൃ
ഷ്ടിക്കപ്പെട്ടവനാകയാൽ ക്ഷണികങ്ങളായ ഇഹലോകസുഖങ്ങ
ൾക്കു അവനെ പൂർണ്ണസന്തോഷത്തിൽ ലയിപ്പിക്കുന്നതിനു സാ
ധിക്കുകയില്ല. ഇതേപ്പററി ഷെരിഡൻ എന്ന കവിവരൻ പാ
ടിയിരിക്കുന്നതു് ശ്രവിച്ചാലും.

"True happiness is not the growth of earth
The soil is fruitless if you seek it there."
"സാക്ഷാൽ ജഗത്തിൻ വിളവല്ല സൗഖ്യം.
വീക്ഷിക്കിലീ മണ്ണിലതില്ലതെല്ലും."

"ഓ ദൈവമേ! അങ്ങുന്നു് ഞങ്ങളെ അങ്ങേയ്ക്കായി സൃ
ഷ്ടിച്ചു അങ്ങയിൽ സമാശ്വസിക്കുന്നവരെ ഞങ്ങളുടെ ഹൃദയ
ങ്ങൾ അസ്വസ്ഥമായിരിക്കും." എന്നാണ് പണ്ഡിതാഗ്രേസരനാ
വി. അഗസ്റ്റിൻ പറഞ്ഞിരിക്കുന്നതു്. അതിനാൽ ഈ പരമാ
ത്മാവിനെ പ്രാപിക്കാതിരിക്കുന്നിടത്തോളം കാലം നമുക്കു യഥാർത്ഥസു
ഖം ലഭിക്കുന്നതല്ല. ഈ പരമഭാഗ്യം പ്രാപിക്കാനായി പരി
ശ്രമിക്കുന്നതാകുന്നു നമുക്കു ലോകത്തിൽ ലഭിപ്പാൻ പാടുള്ള
വയിൽ ഭാഗ്യം.



൭. മനുഷ്യ ജീവിതോദ്ദേശം.



അപരിചിതമായ ഏതെങ്കിലും ഒരു വസ്തു ദൃഷ്ടിക്കു ഗോചരിഭവിക്കുമ്പോൾ "ഇതു കൊണ്ടുള്ള പ്രയോജനമെന്ത്?" ഇതു എന്തിനായി ഉണ്ടാക്കപ്പെട്ടതാണ്?" ഇത്യാദി പ്രശ്നങ്ങളാണ് മനസ്സിൽ ആദ്യമായുദിക്കുന്നതു്. ഒന്നിനും ഉതകാത്ത ഒരു സാധനം ഉണ്ടെന്നു വിചാരിക്കുകതന്നെ സാധ്യമല്ല. കാട്ടം പടലും ഭക്ഷിച്ചു കൊണ്ടു് വനങ്ങളിൽ വസിക്കുന്ന അപരിഷ്കൃത ജനങ്ങളുടെയിടയിൽ കാണപ്പെടുന്ന അപൂർണ്ണായുധങ്ങൾപോലും ഏതോ ചില പ്രത്യേക കാര്യസിദ്ധിക്കായി നിർമ്മിക്കപ്പെട്ടവയാണ്. അതേ, വിശേഷബുദ്ധിയുള്ള മനുഷ്യൻ ഒരുദ്ദേശവും കൂടാതെ എന്തെങ്കിലും പ്രവർത്തിച്ചുവെന്നു വരുന്നതല്ല. ഉദ്ദേശരഹിതമായി പ്രവർത്തിക്കുക എന്നതു് ഒന്നാന്തരം ഭ്രാന്തിന്റെ ലക്ഷണമാണ്. അതിനാൽ സുബോധമുള്ള മനുഷ്യൻ ഒരു നാളും അങ്ങനെ ചെയ്കയില്ല എന്നുള്ളതു നിർവ്വിവാദമായ സംഗതിയത്രെ.

പരിമിതജ്ഞാനിയായ മനുഷ്യൻ നിരുദ്ദേശകമായി യാതൊന്നും പ്രവർത്തിക്കുന്നില്ലെങ്കിൽ സർവ്വജ്ഞനായ—സർവ്വജ്ഞാനംതന്നെയായ—ദൈവം ഒരു നാളും അങ്ങനെ ചെയ്യിരിക്കുകയില്ലല്ലൊ. അതിനാൽ മനുഷ്യൻ ഈശ്വരസൃഷ്ടിയാണെന്നു സമ്മതിക്കുന്ന ഏവനും, അദ്ദേഹം അവനെ ഏതോ ഒരു നിശ്ചിതോദ്ദേശത്തോടെ സൃഷ്ടിച്ചുവെന്നു സശീഷ്കമ്പം സമ്മതിക്കേണ്ടിയിരിക്കുന്നു. എന്നാൽ ദൈവകല്പിതമായ ഈ ഉദ്ദേശം അഥവാ അന്ത്യം ഏതാണ്?

ഭൂരിപക്ഷം ജനങ്ങളുടെയും ജീവിതരീതിയെ സൂ

ക്ഷ്മമായി പഠിപ്പിക്കുന്നതായാൽ അവർ ലോക രംഗത്തിൽ പ്രവേശിച്ചിരിക്കുന്നത് ഭൌതികമായ ഏതോ ഉദ്ദേശസിദ്ധിക്കു മാത്രമാണെന്നു തോന്നിപ്പോകും. ചിലർ ധനസമ്പാദനാർത്ഥം ഭഗീരഥപ്രയത്നം ചെയ്യുന്നു. മറ്റുചിലർ ബഹുമാനസിദ്ധിക്കായി അക്ഷീണപരിശ്രമം കഴിക്കുന്നു. ഒരു കൂട്ടർ ജ്ഞാനലബ്ധിയെ ലാക്കാക്കി യത്നിക്കുന്നു. മറെറാരു കൂട്ടർ സുഖലാഭത്തെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്നു. ഇനിയും വേറെ ചിലർ ക്ഷണഭംഗുരമായ വിഷയസുഖാനുഭൂതിയിലാണ് ജന്മസാഫല്യമടങ്ങിയിരിക്കുന്നത് എന്നു കരുതി ഭോഗേച്ഛകളെ പരിപൂർണ്ണമായി സംതൃപ്തിപ്പെടുത്തുന്നതിൽ ബദ്ധകങ്കണരായി കാണപ്പെടുന്നു.

എന്നാൽ ഈശ്വരൻ മനുഷ്യനെ സൃഷ്ടിച്ചതു ധനസമ്പാദനത്തിനോ മറ്റു ലൗകികോദ്ദേശങ്ങൾക്കോ മാത്രമായിരിക്കുമോ? ഒരു നാളുമല്ല. ഓരോ സൃഷ്ടിയും അതിനേക്കാൾ ഉന്നതവും മഹത്തരവുമായ ഒരു അന്ത്യത്തിനായി സൃഷ്ടിക്കപ്പെട്ടതാണ് എന്നതു് ഒരു താത്വികസിദ്ധാന്തമാകുന്നു. പ്രാപഞ്ചിക വസ്തുക്കളുടെ നിരീക്ഷണത്തിൽ നിന്നുതന്നെ ഈ അഭിപ്രായം വിശദമാക്കാം. നിർജ്ജീവവസ്തുക്കൾ സജീവവസ്തുക്കൾക്കായി സ്ഥിതിചെയ്യുന്നു. ഭൂമി, ജലം, വായു മുതലായവ സസ്യാദികളുടെ വളർച്ചയ്ക്കും പോഷണത്തിനുമായി ഉണ്ടാക്കപ്പെട്ടവയാണ്. സസ്യാദികളോ എന്നാൽ അവയേക്കാൾ മാഹാത്മ്യമേറിയ മൃഗജാലങ്ങളുടെ ആവശ്യങ്ങളെ നിർവ്വഹിക്കുന്നതിനായി നിയോഗിക്കപ്പെട്ടിരിക്കുന്നു. ധാതുവർഗ്ഗവും, സസ്യജാലവും, മൃഗഗണവും എല്ലാം നിർമ്മിക്കപ്പെട്ടിരിക്കുന്നത് അവയുടെ നാഥനായ മനുഷ്യന്റെ ഉപകാരത്തിനും പ്രയോജനത്തിനുമായിട്ടത്രെ. എന്നാൽ മനുഷ്യൻ ആർക്കായിട്ടാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്? അവനേക്കാൾ അധമമായ ഒരു സൃഷ്ടിക്കുവേണ്ടി അവൻ പാടില്ല; നിശ്ചയം. അവന്റെ നിയതി ഏതുതന്നെ ആയാലും അതു അവനേക്കാൾ (മറ്റു സൃഷ്ടികളുടെ കാര്യത്തിലെന്നപോലെ തന്നെ) ഉൽകൃഷ്ടവും ഉന്നതവുമായിരിക്കണം. എന്നാൽ മനുഷ്യനേ

ക്കാൾ ഉൽകൃഷ്ടമായ യാതൊന്നും സൂര്യനുകീഴ് ഇല്ലെന്നു മാത്രമല്ല സർവ്വ ഭൗമികവസ്തുക്കളും അവനേക്കാൾ വിലപടി താഴ്ന്നതുമാണ്. അതുകൊണ്ട് അവന്റെ നിയതി ലോകത്തിൽ അന്വേഷിക്കേണ്ട അവശ്യമില്ല.

മനുഷ്യജന്മോദ്ദേശം ധനാർജ്ജനമൊ മറ്റ് ഐഹിക വസ്തുക്കളുടെ ലബ്ധിയൊ അല്ലെന്നുള്ള തത്വം പ്രസ്പഷ്ടമാക്കുന്നതിനാണ് ഇതിനുപരി ഉദ്യമിക്കുന്നത്. ദൈവം ഏതെങ്കിലും സൃഷ്ടിയെ ഒരു പ്രത്യേക നിയതിക്കായി നിർദ്ദേശിക്കുമ്പോൾ ആ നിയതിയെ പ്രാപിക്കുന്നതിനുള്ള ശേഷിയും അതിനു പ്രദാനം ചെയ്യുന്നു. ഒന്നിനെ ഒരു പ്രത്യേകോദ്ദേശത്തോടുകൂടി നിർമ്മിക്കുകയും തദുദ്ദേശസിദ്ധിക്കുതകുന്ന ഉപകരണങ്ങൾ അതിനു നൽകാതിരിക്കുകയും ചെയ്യുക എന്നത് ഈശ്വരന്റെ അനന്തജ്ഞാനത്തിനു ചേരുന്നതല്ല. അതിനാൽ ഒരു സൃഷ്ടിക്കു പ്രാപിക്കുവാൻ അസാധ്യമായ അന്ത്യം അതിനായി ഈശ്വരനാൽ നിർദ്ദേശിക്കപ്പെട്ടതല്ലെന്നു അനിഷേധ്യമായി സിദ്ധിക്കുന്നു. ഈ അനുമാനം ഒന്നുകൂടി വിശദമാക്കാം. ദൈവം ആടിനെ വെള്ളത്തിൽ ജീവിക്കുന്നതിനോ മനുഷ്യനെ ആകാശത്തിൽ പറക്കുന്നതിനോ അല്ല സൃഷ്ടിച്ചത്. ഇതു ആരും സശിരസ്കമ്പം സമ്മതിക്കും. കാരണം ഇവയ്ക്കു ഇതിനുവേണ്ടിയ ശക്തി ഇല്ലെന്നുള്ളതുതന്നെ. ഈശ്വരൻ ആടുത്തെ ജലത്തിലും ഗരുഡനെ വായുമണ്ഡലത്തിലും ചരിക്കുന്നതിനു നിർമ്മിച്ചുവെങ്കിൽ തദനുരൂപമായ ത്രാണിയും ഈ ജീവികൾക്കു പ്രദാനം ചെയ്യുമായിരുന്നു. അതെ, മത്സ്യങ്ങൾക്കുള്ളതുപോലെ തൊങ്ങലുകളും പക്ഷികൾക്കുള്ളതുപോലെ ചിറകുകളും ഈ ജന്തുക്കൾക്കു നൽകുമായിരുന്നു. ഏതാദ്ദശാവയവങ്ങളുടെ അഭാവം ഇവയ്ക്കു നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന നിയതി ജലവാസമോ ആകാശഗമനമോ അല്ലെന്നുള്ള വാസ്തവത്തെ പ്രകടമായി പ്രകാശിപ്പിക്കുന്നു.

ഈ മൂലസിദ്ധാന്തം മൃഗങ്ങൾക്കെന്നപോലെ മനുഷ്യനും പറ്റുന്ന ഒന്നാണ്. ഈശ്വരൻ ഐഹികസുഖസമ്പാദനങ്ങൾക്കായിട്ടാണ് മനുഷ്യനെ സൃഷ്ടിച്ചതെങ്കിൽ അതിനുത

കുന്ന എല്ലാ സാമഗ്രികളും അവനു നൽകുമായിരുന്നു. സൃഷ്ടികർത്താവു ധനാർജ്ജനത്തെ മനുഷ്യജീവിതോദ്ദേശമായി കല്പിച്ചിരുന്നുവെങ്കിൽ ദ്രവ്യസമ്പാദനം എല്ലാവർക്കും സുഗമമാക്കിത്തീർക്കുമായിരുന്നു. എല്ലാവരേയും കുബേരന്മാരായി സൃഷ്ടിക്കുന്നതിനു് അദ്ദേഹം നിർബന്ധിതനാകുമായിരുന്നുവെന്നല്ല ഇവിടെ വിവക്ഷിക്കുന്നതു്: പിന്നെയോ എല്ലാവർക്കും ധനസമ്പാദനം സുസാധ്യമായിത്തീരുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനു് അദ്ദേഹം ന്യായദൃഷ്ട്യാ കടപ്പെട്ടവനാകുമായിരുന്നുവെന്നത്രെ. അതിനാൽ മനുഷ്യനു ദൈവദത്തമായ പരമാനന്ദം ധനമാണെങ്കിൽ, സമ്പന്നനായിത്തീരുന്നതിനു പരിശ്രമിക്കുന്ന ഏവനും അവന്റെ അഭിലാഷം സുലഭമായിത്തീരേണ്ടതായിരുന്നു. എന്നാൽ ചിരപരിചയവും ലോകചരിത്രവും എന്താണു തെളിയിക്കുന്നതു്? ദ്രവ്യസമ്പാദനം ഭ്രരിപക്ഷം ജനങ്ങൾക്കും നിഷേധിക്കപ്പെട്ടിരിക്കുന്നുവെന്നത്രെ. ഇതിന്റെ കാരണമെന്തു്? അവരുടെ അലസതയോ? ഒരിക്കലുമല്ല. ധനലബ്ധിക്കായി അരയുഷ്കാലം മുഴുവൻ തീവ്രയത്നം കഴിച്ചിരുന്ന എത്ര ലക്ഷോപലക്ഷം ജനങ്ങളാണ് അവരുടെ ആഗ്രഹനിവൃത്തിവരുത്തുന്നതിനു സാധിക്കാതെ ലോകരംഗത്തിൽനിന്നു തിരോധാനം ചെയ്തിട്ടുള്ളതു്? സമ്പന്നരാകുന്നതിനു അവിശ്രമപരിശ്രമം ചെയ്യുന്ന നിരവധി ജനങ്ങൾ ഇന്നും ദാരിദ്ര്യാവസ്ഥയിൽ ജീവിതം നയിക്കുന്നില്ലെ? ഇതിന്റെ ഹേതു ധനാർജ്ജനത്തിനുള്ള മാർഗ്ഗങ്ങൾ അവക്ക് നിരാകരിക്കപ്പെട്ടിരിക്കുന്നുവെന്നുതന്നെ. ആകാശകുസുമം പോലെതന്നെ! ഒരു വലിയ ജനവിഭാഗത്തിനു ദ്രവ്യസമ്പാദനവും ദുഷ്കരമാണ്.

മനുഷ്യന്റെ ജന്മോദ്ദേശം ധനസമ്പാദനമാണെങ്കിൽ ഇമ്മാതിരി പരാജയങ്ങൾ ഉണ്ടാകുകയില്ലായിരുന്നു. ദ്രവ്യം സമ്പാദിക്കുന്നതിനു വേണ്ടുന്ന എല്ലാ ഉപായങ്ങളും അവനു ലഭിക്കുമായിരുന്നു. അവന്റെ ഉപേക്ഷയും ഉദാസീനതയും ഒഴിച്ചുയാതൊന്നും ഈ ഉദ്ദേശപ്രാപ്തിക്കു വിഘാതമായി നില്ക്കുകയില്ലായിരുന്നു. അതിനാൽ ധനം സമ്പാദിക്കുന്നതിനു വളരെ

പണിപ്പെട്ടിട്ടും മനുഷ്യനു സാധിക്കുന്നില്ല എന്നു പറയുന്നതും, ധനസമ്പാദനമല്ല മനുഷ്യന്റെ നിയതി എന്നു പ്രസ്താവിക്കുന്നതും ഒന്നുതന്നെ ആണ്.

ഇനി ദ്രവ്യസമ്പാദനം എല്ലാവർക്കും സുകരമാകത്തക്കവിധം ഈശ്വരൻ നൽകി എന്നു വാദത്തിനുവേണ്ടി സമ്മതിച്ചാൽ തന്നെയും, ധനം മനുഷ്യന്റെ പരമാന്ത്യമായിരിപ്പാൻ പാടില്ല. എന്തുകൊണ്ടെന്നാൽ ഒരു ജീവിയുടെ നിയതിപ്രാപ്തി അതിനു നിവ്വികല്പമായ പരമാനന്ദത്തെ പ്രദാനം ചെയ്യണമെന്നതു് സർവ്വസമ്മതമായ ഒരു മൂലതത്വമാണു്. ധനം മനുഷ്യജീവിതോദ്ദേശ്യമായി ദൈവം കല്പിച്ചിരുന്നുവെങ്കിൽ, ഈ തത്വാനുസാരം അതിന്റെ ലബ്ധി അവനെ പൂർണ്ണമായി സമാശ്വസിപ്പിക്കുന്നതിനും അവന്റെ സകല ആഗ്രഹങ്ങൾക്കും ശമനം വരുത്തുന്നതിനും പര്യാപ്തമാകുമായിരുന്നു. എന്നാൽ അനുഭവം എന്താണു വെളിപ്പെടുത്തുന്നതു്? കോടീശ്വരന്റെ ജീവിതം സദാ സൌഭാഗ്യവും സന്തോഷവും നിറഞ്ഞതോ? ധനത്തിൽ നിന്നു ലഭിക്കുന്ന സല്പമായ ആനന്ദം അതിൽനിന്നുളവാകുന്ന നിരവധി ദുഃഖങ്ങളോടു തുലനം ചെയ്യുമ്പോൾ തീരെ നിസ്സാരമത്രെ. ദ്രവ്യം ഒരുവന്റെമേൽ എത്ര വലിയ ചുമതലകളാണു് ചുമത്തുന്നതു്. എത്ര വലിയ അനർത്ഥങ്ങളാണു് അവന്റെ തലയിൽ വലിച്ചുവയ്ക്കുന്നതു്. അതു സ്തുതിപാഠകന്മാരെ ഉല്പാദിപ്പിക്കുന്നു; അസൂയാകുക്ഷികളെ ജനിപ്പിക്കുന്നു; ഹൃദയാസ്വാസ്ഥ്യത്തെ വർദ്ധിപ്പിക്കുന്നു; കിംബഹുനാ, മനുഷ്യനെ സർവ്വത്ര ക്ഷോഭിപ്പിക്കുന്നു. ഒരുവനെ മരണത്തിന്റെ പിടിയിൽ നിന്നു മോചിക്കുന്നതിനാകട്ടെ, മനസ്സാക്ഷിയുടെ സമാധാനരാഹിത്യത്തിൽ നിന്നു രക്ഷിക്കുന്നതിനാകട്ടെ ധനത്തിനു ശക്തിയില്ല. ഒരു ഒഴിയാവ്യാധിയെ നീക്കുന്നതിനോ ഹൃദയാന്തർഭാഗത്തു കുടികൊള്ളുന്ന ദുഃഖത്തെ ഉൻമൂലനം ചെയ്യുന്നതിനോ ദ്രവ്യംകൊണ്ടു സാധിക്കുകയില്ല. നിസ്സാരമായ ഒരു തലവേദനയേപ്പോലും ശമിപ്പിക്കുന്നതിനു പണത്തിനു കഴിവില്ല. വാസ്തവം പറയുന്നതാ

യാൽ "നെറ്റിയിലെ വിയർപ്പു നിലത്തിൽ വീഴത്തക്കവണ്ണം" വയലുകളിൽ വേലചെയ്യുന്ന ഒരു കൃഷിവലൻ മണിമേടയിൽ പള്ളിക്കുറിപ്പു കൊള്ളുന്ന ഒരു ലക്ഷപ്രഭുവിനേക്കാൾ ക്രൂടതൽ സൗഭാഗ്യം അനുഭവിക്കുന്നുണ്ട്.

മനുഷ്യൻറെ ജന്മോദ്ദേശം ധനസമ്പാദനമല്ലെന്നു നാം കണ്ടുകഴിഞ്ഞു. അവൻ അത്യാശയോടുകൂടെ അന്വേഷിക്കുന്ന ഓരോന്നിനേയും പ്രത്യേകം പ്രത്യേകമെടുത്തു് അവയ്ക്കു മനുഷ്യൻറെ അന്ത്യമായിരിക്കുന്നതിനുള്ള യോഗ്യത ഇല്ലെന്നു സമർത്ഥിക്കുവാൻ ഒരുമ്പെടുന്നില്ല. അതിനു സ്ഥലവും സമയവുമനുവദിക്കയുമില്ല. മുൻ പ്രസ്താവിച്ച ലക്ഷണങ്ങൾ തികഞ്ഞ യാതൊരു വസ്തുവും ലോകത്തിൽ ഇല്ലെന്നുള്ള വലിയ ബുദ്ധുപ്പാടു ക്രൂടാതെ ആക്കും മനസ്സിലാക്കാൻ കഴിയും.

ഇനി ഇതുവരെ പ്രതിപാദിച്ച സംഗതികളെ ഒന്നുക്രൂടി സംക്ഷിപ്തമായിപ്പറയാം. നിരുദ്ദേശകമായി എന്തെങ്കിലും പ്രവർത്തിക്കുക ബുദ്ധിശാലിയുടെ ലക്ഷണമല്ല. ഈശ്വരനോ എന്നാൽ മഹാജ്ഞാനി എന്നല്ല ജ്ഞാനം തന്നെ ആണ്. അതുകൊണ്ടു അദ്ദേഹം ഒരു പ്രത്യേക നിയതിക്കായിട്ടായിരിക്കണം മനുഷ്യനെ സൃഷ്ടിച്ചതു്. ഈ നിയതി ഏതു തന്നെ ആയിരുന്നാലും അതു (ക) അവനെക്കാൾ മഹത്തരമായതും (ഖ) എല്ലാവർക്കും പ്രാപിക്കാവുന്നതും (ന) മനുഷ്യനു നിർവൃതിയെ പ്രദാനം ചെയ്യുന്നതിനു പര്യാപ്തമായതും ആയിരിക്കണം. ഇപ്രകാരമുള്ള യാതൊരു വസ്തുവും ലോകത്തിൽ കാണപ്പെടുന്നില്ല. അതിനാൽ മനുഷ്യസൃഷ്ടിയുടെ ഉദ്ദേശം ഭൌതികമായ യാതൊന്നുമല്ലെന്നു നിർവ്വിവാദമായി സിദ്ധിക്കുന്നു.

എന്നാൽ പിന്നെ എന്തിനാണു് നാം ലോകത്തിൽ ജീവിക്കുന്നതു്? സച്ചിദാനന്ദസ്വരൂപിയായ ഈശ്വരനെ പ്രാപിക്കുന്നതിനു തയ്യാറാകുന്നതിനായിട്ടത്രെ. നമ്മുടെ ജന്മോദ്ദേശം ദൈവത്തിൻറെ ജ്ഞാനത്തിലും ശക്തിയിലും, നന്മയിലും, സൌഭാഗ്യത്തിലും, നിത്യത്വത്തിലും ഭാഗഭോക്തക്കളാകുക എന്നതാണു്. നമ്മുടെ ചുറ്റിലും നാം കാണുന്ന ഖേചരങ്ങളും ഭൂചര

ങ്ങളുമായ സകല ജീവിജാലങ്ങളും നശിക്കും. മനോഹരമാ
യ ഈ ഭൂഗോളവും നഭോമണ്ഡലത്തിൽ തിളങ്ങി പ്രകാശിക്കു
ന്ന സൂര്യചന്ദ്രനക്ഷത്രാദികളും ശൂന്യാവസ്ഥയെ പ്രാപിക്കും.
എന്നാലും നമ്മുടെ ജീവിതത്തിന്—നമ്മുടെ ആത്മാവിന്റെ ജീ
വന്—അവസാനമുണ്ടാകയില്ല. അത് അനശ്വരമായിത്തന്നെ
ഇരിക്കും. അതെ, നമ്മുടെ നിയതി ഇനിയും നമുക്ക് ലഭിച്ചിട്ടി
ല്ല. സമയത്തിന്റെ അവസാനത്തിലും, നിത്യത്വത്തിന്റെ ഉ
ദയത്തിലുമാണ് നമ്മുടെ യഥാർത്ഥ ജീവിതം ആരംഭിക്കുന്നത്.
മഹോന്നതവും തോജോമയവുമായ ആ ഭവിഷ്യജീവിതത്തിനു ഒ
രുങ്ങുകയാണ് ഇഹത്തിൽ നാം അനുഷ്ഠിക്കേണ്ട പ്രധാനകർമ്മം.

ഈശ്വരപ്രാപ്തി— സർവ്വസൗഭാഗ്യസംപൂർണ്ണമായ സ്വർഗ്ഗീ
യ മന്ദിരത്തിലേ വാസം— മനുഷ്യന്റെ പരമാന്ത്യമായി വച്ചു
കൊണ്ടു നോക്കുന്നതായാൽ അതിനു മുൻ പ്രസ്താവിച്ച സകല
ലക്ഷണങ്ങളും പരിപൂർണ്ണമായിട്ടുണ്ടെന്നു നിസ്സംശയം കാണാം.
ഒന്നാമതായി ദൈവം മനുഷ്യനേക്കാൾ ഉന്നതനാണ്; പോരാ,
സമസ്ത വസ്തുക്കളേക്കാൾ അപാരമായ വിധം ഉന്നതനാണ്. ര
ണ്ടാമതായി ഈശ്വരപ്രാപ്തിക്കു വേണ്ടിയ എല്ലാ വശങ്ങളും ന
മുക്കുണ്ട്. നമ്മുടെ മനഃപൂർവ്വമായ അലസതയും അനാസ്ഥയും,
മാത്രമേ ഇതിനു ബാധകമായി നില്ക്കുന്നുള്ളു. മൂന്നാമത്, ഈശ്വ
രൻ സകല നന്മകളുടേയും ഉറവ ആയിരിക്കയാൽ മനുഷ്യ
ന്റെ എല്ലാ അഗ്രഹങ്ങൾക്കും സിദ്ധി ഉണ്ടാകയും ചെയ്യും.



S.H. SCHOLASTICATE
CHANGANACHERRY.
CHETHIPUZHAI

വ്യ. സൃഷ്ടി വൈചിത്ര്യം.

പ്രപഞ്ചത്തെ സൂക്ഷ്മാവലോകനം ചെയ്യുന്ന ഏവർക്കും അതിൽ പ്രത്യക്ഷപ്പെടുന്ന വിവിധത്വവും അസമത്വവും വിസ്മയാവഹമായിത്തോന്നുന്നതാണ്. എല്ലാവിധത്തിലും തുല്യതയുള്ള രണ്ടു സൃഷ്ടികളെ കാണുക അസംഭാവ്യമത്രെ. ആകാശത്തിലേ അസംഖ്യം നക്ഷത്രങ്ങളുടെയിടയിൽ ഒരേ വലിപ്പവും ശോഭയും ഉള്ള രണ്ടെണ്ണം ചൂണ്ടിക്കാണിക്കുക സാധ്യമല്ല. ഒരേ ആകൃതിയും അളവും ഉള്ള ഒന്നിലധികം മരങ്ങൾ ലോകത്തിലില്ല. കാട്ടിലേ ഇലകളിൽനിന്ന് എല്ലാവിധത്തിലും സാമ്യമുള്ള രണ്ടെണ്ണം തിരഞ്ഞെടുക്കുക ഉസ്സാധ്യമാണ്. കടൽത്തീരത്തിലേ മണൽത്തരികളിൽ ഒരേ രൂപമുള്ള രണ്ടെണ്ണം കണ്ടെത്തുക അസാധ്യം തന്നെ. ആണ്ടുവട്ടത്തിൽ തുല്യദൈർഘ്യമുള്ള രണ്ടു രാവോ പകലോ ഇല്ല.

പ്രകൃതിയിൽ പ്രത്യക്ഷപ്പെടുന്ന ഈ വൈചിത്ര്യം ആനന്ദത്തിന്റെ അക്ഷയമായ ഒരു ഉറവയാണ്. ഭൂമിയിലുള്ള എല്ലാ വൃക്ഷങ്ങളും ഒരേ ആകൃതിയും, ഒരേ വലിപ്പവും, ഒരേനിറവും ഉള്ളവയെന്നും ആണ്ടുവട്ടം മുഴുവൻ മഴക്കാലമെന്നും വിചാരിക്കുക. അപ്പോൾ ലോകം എത്ര മ്ലാനമായിരുന്നേനെ. അതിലേവാസം എത്ര ആനന്ദരഹിതമാകുമായിരുന്നു. എന്നാൽ അതിലേവിവിധത്വവും നാനാത്വവും നമ്മെ സന്തോഷത്തിൽ ലയിപ്പിക്കുന്നു. രാത്രി കഴിയുന്ന മാത്രയിൽ നാം പ്രഭാതത്തിനു സ്വാഗതമരുളുന്നു. മഴ അവസാനിച്ചാലുടൻ പ്രസന്നമായ വസന്തകാലം ആഗതമാകുന്നു. കാറും പിശറും കഴിഞ്ഞ് അന്തരീക്ഷം തെളിയുമ്പോൾ നമ്മുടെ ഹൃദയം ആനന്ദത്താൽ തുടിക്കുന്നു.

നിർജ്ജീവവസ്തുക്കളെവിട്ട് മനുഷ്യരുടെയിടയിൽ നോക്കുന്നതായാലും, വലുപ്പത്തിലും ആകൃതിയിലും തുല്യരായ രണ്ടു പേരെ കണ്ടുകിട്ടുകയില്ല. എവിടെ തിരക്കിയാലും ഒന്നുപോലെ ഉള്ള രണ്ടു മുഖം കാണുകയില്ല. ആകൃതിയിൽ മാത്രമല്ല പ്രകൃതിയിലും അവർതമ്മിൽ വളരെ അന്തരം ഉണ്ട്. ചിലർ പ്രസന്നവദനരെങ്കിൽ മറ്റു ചിലർ മ്ലാനമുഖരാണ്. ഒരുവൻ പ്രസരിപ്പുള്ളവനെങ്കിൽ മറ്റവൻ മന്ദഗതിക്കാരനത്രെ. ചിലരുടെ സ്വരം കുയിൽനാദംപോലെ കണ്ണാമൂതമാണ്. എന്നാൽ മറ്റുചിലരുടേതു കാക്കയുടെ പോലെ കണ്ണാരുന്തുദമത്രെ. ഒരേസ്വരമുള്ള രണ്ടുപേരെ എവിടെ അന്വേഷിച്ചാലും കണ്ടെത്തുകയില്ല. സ്റ്റാർഡിവാറിയൂസ് (Stardvaius) എന്ന പ്രസിദ്ധ സംഗീതവിദഗ്ദ്ധനു വിഭിന്നധ്വനികൾ പുറപ്പെടുവിക്കുന്ന പന്ത്രണ്ടിലധികം വീണകൾ നിർമ്മിക്കുവാൻ സാധിച്ചിട്ടില്ല. എന്നാൽ ലോകത്തിൽ എത്ര മനുഷ്യരുണ്ടോ അത്ര വിഭിന്നസ്വരങ്ങൾ നാം കേൾക്കുന്നു. ഹാ! നമ്മുടെ കണ്ണനാളങ്ങൾ എത്ര വിചിത്രം! അവയെ നിർമ്മിച്ച ആ മഹാശില്പി എത്ര വിസ്മയകരൻ!

പ്രകൃതിയിൽ പ്രത്യക്ഷപ്പെടുന്ന വൈവിധ്യത്തിൽ നിന്നു നാം എന്താണു പഠിക്കേണ്ടതു? പരിപൂർണ്ണമായ സമത്വം ലോകത്തിൽ ഉണ്ടാകുക അസാധ്യമെന്നും "എല്ലാവരും ഒരേ സ്ഥിതിയിൽ കഴിഞ്ഞുകൂടണം; ധനവാനെന്നോ ദരിദ്രനെന്നോ, ഭരണകർത്താവെന്നോ ഭരണീയനെന്നോ ഉള്ള വ്യത്യാസം ഉണ്ടാവാൻ പാടില്ല" ഇത്യാദി സ്ഥിതിസമത്വവാദികളുടെ അക്രോശങ്ങൾ നിരർത്ഥകങ്ങളെന്നുമത്രെ. ലോകത്തിൽ ഏറക്കുറച്ചിലുകൾ ഉണ്ടായിരിക്കുന്നതു സർവ്വനിയന്താവായ ഈശ്വരന്റെ അഭീഷ്ടാനുസാരമാണ് ഈ പ്രപഞ്ചം ഉണ്ടായിരിക്കുന്നിടത്തോളംകാലം അങ്ങനെതന്നെ അതായിരിക്കുകയും ചെയ്യും. എന്തുകൊണ്ടെന്നാൽ ലോകത്തിന്റെ നിലനില്പിന് ഈ വ്യത്യാസം കൂടിയേകഴിയൂ. എല്ലാ മനുഷ്യരും ഭരണകർത്താക്കളെന്നു വിചാരിക്കുക. അപ്പോളത്തെബഹളം എന്തായിരിക്കും? വല്ല കാര്യ

വും നടക്കുമോ? മനുഷ്യവംശം നശിക്കുന്നതിനു് ഇതിൽ കൂടുതൽ വല്ലതും വേണമോ? ചിലർ ഭരിക്കുകയും മറ്റുള്ളവർ അനുസരിക്കുകയും ചെയ്ക എന്നതു സമുദായത്തിന്റെ നിലനില്പിനു കൂടിയേ മതിയാവൂ. ഇതില്പാത്തിടത്തുവിപ്ലവവും സമാധാനക്കേട്ടും കേളിയാട്ടം

മനുഷ്യ ശരീരത്തിന്റെ ഘടനതന്നെ നോക്കുക. അതിൽ തല ആണു പ്രാമുഖ്യംവഹിക്കുന്നതു്. മറ്റു് അവയവങ്ങൾ എല്ലാം അതിനോടു സംഘടിതമായിരിക്കുന്നു. ബുദ്ധിയുടെ ഇരിപ്പിടമായ ശിരസ്സിന്റെ ആജ്ഞാനുസരണമാണ് അരോഗമായ ഏതു ശരീരത്തിലേയും അവയവങ്ങൾ വർത്തിക്കുന്നതു്. ഏതെങ്കിലുമൊരംഗം ശിരസ്സിന്റെ ആജ്ഞകളെ അനുവർത്തിക്കുന്നില്ലെങ്കിൽ, അതിനു് ഏതോ തകരാറു പറ്റീട്ടുണ്ടെന്നുള്ളതു തീർച്ചയാണു്.

മനുഷ്യശരീരത്തിൽ തല എന്നപോലെ ഓരോ സമുദായത്തിലും ഒരു ഭരണകർത്താവു് ആവശ്യമാണ്. ഓരോ കൂട്ടം ജനത്തിലും അഛനമ്മമാർ ആദ്ധ്യക്ഷം വഹിക്കുന്നു. അവരുടെ ആജ്ഞകളനുസരിച്ചു കുട്ടംബാംഗങ്ങൾ പ്രവർത്തിക്കുന്നു. ഓരോ രാജ്യത്തിലും രാജാവു് അഥവാ ജനപ്രതിനിധികൾ ഭരണം നടത്തുന്നു. ജനങ്ങൾ അവരുടെ കല്പനകളനുസരിക്കുന്നു. ആരെങ്കിലും ന്യായമായ അധികാരത്തിനു കീഴ്പ്പെടുവാൻ വിസമ്മതിക്കുന്നുവെങ്കിൽ അവൻ സമുദായഗാത്രത്തിലെ കേടുപാടിച്ച അവയവമാണ്.

'മനുഷ്യരെല്ലാം സമന്മാരാകുന്നു' എന്ന സിദ്ധാന്തം സർവ്വസമ്മതമായ ഒന്നല്ലയോ? ഒരുവൻ മറ്റുള്ളവരുടെ മേൽ അധികാരം നടത്തുന്നതു് ഇതിനു വിരുദ്ധമല്ലേ? എന്നൊരു വിചാരം ചിലരിൽ ഉദിച്ചേക്കാം. 'എല്ലാവരും സമന്മാരാകുന്നു' എന്നതിനേക്കാൾ തെറ്റിദ്ധരിക്കപ്പെടുന്ന ഒരു വാക്യം ഉണ്ടോ എന്നു സംശയമാണ്. ഇതിന്റെ അർത്ഥം എല്ലാമനുഷ്യർക്കും ഒരു ഒപ്പാക്കവും ഒരു വണ്ണവും ഒരു നിറവും ആണെന്നോ, ബുദ്ധിസാമർത്ഥ്യത്തിലും കർമ്മകുശലതയിലും എല്ലാവരും ഒരുപോലെയുള്ളവ

രെന്നോ അല്ല; എല്ലാവരും ഏകദൈവത്തിന്റെ മക്കളും, ഒരേ പ്രകൃതിനിയമങ്ങൾക്കും സന്മാർഗ്ഗനിബന്ധനകൾക്കും വിധേയരും, ഒരേ അന്ത്യത്തെ പ്രാപിക്കുന്നതിനു സൃഷ്ടിക്കപ്പെട്ടവരുമെന്നു മാത്രമാണ്. ധനവാനെന്നും ദരിദ്രനെന്നും ബലവാനെന്നും ബലഹീനനെന്നും ധിഷണാശക്തിയുള്ളവനെന്നും ഇല്ലാത്തവനെന്നും ഉള്ള വ്യത്യാസത്തെ ഈ സിദ്ധാന്തം നിഷേധിക്കുന്നില്ല. ഇങ്ങനെയുള്ള വ്യത്യാസം ലോകത്തിന്റെ പുരോഗമനത്തിനായി ഈശ്വരനാൽ അനുവദിക്കപ്പെട്ടിട്ടുള്ളതത്രെ. കടലിലേ തിരമാലകളെ ഇല്ലാതെയാക്കുന്നതിനോ ഗംഗാനദിയുടെ ഗതിയെ അതിന്റെ ഉത്ഭവസ്ഥാനത്തേയ്ക്കു തിരിക്കുന്നതിനോ ഉള്ള ശ്രമമാണ് സമുദായത്തിൽ സവ്വപ്രകാരേണയുമുള്ള സമത്വം സംസ്ഥാപിക്കുന്നതിനുള്ള സംരംഭത്തേക്കാൾ ബുദ്ധിപൂർവ്വകമായിട്ടുള്ളതു്.

പരിപൂർണ്ണമായ സമത്വം സംസ്ഥാപിക്കുന്നതിനെന്നുള്ള നാട്യേന ജനങ്ങളുടെയിടയിൽ അസ്വസ്ഥതയുടേയും അസംതൃപ്തിയുടേയും വിത്തുകൾ വാരിവിതക്കുന്ന ഒരുവക പ്രമാണികളാണ് സാക്ഷാൽ സമുദായദ്രോഹികൾ. പാവങ്ങളുടേയും ക്രമവേലക്കാരുടേയും കഷ്ടാവസ്ഥയ്ക്കു ധനവാന്മാരാണു കാരണക്കാരെന്നും അവരെയെല്ലാം തല്ലിയുടച്ചു പരിപൂർണ്ണമായ സമത്വം സ്ഥാപിക്കുന്നതായാൽ എല്ലാവർക്കും സൗഭാഗ്യം കൈവരുമെന്നും ലോകംതന്നെ ഒരു പറുദീസായായി രൂപാന്തരപ്പെടുമെന്നും മറ്റും ഉള്ള അബദ്ധസംപൂർണ്ണങ്ങളായ സിദ്ധാന്തങ്ങൾ അവർ ജനതാമദ്ധ്യത്തിൽ പരത്തുന്നു. ഒരുവനും തനതായി ഒന്നുമുണ്ടായിരിക്കുവാൻ പാടില്ലെന്നും എല്ലാം പൊതുമുതലായിരിക്കണമെന്നും അവർ വാദിക്കുന്നു. സമുദായത്തിന്റെ അസ്ഥിവാരത്തെ കിളച്ചുമറിക്കുന്നതും അഭിവൃദ്ധിക്കുള്ള വ്യക്തിപരമായ എല്ലാപരിശ്രമങ്ങളേയും കുഴിച്ചുമൂടുന്നതും ലോകത്തെ നിർജ്ജീവാവസ്ഥയിൽ എത്തിക്കുന്നതുമായ ഈദൃശപ്രബോധനങ്ങൾ വരുത്തിക്കൂട്ടുന്ന നാശങ്ങൾക്ക് ഒരു കണക്കുമില്ല. സമഗ്രമായ സമത്വം സ്ഥാപിക്കുന്നതിനായി ഇറങ്ങിപ്പുറപ്പെട്ട റഷ്യയിലേ ജന

ങ്ങളുടെ ശോച്യാവസ്ഥതന്നെ ഇതിനു മുദ്ധാഭിഷിക്തോദാഹരണമാണ്. ഏറെക്കുറച്ചിലുകൾ ലോകത്തിൽ ഉണ്ടായിരിക്കുന്നതു് ഈശ്വരന്റെ അനുമതിയോടുകൂടിയാകയാൽ നമ്മേക്കാൾ ഉയർന്ന സ്ഥിതിയിലുള്ളവരെപ്പറ്റി നാം അസൂയപ്പെടുന്നതു് ഒരിക്കലും നന്നല്ല. നമ്മുടെ സ്ഥിതി നന്നാക്കുന്നതിനാവശ്യമായ എല്ലാ മാർഗ്ഗങ്ങളും ഉപയോഗിച്ചുകൊണ്ടു് മനസ്സമാധാനത്തോടും സംതൃപ്തിയോടുംകൂടി ജീവിതം നയിക്കുക ആകുന്നു, നമ്മുടെ ധർമ്മം. ഇതിനു വിപരീതമായി പ്രവർത്തിക്കുന്നവൻ ഈശ്വരന്റെ ശാസനങ്ങളെ ധിക്കരിക്കുന്നു.

൯. മതം സമുദായത്തിന്റെ അസ്ഥിവാരം.

മനുഷ്യനെ സൃഷ്ടാവിനോടു യോജിപ്പിക്കുന്ന ഒരു ശ്രേഷ്ഠമായകുന്നു മതം. അതു് ഈശ്വരൻ സർവ്വപ്രകാരേണയും അർഹിക്കുന്ന ആരാധന അഭേദ്യത്തിനു നൽകുന്നതിനു നമ്മേ പ്രേരിപ്പിക്കുന്ന ഒരു ഗുണമാകുന്നു. മതം എന്ന ശബ്ദം വ്യാപകമായ അർത്ഥത്തിൽ ദൈവത്തോടും നമ്മോടുതന്നെയും ഉള്ള സർവ്വവിധ കടമകളേയും ഉൾപ്പെടുത്തുന്നു.

മതമാകുന്ന സമുദായത്തിന്റെ സ്ഥൂലമായ അസ്ഥിവാരം. സാമുദായികസൗധം സനാതനമായ ഈ അടിസ്ഥാനത്തിന്മേൽ അടി ഉറയ്ക്കാത്തപക്ഷം വേഗം ഛിന്നഭിന്നമായി നിലംപതിക്കുന്നതാണ്. മതത്തെ പരിത്യജിച്ചുകൊണ്ടു സമുദായ സ്ഥാപനത്തിനു യത്നിക്കുന്നതു് മണൽപ്പുറത്തു് അരമന പണിയുതിനോ അഥവാ മഹാ സമുദ്രത്തിൽ വിതച്ച വിത്തുകളിൽ നിന്നു വിളവെടുക്കുന്നതിനോ ശ്രമിക്കുന്നതുപോലെ അർത്ഥശൂന്യമാണ്. കെട്ടിടത്തിനു കുമ്മായം എന്തുചെയ്യുന്നുവോ, അതുതന്നെ സമുദായത്തിനു മതവും ചെയ്യുന്നു: എല്ലാഭാഗങ്ങളേയും സംയോജിപ്പിക്കുകയും ബദ്ധപ്പെടുത്തുകയുംചെയ്യുന്നു. "മതത്തെ ധ്വംസിക്കുന്നവൻ സമുദായത്തിന്റെ അസ്ഥിവാരത്തെ കീഴ്മേൽ മറിക്കുന്നു." എന്നാണ് പ്ലേറോ പറഞ്ഞിരിക്കുന്നതു്.

സമുദായഗാത്രം രൂപവൽകൃതമായിരിക്കുന്നതു പരസ്പരബന്ധമുള്ള നിരവധി അംഗങ്ങളെക്കൊണ്ടാണല്ലൊ. അതിനാൽ അതിന്റെ ജീവനും നിലനില്പും അംഗങ്ങൾ അന്യോന്യം

നിർവഹിക്കേണ്ട നിരവധി കടമകളുടെ കശ്നമായ അനുഷ്ഠാനത്തിലാണു പൂർണ്ണമായും സ്ഥിതിചെയ്യുന്നത്.

ഈ കടമകൾ ഏവയാണ്? ഭരണകർത്താക്കളിൽ നിന്നും ഭരണീയരിൽ നിന്നും സമുദായം എന്താണാവശ്യപ്പെടുന്നത്? ഭരണകർത്താക്കളിൽനിന്ന് അതു നീതിയുടെ പാലനത്തെ ആഗ്രഹിക്കുന്നു; ഭരണീയരിൽ നിന്ന് അവരുടെ കടമകളുടെ ശരിയായ അനുഷ്ഠാനത്തെ ഇച്ഛിക്കുന്നു. അംഗങ്ങൾ സമുദായസ്നേഹവും രാജനീയമങ്ങൾ അനുസരിക്കുന്നതിൽ ഔൽസുക്യവുമുള്ളവരായിരിക്കണമെന്ന് അതു ആഗ്രഹിക്കുന്നു. അവർ സത്യസന്ധരും ജ്ഞാനങ്ങൾ നിറവേറുന്നതിൽ ജാഗരൂകരും പരസ്പരം മര്യാദയോടും സ്നേഹത്തോടുംകൂടി വർത്തിക്കുന്നവരും ആയിരിക്കണമെന്ന് അതു അഭിലഷിക്കുന്നു. മുരുക്കിപ്പറയുന്നതായാൽ, ഈശ്വരനോടും സമസൃഷ്ടികളോടും തങ്ങളോടുതന്നെയും ഉള്ള കടമകളുടെ ശരിയായ അനുഷ്ഠാനത്തെ അതു് ആവശ്യപ്പെടുന്നു.

എന്നാൽ ഈ കടമകളുടെ അനുഷ്ഠാനത്തിനു ഭരണകർത്താക്കളേയും ഭരണീയരേയും പ്രേരിപ്പിക്കുന്ന ഹേതു എന്താണ്. ഇതു് എന്തുതന്നെആയാലും, മനുഷ്യർക്കു ശക്തിമത്തായ ദുരാഗ്രഹങ്ങളെ എതിർക്കേണ്ടതായുള്ളതുകൊണ്ടു് പ്രബലവും, സർവ്വമനുഷ്യരേയും സ്പർശിക്കുന്നതാകകൊണ്ടു സാർവ്വത്രികവും, എല്ലാകാലങ്ങളിലുമാവശ്യമുള്ളതാകയാൽ ശാശ്വതവുമായിരിക്കണം.

നീതിയോടുകൂടി വർത്തിക്കുവാൻ ഭരണാധികാരികളെ പ്രേരിപ്പിക്കുന്നതിനു മതമൊഴിച്ചു മറെറന്താണു ശക്തമായിട്ടുള്ളത്? കീർത്തിനേടുന്നതിനോ പൊതുജനപ്രീതിലഭിക്കുന്നതിനോ ഉള്ള അതിയായ അഭിലാഷം ഇതിനു പര്യാപ്തമാണൊ? യശസ്സു് ലഭിക്കുന്നതിനുള്ള ആഗ്രഹം നിമിത്തം മനുഷ്യന്റെ അവകാശങ്ങളേയും സ്വാതന്ത്ര്യത്തേയും ചവിട്ടിമെതിക്കുന്നതിനു മുതിർന്നിട്ടുള്ള ഭരണകർത്താക്കളുടെ സംഖ്യ എത്ര ബഹുലമാണ്. ഏതാനും അനുചരന്മാരുടെ പ്രശംസയെമാത്രം

കാംക്ഷിച്ചു നാടു മുടിക്കുന്നതിനു ഇറങ്ങിപ്പുറപ്പെട്ട രാജാക്കന്മാരുടെ കഥകൾ ചരിത്രത്തിൽ സുലഭമല്ലേ? സാമാന്യജനങ്ങൾക്കനുസൃതമായി ജീവിതം നയിക്കുന്ന ഒരുവനുമാത്രമേ സമുദായത്തെ ശ്രേയസ്സുരമാംവണ്ണം ഭരിക്കുന്നതിനു സാധിക്കുകയുള്ളൂ. എന്നാൽ ലൗകികമായ യാതൊരു പ്രേരണയും മനുഷ്യനെ സന്മാർഗ്ഗനിഷ്ഠയുള്ളവനാക്കിത്തീർക്കുന്നതിനു മതിയായ ഹേതുവല്ല.

സമുദായത്തിന്റെ നിലനിൽപ്പിനു ഭരണകർത്താക്കളെപ്പോലെ ഭരണീയരും അവരുടെ കടമകൾ ശരിയായി നിർവ്വഹിച്ചേ മതിയാവൂ. എന്നാൽ ഈ കടമകളുടെ ശരിയായ നിർവ്വഹണത്തിനു മതമല്ലാതെ മറ്റെന്താണു പ്രേരകമായിരിക്കുന്നത്? രാജശിക്ഷയെക്കുറിച്ചുള്ള ഭയം ഇതിനുപര്യാപ്തമോ? ഒരിക്കലുമല്ല. രാജനിയമങ്ങൾ ബാഹ്യമായ പ്രവൃത്തികളെ മാത്രമേ സ്പർശിക്കുന്നുള്ളൂ. തിന്മകളുടെ ആസ്ഥാനമായ മനസ്സിന്റെ മേൽ അതിനു് ഒരധികാരവുമില്ല. ഹൃദയാന്തർഭാഗത്തിൽ പ്രവേശിക്കുന്നതിനോ അതിലെ ക്ഷോഭങ്ങളെ ശമിപ്പിക്കുന്നതിനോ അതിനുകഴിവില്ല. നിഗൂഢസ്ഥലങ്ങളിൽ വച്ചു മന്ത്രിക്കപ്പെടുന്നതും സമുദായന്തരീക്ഷത്തെ പാടേ ദൂഷിപ്പിക്കുന്നതുമായ ഏഷണികളെ അമർച്ചചെയ്യുന്നതിനു് അതിനു സാധിക്കുകയില്ല. ഹൃദയത്തെ നന്നാക്കാതെ ബാഹ്യമായ ഏതാനും തിന്മകളെ മാത്രം അമർത്തിക്കൊണ്ടു സമുദായത്തെ രക്ഷിക്കുവാൻ പുറപ്പെടുന്നതു, വേരുകളെ കരളുന്ന പുഴുക്കളെ നശിപ്പിക്കുന്നതിനു ശ്രമിക്കാതെ ഉണങ്ങിയ ഏതാനും കൊമ്പുകൾ മാത്രം മുറിച്ചുകളഞ്ഞുകൊണ്ടു വൃക്ഷത്തെ സംരക്ഷിക്കുന്നതിനു ഉദ്യമിക്കുന്നതുപോലെ ആണ്.

രാജശിക്ഷയെപ്പറ്റിയുള്ള ഭയം സാമുദായിക ധർമ്മം ശരിയായി അനുഷ്ഠിക്കുന്നതിനു മതിയായ പ്രേരണ നൽകുന്നില്ലെന്നുകണ്ടു. നീതിവിരുദ്ധമായി പ്രവർത്തിക്കുന്നതുകൊണ്ടു് അന്യരുടെ ആക്ഷേപത്തിനു പാത്രമാകും എന്ന വിചാരം വ്യക്തി സമുദായത്തോടുള്ള കടമകൾ നിറവേറ്റുന്നതിനു മതി

യാകുന്നില്ലയോ? ഇതിന്റെ ഉത്തരവും നിഷേധാത്മകമത്രെ. സമുദായത്തെ നശിപ്പിക്കുന്ന പലദുഷ്കൃത്യങ്ങളും അതുടേയും അറിവിൽപ്പെടാതെചെയ്യുക അസാധ്യമല്ല. ഒരുവേള വെളിയിലായാൽ തന്നെയും പൊതുജനോപഹാസത്തിനു് എപ്പോഴും വിഷയമായി എന്നു വരുന്നതല്ല. സന്മാർഗ്ഗനിരതരല്ലാത്ത എത്രയോ ആളുകൾ ഇന്നും മാന്യരായി കാലം കഴിച്ചുകൂട്ടുന്നു. അവരുടെ തെറ്റുകളെപ്പറ്റി ഉരിയാടുന്നതിനു പോലും ആരുമില്ല. മരണത്തോടുകൂടി അവരുടെ പ്രതാപമെല്ലാമസ്തമിക്കുമ്പോൾ ലോകം അവരെ വഴിക്കുന്നതിനു തുടങ്ങും എന്ന വിചാരവും അവരിൽ ഭീതി ജനിപ്പിക്കുന്നതിനു പര്യാപ്തമല്ല. ഭാവിയുഗങ്ങളുടെ ആക്ഷേപം കുഴിമാടത്തിൽ വിശ്രമിക്കുന്ന അവരുടെ ചാമ്പലുകളെ ഒരു വിധത്തിലും അസ്വസ്ഥമാക്കുകയില്ലല്ലോ.

പൊതുജനങ്ങളുടെ ആക്ഷേപം തിന്മയിൽനിന്നൊഴിഞ്ഞുമാറുന്നതിനു മതിയായ ഹേതുവാകാത്തതുപോലെ അവരുടെ പ്രശംസയും നന്മചെയ്യുന്നതിനു തക്ക പ്രേരകമാകുന്നില്ല. എന്തുകൊണ്ടെന്നാൽ സമുദായാഭിവൃദ്ധിക്കുതകുന്ന പല സുകൃതങ്ങളും പരസ്യമായിട്ടല്ല ആചരിക്കപ്പെടുന്നതു്. വൃക്ഷങ്ങൾക്കു ജീവനും വളർച്ചയും കൊടുക്കുന്ന വേരുകൾ മണ്ണിനടിയിൽ മറഞ്ഞിരിക്കുന്നതുപോലെ സമുദായ ജീവനെ നിലനിർത്തിക്കൊണ്ടു പോരുന്ന പല സൽപ്രവൃത്തികളും മനുഷ്യദൃഷ്ടിയിൽ നിന്നൊളിഞ്ഞിരിക്കുന്ന പരസ്യമായി അനുഷ്ഠിക്കപ്പെടുന്ന നന്മപ്രവൃത്തികൾക്കും പൊതുജനപ്രശംസ എപ്പോഴും ലഭിച്ചുവെന്നു വരുന്നില്ല. അസൂയയും നിന്ദയുമാണ് സുകൃതികൾക്കു പലപ്പോഴും ലഭിക്കുന്ന പ്രതിസമ്മാനം. ഇതിനു ചരിത്രത്തിൽ ദൃഷ്ടാന്തങ്ങളും ദുർല്ലഭമല്ല. നീതിമാൻ എന്ന ഉപനാമംപോലും ലഭിച്ച അരിസ്റ്റീഡസിന്റെ ഗുണപരാങ്മുഖ്യത്തേയും സ്വഭാവനൈർമ്മല്യത്തേയുംകുറിച്ച് ഏതൻസുനിവാസികൾക്കു നല്ലവണ്ണം അറിയാമായിരുന്നു. എങ്കിലും അവർ അദ്ദേഹത്തെ നാടുകടത്തി. അദ്ദേഹത്തെ രാജ്യത്തിൽ നിന്നു

ബഹിഷ്കരിക്കണമെന്നു കുറയിട്ട തീരുമാനിച്ച ദിവസം വോട്ടവകാശമുള്ള ഒരു വൃദ്ധൻ അദ്ദേഹത്തെ സമീപിച്ച് ഒരു നുക്കു കൊടുത്തു് അതിന്മേൽ 'അരിസ്റ്റിഡസ്' എന്നെഴുതീക്കൊടുക്കണമെന്നു് ആവശ്യപ്പെട്ടു. "ആ മനുഷ്യൻ നിങ്ങളോടെന്തു ദ്രോഹം ചെയ്തു?" എന്നു് അദ്ദേഹം ചോദിച്ചപ്പോൾ "എന്നോടൊന്നും ചെയ്തിട്ടില്ല. അയാളെ ഞാൻ അറിയുകപോലുമില്ല. എങ്കിലും എല്ലാവരും അയാളെ നീതിമാൻ എന്നു വിളിക്കുന്നതു കേട്ടു കേട്ടു് ഞാൻ മുഷിഞ്ഞു" എന്നുത്തരം നൽകി. അരിസ്റ്റിഡസിന്റെ സ്വഭാവവൈശിഷ്ട്യംതന്നെ അദ്ദേഹത്തിനുനാശഹേതുവായിത്തീർന്നു!

അന്യരുടെ പ്രശംസ ധർമ്മാനുഷ്ഠാനത്തിനു മതിയായ പ്രേരണ നൽകുന്നില്ലെങ്കിൽ മനുഷ്യരിൽ നൈസർഗ്ഗികമായുള്ള നീതിബോധം അതിനു ധാരാളം മതിയാകും എന്നു ചിലർ വാദിച്ചേക്കാം. എന്നാൽ മതത്തെത്തള്ളിക്കളയുകയും, നൈസർഗ്ഗികമായ നീതിബോധത്തിൽ വിശ്വസിക്കുന്നു എന്നു പറയുകയും ചെയ്യുന്നതു പരസ്പരവിരുദ്ധമത്രെ. നാം ശാഠ്യമായി വിചാരണം ചെയ്യുന്നതായാൽ മതമെന്ന അടിസ്ഥാനത്തിന്മേൽ നിശ്ചയുറക്കാത്ത നൈസർഗ്ഗികമായ ഏതു നീതിബോധവും നിരർത്ഥകമെന്നു വിശദമാകുന്നതാണു്. തിന്മയുടെ ആക്രമണങ്ങളെ ജയിച്ചു നില്ക്കുത്തക്ക ശക്തി അതിനില്ല. നീതിയായി പെരുമാറുന്നതിന് സ്വന്ത ആവശ്യങ്ങൾക്കും അഭിലാഷങ്ങൾക്കും വിരുദ്ധമായി പ്രവർത്തിക്കേണ്ടിവരുന്ന ഘട്ടങ്ങളിൽ നൈസർഗ്ഗികമായ നീതിബോധത്തിനെന്തു സംഭവിക്കുന്നുവെന്നു് ആലോചിക്കുക. ഒരാപൂമിത്രത്തിനു വിരോധമായി ന്യായവിധിപ്രസ്താവിക്കുന്നതിനൊരുവനെ നിർബന്ധിക്കുവാൻ നൈസർഗ്ഗികമായ നീതിബോധം പര്യാപ്തമാണോ? അന്യരുടെ ദ്വേഷം കൊണ്ടെന്തു കുബേരപദത്തേ പ്രാപിച്ച ഒരുവനെ ആ മുതൽ മടക്കിക്കൊടുത്തു പെരുവഴി ആധാരമായി ജീവിതം നയിക്കുവാൻ സന്നദ്ധനാക്കുന്നതിനു് അതിനു ശക്തിയുണ്ടോ? തെറ്റായ കുറ്റാരോപണം മൂലം കാരാഗൃഹവാസമനുഭവിക്കുന്ന ഒരാളിന്റെ

നിരപരാധിത്വത്തെ പ്രത്യക്ഷപ്പെടുത്തുന്നതിനു സ്വന്തകുറ്റം ഏറ്റു പറയുവാൻ സാക്ഷാൽ അപരാധിയായവനു മനസ്സുവരുത്തുവാൻ അതിനു കഴിയുമോ? ഇങ്ങനെയുള്ള അവസരങ്ങളിൽ നൈസർഗ്ഗികമായ നീതിബോധം ഊക്കോടെ അടിച്ചുകയറുന്ന മലവെള്ളത്തിന്റെ മുമ്പിൽ മണൽത്തിട്ടപോലെ ആയിപ്പോകുന്നു.

വിദ്യാഭ്യാസവും തജ്ജന്യമായ ബുദ്ധിവികാസവും മാത്രം ഒരുവനെ സന്മാർഗ്ഗനിഷ്ഠയുള്ള പൗരനാക്കിത്തീർക്കുന്നതിനു ധാരാളം മതിയാകുമെന്നു പറയുന്നവരും ഉണ്ടായേക്കാം. എന്നാൽ ബുദ്ധിവികാസം കൊണ്ടു മാത്രം ഒരുവൻ സന്മാർഗ്ഗനിഷ്ഠയുള്ളവനായിത്തീരുമെന്നുള്ള വിചാരം വെറും അബദ്ധമാണെന്നു പരിചയം നമ്മെ പഠിപ്പിക്കുന്നു. റോമൻസാമ്രാജ്യം മാനസികാഭിവൃദ്ധിയുടെ പരമകാഷ്ഠയിൽ എത്തിയിരുന്നകാലത്തു് അവിടത്തെ ജനങ്ങളുടെ സാന്മാർഗ്ഗികാവസ്ഥ ഏറ്റവും ശോചനീയമായിരുന്നു ഇന്നും ലൗകിക വിദ്യാഭ്യാസം മികച്ചുനില്ക്കുന്ന രാജ്യങ്ങളിലാണ് സാന്മാർഗ്ഗികാധഃപതനം അധികമായി കാണപ്പെടുന്നതു്. വെറും മാനസികോൽക്കർഷത്തെ മാത്രം അടിസ്ഥാനപ്പെടുത്തി ഒരു ജാതിയുടെ സാന്മാർഗ്ഗികാഭിവൃദ്ധിയെ നിർണ്ണയിക്കുന്നതു ഒരിക്കലും ബുദ്ധിപൂർവ്വകമല്ല.

രാജശിക്ഷയെപ്പറ്റിയുള്ള പേടിയോ ലോകാപഹാസത്തെക്കുറിച്ചുള്ള ഭയമോ, അന്യരുടെ പ്രശംസ ലഭിക്കുന്നതിനുള്ള ആഗ്രഹമോ, നൈസർഗ്ഗികമായ നീതിബോധമോ, വിദ്യാഭ്യാസപ്രചാരമോ ജനങ്ങളെ സന്മാർഗ്ഗനിഷ്ഠയുള്ളവരാക്കുന്നതിനും സമുദായമദ്ധ്യേ ക്രമവും സമാധാനവും പാലിക്കുന്നതിനും പര്യാപ്തമല്ലെങ്കിൽപിന്നെ അതിനു മതിയായ ഹേതു ഏതാണ്? അതു മതം ഒന്നു മാത്രമാണ്. എല്ലാറ്റിന്റേയും അധിപനും മനുഷ്യന്റെ സകല പ്രവൃത്തികളും സദാ ദർശിച്ചുകൊണ്ടിരിക്കുന്നവനും മുഖം നോക്കാതെ ഓരോരുത്തന്റേയും കർമ്മങ്ങൾക്കനുസരണമായി രക്ഷയോ ശിക്ഷയോ നൽകുന്നവനുമായ ഒരു പരമകർത്താവുണ്ടെന്നും സകല നിയമങ്ങളുടേയും അധികാരങ്ങളുടേയും ഉല്പത്തിസ്ഥാനം അദ്ദേ

ഹമാണെന്നുമുള്ള ബോധം എല്ലാവരിലും രൂഢമൂലമായിത്തീര ട്ടെ. അപ്പോൾ അന്യരുടെ പ്രശംസയോ ലൗകിക ലാഭ മോ ക്രടാതെ നന്മ പ്രവർത്തിക്കുന്നതിനും രാജശിക്ഷയോ ലോകപരിഹാസമോ ഭയന്നല്ലാതെ, തിന്മയിൽനിന്നോടിയകലു ന്നതിനും അതു മതിയായ ഹേതുവായിരിക്കും. പീട്ടിനകത്തോ പുറത്തോ, വെളിച്ചത്തോ ഇരുട്ടത്തോ എവിടെയായാലും അ തു പാപത്തിൽനിന്നൊഴിഞ്ഞുമാറുന്നതിനു മനസ്സാക്ഷിയെ നി ർബന്ധിക്കുന്ന ശക്തിയുള്ള ഒരുപദേഷ്ടാവായിരിക്കും. മുരുക്കു പ്പായുന്നതായാൽ അതു നമ്മുടെ സാമുദായികധർമ്മത്തെ നി ർവ്വഹിക്കുന്നതിനും സമാഗ്രത്തിൽ നിന്നു വ്യതിചലിക്കാതെ ജീവിതം നയിക്കുന്നതിനും നമ്മേ പ്രേരിപ്പിക്കുന്ന ബലമുള്ള ഒരു നിമിത്തമായിരിക്കും.

മനുഷ്യരെല്ലാവരും ഈശ്വരന്റെ അരുമസന്താനങ്ങ ളും തൻമൂലം ഒരേകുടുംബത്തിലേ അംഗങ്ങളുമാണെന്നുള്ള വി ചാരം നമ്മിൽ ഉളവാക്കുന്നതു മതം ഒന്നുമാത്രമാണ്. ഈ വിചാരം സാഹോദര്യത്തോടും സൗഹാർദ്ദത്തോടും സ്നേഹത്തോ ടുംകൂടി വർത്തിക്കുന്നതിനു നമ്മെ പ്രേരിപ്പിക്കുന്നു. നിലനിൽക്ക ന്നതും സാക്ഷാത്തായതുമായ സ്നേഹം ഈ വിചാരത്തിൽ നി ന്നു മാത്രമേ ഉളവാകയുള്ളൂ. യഥാർത്ഥമായ സ്നേഹം എല്ലാവ രിലുമുണ്ടാകുന്നപക്ഷം, സമുദായാധിപത്യത്തെപ്പറ്റി പേടി ക്കേണ്ട ആവശ്യമേ ഇല്ല.

മതം സമുദായത്തേക്കാൾ പ്രാചീനവും എല്ലാഭരണസ മ്പ്രദായങ്ങളേക്കാൾ ശാശ്വതവുമാകുന്നു. അതു സാമുദായിക ഗുണ ങ്ങളുടെ കേന്ദ്രവും സമാഗ്രനിഷ്ഠയുടെ അടിസ്ഥാനവുമാകുന്നു. അ തു സ്വാർത്ഥതയേക്കാൾ ശക്തിയുള്ളതും രാജശിക്ഷയേക്കാൾ ഭീതി ജനകവും സ്വരാജ്യസ്നേഹത്തേക്കാൾ ഉത്തേജകവുമാകുന്നു. അ തു ശക്തന്മാർക്കു കടിഞ്ഞാണും ബലഹീനർക്കു ശരണവും ദുഃ ഖിതർക്കു ആശ്വാസവുമാകുന്നു. ലോകത്തിൽ സമാധാനം പാലിക്കു ന്ന ശക്തി അതാകുന്നു.

രാജ്യകാര്യങ്ങളെക്കുറിച്ചു വിചിന്തനം ചെയ്യിട്ടുള്ള ഏ

ല്ലാ താത്വികന്മാരും ഭരണധുരന്ധരന്മാരും സമുദായത്തിന്റെ ശാശ്വതമായ നിലനില്പിനു മതം അത്യന്താപേക്ഷിതമാണെന്നു സമ്മതിച്ചിട്ടുണ്ട്. "മതമെന്ന അസ്ഥിവാരത്തിന്മേലല്ലാതെ യാതൊരു രാജ്യവും സംസ്ഥാപിക്കപ്പെട്ടിട്ടില്ല" എന്നാണ് പ്ലൂട്ടോ പറഞ്ഞിരിക്കുന്നത്. "സമുദായം ഉണ്ടെങ്കിൽ മതവും ആവശ്യമാണ്" എന്നത്രെ ഫ്രഞ്ചുവിപ്ലവഹേതുഭൂതനായ വാൾട്ടേർ അഭിപ്രായപ്പെട്ടിരിക്കുന്നത്. "മതമില്ലാതെ ഒരു സമുദായം രൂപവൽകരിക്കുന്നതിനേക്കാൾ അന്തരീക്ഷത്തിൽ കോട്ട കെട്ടുന്നതാണ് എളുപ്പം" എന്നാണ് പ്ലൂട്ടാർക്കിന്റെ അഭിമതം. "ഏറ്റവും മതതീക്ഷ്ണതയുള്ള നഗരങ്ങൾ ദീർഘകാലത്തേയ്ക്കു നിലനില്ക്കുകയും ബുദ്ധിപൂർവ്വം ഭരിക്കപ്പെടുകയും ചെയ്തിരുന്നു." എന്നാണ് സെനഫൻ പറഞ്ഞിരിക്കുന്നത്. "ഒരു പട്ടണത്തിന്റെ പണിയിൽ ഈശ്വരൻ അദ്ധ്യക്ഷം വഹിക്കാതിരിക്കുകയും മാനുഷികമായ അടിസ്ഥാനത്തിന്മേൽ അതു നിൽക്കുകയും ചെയ്യുന്ന പക്ഷം, മഹാവിപത്തുകളിൽ നിന്ന് ഒഴിഞ്ഞുമാറുന്നതിനു അതിനു സാധിക്കയില്ലെന്നതു് അനിഷേധ്യമായ ഒരു സത്യമാണ്" എന്നത്രെ പ്ലേറോയുടെ അഭിപ്രായം. പ്ലേറോയുടെ വളരെമുമ്പു പ്രവാചകനായ ദാവീദു മഹാരാജനും ഈ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. "കർത്താവു വിട്ടു പണിയാതിരുന്നാൽ പണിക്കാർ വ്യർത്ഥം അദ്ധ്വാനിക്കുന്നു. കർത്താവു പട്ടണത്തെ കാക്കാതെയിരുന്നാൽ കാവൽക്കാർ വ്യർത്ഥം ഉറക്കമിളച്ചിരിക്കുന്നു" എന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്.

മതം കൂടാതെ സമുദായം നിലനില്ക്കുക അസാദ്ധ്യമെന്നു പരിചയം നമ്മെ പഠിപ്പിക്കുന്നു. റോമൻ സാമ്രാജ്യം സന്മാർഗ്ഗത്തിൽ നിന്നു വ്യതിചലിക്കാതിരുന്ന കാലത്തോളം അതിന്റെ ഐശ്വര്യത്തിനൊരിടിവും തട്ടിയില്ല. അതു നാൾക്കുനാൾ അഭിവൃദ്ധി പ്രാപിച്ചുവന്നു. എന്നാൽ ജനങ്ങൾ മതവിശ്വാസമില്ലാത്തവരായിത്തീരുകയും അവരുടെ സന്മാർഗ്ഗനിഷ്ഠ ശോചനീയമായ ഒരു നിലയിൽ എത്തുകയും ചെയ്തു

തോട്ട ക്രൂടി അവരുടെ അധഃപതനവുമാരംഭിച്ചു. ഈശ്വരനേയും മതത്തേയും നിഷ്കാസനം ചെയ്യുകൊണ്ട് ഒരു ഭരണയന്ത്രത്തെ രൂപവൽക്കരിക്കുന്നതിനു പ്രാൻസിലേ നിരീശ്വരന്മാർ ചെയ്ത ശ്രമവും പരാജയത്തിൽ കലാശിക്കുകയാണുചെയ്തത്. മതത്തിന്റെ ശക്തി എവിടെ കുറയുന്നുവോ അവിടെ അക്രമവും അരാജകത്വവും വർദ്ധിക്കുമെന്നു ലോകചരിത്രം നമ്മെ വിളിച്ചറിയിക്കുന്നു. അതിനാൽ മതത്തെ അടിച്ചുടക്കുന്നതിനുള്ള ശ്രമം ഏറ്റവും ഗർഹണീയമെന്നു പറയേണ്ടതില്ലല്ലോ.

൧൦. പരിവർത്തനങ്ങളിൽ മഹാ പരിവർത്തനം.



സാമുദായികമായും രാഷ്ട്രീയമായും മതസംബന്ധമായും പലപരിവർത്തനങ്ങൾ ലോകത്തിൽ ഉണ്ടായിട്ടുള്ളതായി നാം ചരിത്രങ്ങളിൽ വായിക്കുന്നു. എന്നാൽ ഇവയിൽവച്ച് ശ്രേഷ്ഠമായതു് ഏകദേശം രണ്ടായിരം കൊല്ലങ്ങൾക്കുമുമ്പു് യേശുനാഥൻ ലോകത്തിൽ അവതരിപ്പിച്ച പരിവർത്തനമാണ്. ഒരു മനുഷ്യനു് ജന്മസിദ്ധമായിരിക്കുന്ന സ്വഭാവം മാറുകയെന്നതു് വളരെ വിഷമമുള്ള കാര്യമാകുന്നു. "ജാത്യാ ഉള്ളതു് ശ്രുത്താൽ മാറുകയില്ല" എന്നല്ലയോ പഴമൊഴിയും. എന്നാൽ ലോകത്തിന്റെ ജ്ഞാനദാതാവും രക്ഷാപുരുഷനുമായ ശ്രീയേശു ഒരു മനുഷ്യനിൽ അല്ല, ഒരു ദേശത്തുള്ള ആളുകളിൽ അല്ല പിന്നെയോ പല രാജ്യങ്ങളിലേ ജനങ്ങളിൽ വേരുന്നി ഉറച്ചിരുന്നതും പല നൂറ്റാണ്ടുകളായി അവർ പരിശീലിച്ചു പോന്നിരുന്നതുമായ തിന്മകളോടെതിർക്കുകയും വിഗ്രഹാരാധന, അന്ധവിശ്വാസം, ദുർവൃത്തി എന്നീ ദുർദേവതകളുടെ നൃത്തരംഗമായിരുന്ന ഭൂമിയിൽ ദൈവവിശ്വാസം, സന്മാർഗ്ഗനിഷ്ഠ, പരസ്നേഹം മുതലായ സദ്ഗുണങ്ങൾ പുനഃസ്ഥാപിക്കുകയും ചെയ്തു. അതിനു മുമ്പൊരിക്കലും കേട്ടുകേൾവിപോലും ഇല്ലാതിരുന്ന തത്വങ്ങളാണ് അദ്ദേഹം ലോകത്തിനു പ്രദാനം ചെയ്തതു്. അവ അന്നു പ്രചാരത്തിലിരുന്ന നടപടികൾക്കു വിപരീതമായിരുന്നതാണും. അക്കാലത്തെ ജനപ്രതിനിധികളുടെയോ സമുദായനേതാക്കന്മാരുടെയോ മുമ്പാകെ ആലോചനയ്ക്കോ

യി ഈ നവീനോപദേശങ്ങൾ അദ്ദേഹം സൃഷ്ടിച്ചിരുന്നുവെങ്കിൽ നിശ്ചയമായും അന്നത്തേയങ്ങളെന്നും ബുദ്ധിഭ്രമത്തിന്റേയോ മറ്റൊ ഫലമാണെന്നും അവർ അഭിപ്രായപ്പെട്ടമായിരുന്നു. എന്തുകൊണ്ടെന്നാൽ, ജനങ്ങൾ തള്ളയുടെ മുലപ്പാലോടുകൂടി തന്നെ നുണഞ്ഞു തുടങ്ങിയ തത്വങ്ങൾക്കും അഭിപ്രായങ്ങൾക്കും വിരുദ്ധമായിട്ടാണ് അദ്ദേഹം പ്രസംഗിച്ചത്. മറ്റുള്ള പരിവർത്തകന്മാരാകട്ടെ മനുഷ്യനു സഹജമായുള്ള അഭിലാഷങ്ങൾക്കനുകൂലമായ ഓരോ ജീവിതരീതിയിലേയ്ക്കാണ് ലോകത്തെ നയിച്ചിട്ടുള്ളത്. ഈ വ്യത്യാസമാണ്, യേശുനാഥൻ വരുത്തിയ പരിവർത്തനം മറ്റുള്ളവയെ അപേക്ഷിച്ചു ഉൽകൃഷ്ടമായത് എന്നു പറയുന്നതിനുള്ള കാരണം. അദ്ദേഹം സാധിച്ച പരിവർത്തനത്തിന്റെ മാഹാത്മ്യം ശരിയായി മനസ്സിലാക്കുന്നതിനുവേണ്ടി അന്നത്തെ ലോകത്തിന്റെ സ്ഥിതി എന്തായിരുന്നുവെന്നും അദ്ദേഹത്തിന് എതിർക്കേണ്ടതായിട്ടുണ്ടായിരുന്ന മഹാശക്തികൾ ഏതെല്ലാമായിരുന്നുവെന്നും ഒന്നാരായുകതന്നെ.

ദേവന്മാരെന്നും ദൈവത്തിന്റെ അവതാരങ്ങളെന്നും ശഠിച്ചിരുന്ന രാജാക്കന്മാരും പ്രഭുക്കന്മാരും അയിരുന്ന അദ്ദേഹത്തിന്റെ പരമശത്രുക്കൾ. സ്വാർത്ഥതല്പരന്മാരായിരുന്ന ഈ അധികാരികളെ നിയന്ത്രിക്കുന്നതിനു പറയത്തക്ക നിബന്ധനകൾ ഒന്നും ഇല്ലായിരുന്നു. അവർ യാതൊരു നിയമങ്ങൾക്കും അധീനരായിരുന്നുമില്ല. പ്രജകളുടെ വസ്തുവകകളിന്മേൽ മാത്രമല്ല അയുസ്സിന്മേൽ കൂടി അവക്ക് പൂർണ്ണാധികാരമുണ്ടായിരുന്നു. ഇത്തരം ഭരണരീതി അന്നത്തെ പരിഷ്കൃതരും അപരിഷ്കൃതരുമായ ജനങ്ങളുടെ ഇടയിൽ ഒന്നുപോലെ പ്രചരിച്ചിരുന്നു. ജ്ഞാതമായിരുന്ന ലോകം മുഴുവനും അധീനമാക്കി ഭ്രമിയിലെ ഏകഛത്രാധിപതികളായി വാണിരുന്ന റോമൻ ചക്രവർത്തികളിൽ ചിലർ അഹങ്കാരത്താൽ മതി മറന്ന് തന്നെത്താൻ ദൈവമെന്ന് ഭാവിക്കുകയും അവരുടെ സ്വരൂപങ്ങളെ ദേവാലയത്തിൽ പരസ്യമായി സ്ഥാപിച്ചു പൂജിക്കുന്നതിന് ആജ്ഞാപിക്കുകയും ചെയ്തു. ഈ പ്രതിമകളുടെ മുമ്പാകെ മനുഷ്യരെപ്പോലും ബലി

കഴിക്കുന്നതിന്ന് ഒരു മടിയും ഉണ്ടായിരുന്നില്ല. ഈ പരമദുഷ്ടന്മാർ ഒരു പൂജയ്ക്കു ഒന്നോരണ്ടോ മനുഷ്യരെക്കൊണ്ടു തൂക്കി അടഞ്ഞിരുന്നുവെന്ന് വിചാരിച്ചു പോകരുതു്. ഒരിക്കൽ ഇപ്രകാരമുള്ള ഒരു ബലിക്കു് മുന്നൂറു പ്രഭുക്കന്മാരെ ഒരുമിച്ചു് വധിച്ചുകളഞ്ഞുവെന്നാണ് സൂട്ടോണിയസ്സ് എന്ന പ്രസിദ്ധ ചരിത്രകാരൻ പ്രസ്താവിച്ചിരിക്കുന്നതു്. ദൈവികമായ ആരാധനം ആഗ്രഹിച്ചിരുന്ന ഈ അധികാരികളുടെ രഹസ്യജീവിതം കഷ്ടാൽ കഷ്ടതരമായിരുന്നു എന്നല്ലാതെ എന്തുപറയട്ടെ. നികൃഷ്ടവും സന്മാർഗ്ഗവിരുദ്ധവുമായ അവരുടെ പ്രവൃത്തികളെപ്പറ്റി പ്രശംസിക്കുന്നതിനും പടയാളികൾ അവയെ പരസ്യമായി പാടുന്നതു കേട്ടു രസിക്കുന്നതിനും അവക്കു് അശേഷം ലജ്ജയുണ്ടായിരുന്നില്ല. ക്രിസ്തുവിന്റെ പരിപാവനങ്ങളായ ഉപദേശങ്ങളും തത്വങ്ങളും ലോകം മുഴുവൻ വ്യാപിച്ചിരിക്കുന്ന ഇക്കാലത്തു ജീവിക്കുന്ന നമുക്കു് ഇമ്മാതിരി കൃത്യങ്ങളെപ്പറ്റി ചിന്തിക്കുക പോലും അസാദ്ധ്യം. എങ്കിലും ഇവ ചരിത്രപ്രസിദ്ധങ്ങളായ സംഗതികൾ തന്നെ ആണ്.

ക്രൈസ്തവമതം, ദേവന്മാരെന്നു നടിച്ചുപോന്ന ഈ ഭരണാധികാരികളോടു് അവർ സാക്ഷാൽ പാപികളും രാജാധിരാജനായ ദൈവത്തിന്റെ സന്നിധിയിൽ സകല പ്രവൃത്തികൾക്കും കണക്കുകൊടുക്കേണ്ടവരുമാണെന്നു് പ്രസംഗിച്ചു. അവർ സ്വന്തമെന്നു കരുതിയിരുന്ന പ്രജകളുടേയും രാജ്യങ്ങളുടേയും അധിപൻ ദൈവമാണെന്നും അവയുടെ ഭരണത്തിനായി മാത്രം നിയമിക്കപ്പെട്ടിരിക്കുന്ന അവക്കു തോന്നിയവാസം പ്രവർത്തിപ്പാൻ സ്വാതന്ത്ര്യമില്ലെന്നും അറിയിച്ചു. രുചികരങ്ങളായ ഭക്ഷണപദാർത്ഥങ്ങൾ പ്രതിദിനം ഭുജിച്ചുകൊണ്ടു തുംഗഹർമ്മ്യങ്ങളിൽ വസിക്കുന്ന വിശ്രുതനായ ഒരു കോടീശ്വരനും, കാട്ടും പടലും ഭക്ഷിച്ചു "നാറിനരകിച്ചു" കുടിലിൽ കാലയാപനം ചെയ്യുന്ന ഒരു ദരിദ്രനും ദൈവസന്നിധിയിൽ സമന്മാരാണെന്നും, ഏശുനാഥൻ സ്ഥാപിച്ച മതം പ്രഖ്യാപനം ചെയ്തു. ജനങ്ങളിൽ നിന്ന് ബഹുവിധമായ ആരാധനങ്ങൾ കൈ

ക്കൊണ്ടിരുന്ന രാജാക്കന്മാരും പ്രഭുക്കന്മാരും സിംഹാസനങ്ങളിൽ നിന്നു താഴെ-ഇറങ്ങി സത്യദൈവത്തെ ആരാധിക്കുന്നതിനും നിർബന്ധിച്ചു. മുമ്പു യാതൊരധികാരത്തിനും തലകുനിച്ചിട്ടില്ലാത്ത അവർക്ക് ഈ ഉപദേശം ഏറ്റവും കണ്ണുകടോരമായ ഒന്നായിരുന്നു. സിംഹാസനങ്ങളിൽ എഴുന്നള്ളിയിരിക്കുന്ന അവരേയും 'നെറ്റിയിലേ വിയർപ്പു നിലത്തു വീഴത്തക്കവണ്ണം' വയലുകളിൽ വേലചെയ്യുന്ന കൂലിക്കാരേയും ഒന്നുപോലെ കരുതുന്ന ഒരു ദൈവത്തെ ആരാധിക്കുന്ന ഈ നവീനമതത്തെ അവർ അനുവദിക്കുകയോ? അവരുടെ അധികാര പ്രവർത്തനത്തിനും അഭിലാഷത്തിനും വിരുദ്ധമായി വന്ന സകലത്തേയും ധ്വംസനം ചെയ്യിരുന്ന ആ സേച്ഛാനുവർത്തികൾ ക്രിസ്തീയമതത്തിന്റെ ഈ നവീനോദ്യമങ്ങളെ വിഫാടനം ചെയ്യുന്നതിനു സർവ്വശക്തികളും വിനിയോഗിച്ചു എന്നു പറയേണ്ടതില്ലല്ലൊ. എന്നാൽ ഇപ്പോൾ ആ അധിപന്മാർ എവിടെ? അവർ പോയി മണ്ണടിഞ്ഞു. ക്രിസ്തുനാഥൻ സ്ഥാപിച്ച സഭയാകട്ടെ ആ രാജാക്കന്മാരുടെ പിൻഗാമികളെ അവളുടെ മടിയിൽ സ്വീകരിച്ചുകൊണ്ട് അതിപ്രതാപവതിയായി ഭൂലോകമെങ്ങും വാഴുകയും ചെയ്യുന്നു.

അക്കാലത്തെ ജനങ്ങൾക്കും ഈ മതത്തോടുണ്ടായിരുന്ന വെറുപ്പ് ഒട്ടും ചില്ലറയല്ലായിരുന്നു. രാജാധികാരത്തോടുള്ള നിർബന്ധപൂർവ്വമായ കീഴ്വഴക്കം ഒഴിച്ചു മറെറല്ലാവിധത്തിലും അവർ സർവ്വസ്വതന്ത്രരായിരുന്നു. ജൂഹുപ് സാവഹങ്ങളായ ഭോഗേച്ഛുകളെ നിയന്ത്രിക്കുന്നതിനു യാതൊരു അഭ്യന്തരശക്തിയും ഉണ്ടായിരുന്നില്ല. പാവം അതിന്റെ ബീഭത്സത്വങ്ങളോടുകൂടി കാണപ്പെട്ടിരുന്നു. ധൂർത്തന്മാരും ദുർവ്വൃത്തന്മാരുമായ മനുഷ്യാധമന്മാരെപ്പോലും അവർ ദൈവങ്ങളായി ആരാധിച്ചുപോന്നു. അവരുടെ ചില ദേവന്മാർ രാക്ഷസന്മാരെക്കാൾ ഭയങ്കരന്മാരായിരുന്നു. ഇവരുടെ പ്രവൃത്തികൾക്കു പുരാണങ്ങളിൽ വർണ്ണിച്ചിരിക്കുന്ന ഹൈന്ദവദേവന്മാരുടേതിനോടു വളരെ സാമ്യമുണ്ട്. മക്കറി എന്ന ദേവൻ മഹാ രക്തപ്രിയനായിരുന്നു

പോൽ. യുദ്ധങ്ങളും കലഹങ്ങളും ഉണ്ടാകുന്നതത്രെ മുപ്പക്കു വെരുത്ത സന്തോഷം. ജൂപ്പിറ്റർ മഹാദോഹി. സ്വന്ത പിതാവിനെപ്പോലും ഗ്രഹത്തിൽ നിന്ന് ആട്ടി ഓടിച്ചുകളഞ്ഞു. സാറ്റൻ എന്ന ദേവന്റെ ക്രൂരകൃത്യങ്ങൾ ഭയാനകം തന്നെ. ഈ പുള്ളിക്കു സ്വന്ത കുഞ്ഞുങ്ങളെപ്പോലും തൊക്കിക്കൊന്നു ഭക്ഷിക്കുന്നതിനു ഒരു മടിയും ഉണ്ടായില്ല. ദുശ്ചരിതയായ ഭിയാനാദേവിയേപ്പറ്റി എന്തുപറയട്ടെ. ന്യായവിരുദ്ധമായി ഉണ്ടായ സന്താനങ്ങളെ എല്ലാം കൊന്നൊടുക്കുകയായിരുന്ന അവളുടെ ജേഷ്ഠൻ. മാർസ് എന്ന ദേവനോ കള്ളന്മാരിൽ അഗ്രഗണ്യൻ. കോലപ്പനും ജംബുചിങ്ങനും മറ്റും അങ്ങേരോടു കിടപിടിക്കുകയില്ല. ഇപ്രകാരമുള്ള ഒരു ദേവഗണത്തെ ആരാധിച്ചുപോന്ന ജനങ്ങളും ഇവരെപ്പോലെ ധാരാളം നീചകൃത്യങ്ങളിൽ ഉൾപ്പെട്ടിരുന്നുവെന്നു കാണുന്നതിൽ എന്താണത്ഭുതം? ഈ ദേവന്മാരെ പ്രസാദിപ്പിക്കുന്നതിനായി നടത്തിയിരുന്ന ആരാധനങ്ങളിൽ ശ്രാവ്യങ്ങളോ ചിന്ത്യങ്ങളോ അല്ലാത്ത സകല വിധ നീചകൃത്യങ്ങളും ഉൾപ്പെട്ടിരുന്നു. ആധുനിക ലോകം കേട്ടാൽ ചെവി പൊത്തിക്കൊണ്ടോടുന്നതായ ഈ ദുരനുഷ്ഠാനങ്ങളെ വിവരിച്ചു കാണിക്കണമെന്നു വിചാരിക്കുന്നില്ല. അതിനൊരുമ്പെട്ടാൽ അതു ക്ഷന്തവ്യമല്ലാത്ത ഒരു മഹാപരാധമായിരിക്കും. ഹിന്ദുക്കളുടെ യശശ്ചന്ദ്രനു് ഒരു കളങ്കമായി അടുത്തകാലംവരെ നിലനിന്നു പോന്നതും പരിഷ്കൃതലോകം അകപ്പാടെ വെറുത്തിരുന്നതുമായ പൂരമെന്ന പൈശാചികാഘോഷം പ്രമാണിച്ചു് അനുഷ്ഠിച്ചിരുന്ന നിന്ദ്യവും ലജ്ജാവഹവുമായ പ്രവൃത്തികൾ അന്നു പ്രചാരത്തിലിരുന്നവയുടെ ഒരു നിഴൽ മാത്രമെ ആയിരുന്നുള്ളു. ആധുനികകാലങ്ങളിൽ കഠിനശിക്ഷാർഹമെന്നു ഗണിച്ചുവരുന്ന പാപകർമ്മങ്ങൾ പുരാണികഗ്രീക്കോരുടേയും റോമാക്കാരുടേയും ഇടയിൽ വളരെ സാധാരണമായിരുന്നു. ഈ ദുഷ്പ്രവൃത്തികളെ മതവും രാജനിയമങ്ങളും ഒരുപോലെ അനുവദിച്ചിരുന്നതല്ലേ മഹാകഷ്ടം.

ക്രീസ്തുവിന്റെ മതമാകട്ടെ, സകലവിധ ദുരാചാരങ്ങ

ളുടേയുമഭയസ്ഥാനമായിരുന്ന ഈട്ടശ്വരാരാധനങ്ങൾക്കു വിരുദ്ധമായി സധൈര്യം പ്രസംഗിച്ചു ബഹുദേവാരാധനയിൽ ഉൾപ്പെട്ടിരുന്ന അക്കാലത്തെ ജനങ്ങളോട് ഒരു ദൈവം മാത്രമെ ഉള്ളുവെന്നും അവരുടെയിടയിൽ പ്രചാരത്തിലിരിക്കുന്ന ബലികൾ യഥാർത്ഥ ദൈവത്തെ നിന്ദിക്കുന്നവയും പിശാചുക്കളെ പ്രസാദിപ്പിക്കുന്നവയുമാണെന്നും അറിയിച്ചു. ജനങ്ങളെ വിഗ്രഹാരാധനയിൽ നിന്നുദ്ധരിക്കുന്നതിനും അവരുടെയിടയിൽ പ്രചാരത്തിലിരുന്ന നരഹത്യ, വ്യഭിചാരം, മദ്യപാനം മുതലായ ദുർഗ്ഗുണങ്ങളെ നിർമൂലമാക്കുന്നതിന് ക്രൈസ്തവമതം സ്വീകരിക്കുകയും സേച്ഛാരാജ്ഞനം, സ്വപരത്യാഗം, ഇന്ദ്രിയനിഗ്രഹം, പരസ്നേഹം, ഔദാര്യം മുതലായ സദ്ഗുണങ്ങൾ പരിശീലിക്കുന്നതിന് അവരെ ക്ഷണിക്കുകയും ചെയ്തു. വിഷയസുഖാഗ്രഹികളും പുണ്യജീവിതത്തിൽ വൈമുഖ്യമുള്ളവരുമായിരുന്ന അവർക്ക് ക്രീസ്തുമതത്തിന്റെ ഈ നവീനോപദേശങ്ങൾ എത്രമാത്രം രസാവഹമായിരുന്നുവെന്നു ഊഹിക്കാമല്ലയോ? അവർക്ക് സകല സ്വാതന്ത്ര്യങ്ങളും നൽകിയിരുന്നതും അവരുടെ സ്വാഭിലാഷങ്ങളെ മനുവദിച്ചു കൊടുത്തിരുന്നതും ചെറുപ്പം മുതൽ അവർ ആചരിച്ചു വന്നിരുന്നതുമായ ഒരു മതത്തെ ഉപേക്ഷിച്ചു, അവരുടെ ആഗ്രഹങ്ങൾക്കു സ്വപ്രകാരേണയും പ്രതികൂലമായ ഒരു പുതിയ മതത്തെ ആശ്ലേഷിക്കുകയോ? ജഡമോഹങ്ങളിൽ നിമഗ്നരായിരുന്ന ആ ജനങ്ങളുടെയിടയിൽ ഉൽകൃഷ്ടങ്ങളെങ്കിലും ദുസ്സ്വാതന്ത്ര്യങ്ങളെ തടയുന്ന ഈ നവീനോപദേശങ്ങൾ പ്രചരിക്കുന്നതിന് എത്ര മാർഗ്ഗമാണെണ്ടായിരുന്നത്. സ്വാർത്ഥപ്രതിപത്തിയുടെ നീചഗതികൾക്കും പ്രകൃത്യനുസാരമായ സന്തോഷങ്ങൾക്കും വശംവദരായിരുന്ന, എന്നുവേണ്ട സകല തിന്മകളിലും മുഴുകിയിരുന്ന ആ ജനസഞ്ചയത്തെ സൽപഥത്തിലേയ്ക്കാനയിക്കുന്നു കയ്യും മനുഷ്യശക്തിയാൽ സാദ്ധ്യമായിരുന്നോ? ശാരീരികേച്ഛകൾക്കും ലൗകികസന്തോഷങ്ങൾക്കും വിപരീതമായ ക്രിസ്തുമതതത്വങ്ങളനുസരിക്കുന്നതിന് അവരെ സമ്മതിപ്പിക്കുന്നതിനെക്കാൾ ഏളു

ച്ചും "വെട്ടാൻവരുന്ന പോത്തിന്റെ ചെവിയിൽ വേദംഓതി" അതിനെ ആ ദുഷ്ക്കൃത്യത്തിൽ നിന്ന് വിരമിപ്പിക്കുന്നതായിരുന്നു. എങ്കിലും ശ്രീയേശുനാഥന്റെ മഹത്വം അവരെ എല്ലാം ജയിക്കുകയും പരിഷ്കാരത്തിന്റേയും നാഗരികത്വത്തിന്റേയും പൊങ്ങിയപടികളിലേയ്ക്ക് അവരെ ഉയർത്തുകയും ചെയ്തു. ഹാ എത്രയൊ വിസ്മയകരമായ ഒരു പരിവർത്തനമാണിത്.

ഈ പരിവർത്തനത്തിന്റെ മാഹാത്മ്യം കുറെക്കൂടെ പ്രസ്പഷ്ടമാക്കുന്നതിനുവേണ്ടി ക്രിസ്തുമതം ലോകത്തിൽ രംഗപ്രവേശം ചെയ്യുന്നതിനു മുമ്പ് ലോകത്തിൽ പ്രചാരത്തിലിരുന്ന മറ്റു ചില ഭയങ്കര തിന്മകളെക്കുറിച്ചു കൂടി സ്വല്പം പര്യാലോചിക്കാം. അബലകളോടുള്ള നിന്ദ്യവും നികൃഷ്ടവുമായ പെരുമാറ്റമാകുന്നു നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്ന ഒരു മഹാപാതകം. അക്കാലത്തു സ്ത്രീകൾ വെറും കളിപ്പാട്ടങ്ങൾ മാത്രമായി കരുതപ്പെട്ടുപോന്നു. പരസ്യമായിട്ടുപോലും അവരുടെ പാതിവ്രത്യത്തിനു ഭംഗം വരുത്തുക വളരെ സാധാരണമായിരുന്നു. ഭർത്താവിനു ഭാര്യയെ പീഡിപ്പിക്കുന്നതിനും വച്ചുമാറുന്നതിനും നിരാകരിക്കുന്നതിനും ആവശ്യപ്പെട്ടാൽ വധിക്കുന്നതിനും പൂർണ്ണാധികാരമുണ്ടെന്നായിരുന്നു അന്നത്തെ ധാരണ. വിവാഹം ഒരു വിനോദവും കുട്ടികൾ ഒരു ഒഴിയാബാധയുമാണെന്നാണു പലരും കരുതിപ്പോന്നത്. സൗന്ദര്യത്തേയും സൗകുമാര്യത്തേയും സ്വകാമുകന്മാർക്കുവേണ്ടി ബലി കഴിച്ച നിരവധി സതീരത്നങ്ങൾ വയസ്സായി അവരുടെ കാന്തിയെല്ലാം അസ്തമിക്കുമ്പോൾ ഏറ്റവും നിർദ്ദയമായി നിഷ്കാസനം ചെയ്യപ്പെട്ടിരുന്നു. ആട്ട്, മാട് മുതലായ മൃഗങ്ങളെക്കാൾ താണ ഒരു ജീവിയായിട്ടാണ് പുരുഷന്മാർ സ്ത്രീകളെ ഗണിച്ചിരുന്നത്. അവർ ഏറ്റവും കഠിനവും നിന്ദ്യവുമായ ജോലികൾക്കായി നിയോഗിക്കപ്പെട്ടിരുന്നു. ഇന്നാനീന്തനകാലങ്ങളിൽ സ്ത്രീകൾക്കു ലഭിച്ചിരിക്കുന്ന ഉയർന്ന പദവികളെപ്പറ്റി അവർ വിചാരിക്കുകപോലും ചെയ്തിരുന്നില്ല. കുടുംബനായിക എന്ന സ്ഥാനമോ, പുരുഷന്റെ സഖി എന്ന മാന്യപദമോ എന്തെന്നവർ കേൾക്കുകപോലും ഉണ്ടായ

യിട്ടില്ല. ഭർത്താവിന്റെ സ്നേഹമോ കുട്ടികളിൽ നിന്നുള്ള ബഹുമാനമോ അവർക്കു ലഭിച്ചിരുന്നില്ല. അവരുടെ സ്ഥിതി സാക്ഷാൽ ശോചനീയം തന്നെ ആയിരുന്നു.

ഈ പരിതാപകരസ്ഥിതിയിൽ നിന്ന് അബലാവർഗ്ഗത്തെ സുരക്ഷിതമാക്കുന്നതിനു ക്രൈസ്തവമതം അക്ഷീണ പരിശ്രമം ചെയ്തു. പുരുഷന്റേയും സ്ത്രീയുടേയും ആത്മാവു ദൈവസന്നിധിയിൽ ഒന്നുപോലെ മാഹാത്മ്യമുള്ളതാണെന്നും അതുകൊണ്ട് അവൻ അവളോടു കരുണയോടും, സ്നേഹത്തോടും സമഭാവനയോടുംകൂടി വർത്തിക്കേണ്ടതാണെന്നും യേശുനാഥന്റെ മതം ഉപദേശിച്ചു. വിവാഹബന്ധം ഒരിക്കലും അഴിക്കപ്പെടുവാൻ പാടില്ലെന്നും ബഹുഭാര്യാത്വം പാപകരമാണെന്നും അതു സിദ്ധാന്തിച്ചു. ശാരീരികലാലസകളെ തൃപ്തിപ്പെടുത്തുന്നതിനുള്ള ഒരു കരുവായി മാത്രം ദാരങ്ങളെ കരുതിപ്പോന്ന പുരുഷന്മാർക്ക് ഈ പുതിയ സിദ്ധാന്തങ്ങൾ എത്രമാത്രം രുചികരമായിരിക്കും? അവർ എങ്ങനെയാണ് ക്രീസ്തുവിന്റെ ഉപദേശങ്ങൾ സ്വീകരിക്കുന്നത്? അവരുടെ ആഗ്രഹങ്ങൾക്കു വിപരീതങ്ങളായ സിദ്ധാന്തങ്ങളടങ്ങിയ ഈ മതത്തെ അനുസരിക്കുന്നതിനു അവരെ പ്രേരിപ്പിച്ച ശക്തി എന്തായിരിക്കാം?

ഈ ശക്തി എന്തെന്നു വെളിപ്പെടുത്തുന്നതിനു മുമ്പായി, അക്കാലത്തെ ജനങ്ങൾക്കു ക്രൈസ്തവമതത്തിന്റെ സദുപദേശങ്ങൾ സ്വീകരിക്കുന്നതിനു പ്രതിബന്ധമായിരുന്ന മറ്റു ചില തിന്മകളെക്കുറിച്ചു കൂടി സംക്ഷിപ്തം വിചിന്തനം ചെയ്യാം. ക്രീസ്തുവിന്റെ ജനനത്തിനു മുമ്പ് ലോകത്തിൽ പ്രചാരത്തിലിരുന്ന പല തിന്മകളിൽ ഇനി നമ്മുടെ ശ്രദ്ധയെ അർഹിക്കുന്നതു ശിശുവധമാണ്. പിതാവിനു കുട്ടികളെ എന്തും ചെയ്യുന്നതിനു പൂർണ്ണാധികാരം ഉണ്ടെന്നായിരുന്നു അവർ വിശ്വസിച്ചിരുന്നത്. അവർ കുട്ടികളെ "മൃഗങ്ങൾക്കിരയായി ഇട്ടു കൊടുക്കുകയും ഞെക്കിക്കൊല്ലുകയും ചെയ്തിരുന്നുവെന്നാണ്" Ministius Felix എന്ന ഗ്രന്ഥകാരൻ എഴുതിയിരിക്കുന്നത്. ഇത്ര ക്രൂരതരമായ പ്രവൃത്തികൾക്ക് മടിയുള്ളവർ കുഞ്ഞുങ്ങളെ കാട്ട

കളിലും തൊണ്ടുകളിലും കുഴികളിലും കൊണ്ടുപോയി ഇട്ടുംവച്ചു് പോരുന്നതുകൊണ്ടു് തുപ്പി അടഞ്ഞിരുന്നു. സംഖ്യാതീതരായ ദേവന്മാരുടെ പ്രതിമകളുടെ മുമ്പാകെ ബലികഴിക്കുന്നതിനു ഉപയോഗിച്ചിരുന്നതും കുട്ടികളെ ആണു്. വേനസ്സു് എന്ന ദേവന്റെ സ്തുതിക്കായി അവർ കുട്ടികളെ ചാക്കുകളിൽ കെട്ടി ഉന്നതങ്ങളായ ദേവാലയഗോപുരങ്ങളുടെ മുകളിൽ നിന്നു കീഴ്പോട്ടെറിഞ്ഞിരുന്നു. Bosro എന്ന സ്ഥലത്തെ വിഗ്രഹത്തിന്റെ മുമ്പാകെ കുട്ടികൾ ക്രൂരമായി അടിച്ചു കൊല്ലപ്പെട്ടിരുന്നു. കാർത്തേജിൽ ഒരിക്കൽ ഇരുനൂറു ശിശുക്കളെ ഒരുമിച്ചു ബലി കഴിച്ചശേഷവും ഓരോ മാതാപിതാക്കന്മാർ സ്വമനസാ പൂജ്യസ്സു സമർപ്പിച്ച മുന്നൂറു ശിശുക്കൾ ബാക്കി വന്നുവെന്നാണ് Lactantius പ്രസ്താവിച്ചിരിക്കുന്നതു്. ഇപ്രകാരമുള്ള വധം മതനിബന്ധനകളാലും രാജനീയമങ്ങളാലും അനുവദിക്കപ്പെട്ടിരുന്നുവെന്നു മാത്രമല്ല, പ്ലേറോ അരിസ്റ്റോട്ടൽ മുതലായ വിശ്വവിശ്രുതന്മാരായ തത്വശാസ്ത്രജ്ഞന്മാർപോലും ഇതിനെ അനുകൂലിച്ചു പ്രസംഗിക്കുകയും രോഗബാധിതരും അംഗവൈകല്യം സംഭവിച്ചവരുമായ കുട്ടികളെ കൊല്ലുന്നതിനു ജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു.

എന്നാൽ യേശുനാഥന്റെ മതം ഈ ദുഷ്കൃത്യങ്ങളെ ദൂരീകരിക്കുന്നതിനു് പരിശ്രമിച്ചു. ഭ്രൂണാവസ്ഥയിലുള്ള കുട്ടികളെ മാത്രമല്ല, തള്ളയുടെ ഉദരത്തിൽ വസിക്കുന്ന ശിശുക്കളെപ്പോലും വധിക്കുന്നതു് നീതിവിരുദ്ധമായ പ്രവൃത്തിയാണെന്നു അതു പഠിപ്പിച്ചു. എന്നാൽ പാപത്തിൽ മുഴുകിക്കിടന്നിരുന്ന ആ ജനങ്ങളുടെയിടയിൽ എങ്ങനെയാണ് ഈ ഉപദേശങ്ങൾ പ്രവേശിക്കുക. "കേൾപ്പോരും കേൾവിയുമില്ലാതിരുന്ന"വരെ എങ്ങനെയാണ് വിഷമമുള്ള ഒരു നിയമപരമ്പരയ്ക്കു് അധീനരായി ജീവിതം നയിക്കുന്നതിനു സമ്മതമുള്ളവരാക്കുന്നതു്. മനുഷ്യശക്തിയാൽ ഇതു സാധ്യമോ? ഒരിക്കലുമല്ല. എങ്കിലും ആ ജനങ്ങളെ ഈ പുതിയ സിദ്ധാന്തങ്ങൾ അനുസരിപ്പിക്കുന്നതിനും അവരുടെയിടയിൽ നിന്നു് കഠിന ദുഷ്കൃത്യങ്ങളെ ബ

ഹിപ്പുരിക്കുന്നതിനും ക്രൈസ്തവമതത്തിനു സാധിച്ചു. ശിശുവധം ഇതാ ലോകത്തിൽ നിന്ന് ഓടിഒളിക്കുകയും ചെയ്തു.

ശിശുക്കളോടെന്നപോലെ തന്നെ അടിമകളോടും അക്കാലത്തെ ജനങ്ങൾ വളരെ നിർദ്ദയമായി വർത്തിച്ചിരുന്നു. അതിവിസ്തൃതമായിരുന്ന റോമൻസാമ്രാജ്യം ഒരിക്കൽ രണ്ടായിരം മുതലാളികളുടേതു മാത്രമായിരുന്നുവെന്നു കാണുന്നതിൽ നിന്ന് ആ മഹാരാജ്യം ഒട്ടുക്കുണ്ടായിരുന്ന അടിമകളുടെ തുക ഊഹിക്കാമല്ലൊ. സാധുക്കളായ അടിമകളെ അവരുടെ യജമാനന്മാർ യഥേഷ്ടം കൊല്ലുകയും വിൽക്കുകയും ചെയ്തിരുന്നു. അവർ അടിമകളെ വെട്ടിനുറുക്കി മൃഗങ്ങൾക്കിരയായി കൊടുത്തിരുന്നുവെന്നാണ് തേർത്തുല്യിയൻ പ്രസ്താവിച്ചിരിക്കുന്നത്. മൃഗങ്ങളേയും അടിമകളേയും ഒരേ നുകത്തിൻ കീഴ പൂട്ടി ജോലി ചെയ്യിച്ചിരുന്നുവെന്ന് സൂട്ടോണിയസ് എന്ന ചരിത്രകാരൻ പറഞ്ഞിരിക്കുന്നു. കാറോ (Cato) എന്ന തത്വജ്ഞൻ, വഴകിയ വീട്ടുസാമാനങ്ങളേയും, പ്രായം അതിക്രമിച്ച് രോഗപീഡിതരായ അടിമകളേയും നശിപ്പിച്ചുകളയുന്നതിനാണ് ഉപദേശിച്ചിരുന്നത്. അക്കാലത്തെ ഏറ്റവും പരിഷ്കൃതമാനസരായിരുന്ന റോമാക്കാരും ഗ്രീക്കുകാരും അടിമകളോട് പെരുമാറിയത് ഈ വിധമായിരുന്നുവെങ്കിൽ മറ്റു രാജ്യങ്ങളിലെ ജനങ്ങളുടെ കാര്യം പറയണമൊ?

യേശുനാഥന്റെ മതമാകട്ടെ ഈ തിന്മകൾക്കെല്ലാം എതിരായി പ്രസംഗിച്ചു; യജമാനൻ സ്വജീവനെ എത്രപൂജ്യമായും കായ്മയായും വിചാരിക്കുന്നവോ അപ്രകാരം തന്നെ അയാളുടെ ദാസന്മാരുടെ ആയുസ്സിനേയും കരുതണമെന്ന് ആജ്ഞാപിച്ചു. എന്നാൽ ഇപ്രകാരമുള്ള ശാസനങ്ങൾ അവർ എങ്ങനെയാണ് അനുസരിക്കുക. അടിമകളോട് എന്തും ചെയ്യുന്നതിന് അധികാരമുണ്ടെന്നായിരുന്ന അവരുടെ വിചാരം. അതിനവകാശമില്ലെന്നു വാദിക്കുന്ന ഒരു പുതിയ മതത്തെ അവർ എങ്ങനെയാണ് സ്വീകരിക്കുക! പ്രകൃത്യാ ഒരു വഴിയും കാണുന്നില്ല. എങ്കിലും ഈ തിന്മകളുടെ രംഗസ്ഥാനങ്ങളിലെ

ല്ലാം ക്രിസ്തുമതം ഇപ്പോൾ മഹാ തേജസ്സോടും ഓജസ്സോടുംകൂടെ വാഴുന്നതായി നാം കാണുന്നു. അടിമവ്യാപാരം ഭൂമുഖത്തു നിന്നു മായിക്കപ്പെട്ടുമിരിക്കുന്നു.

ഇത്ര മഹോൽകൃഷ്ടമായ ഒരു പരിവർത്തനം ലോകത്തിൽ ആരംഭിക്കുന്നതിനു —ജനങ്ങളുടെയിടയിൽ സർവ്വസാധാരണമായിരുന്ന വിഗ്രഹാരാധന, വ്യഭിചാരം, നരബലി, ശിശുവധം, അബലകളോടും അടിമകളോടുമുള്ള നികൃഷ്ടമായ പെരുമാറ്റം ആദിയായ തിന്മകളെ ബഹിഷ്കരിച്ചു, ക്രിസ്തുമതത്തിന്റെ പ്രാവചനങ്ങളായ തത്വങ്ങൾ അവരെ അനുസരിപ്പിക്കുന്നതിനു —തത്വശാസ്ത്രികളോടും, ചക്രവർത്തികളോടും, പ്രഭുക്കന്മാരോടും പ്രസംഗിച്ചു അവരുടെ അബദ്ധപഠനങ്ങളും കുയുക്തികളും ഖണ്ഡിക്കുന്നതിനു യേശുനാഥൻ തിരഞ്ഞെടുത്തയച്ചത് ആരെആണ്? വിദ്യാവിഹീനരും മീൻപിടുത്തക്കാരുമായിരുന്ന പന്ത്രണ്ടു പേരെ! മഹാ വാഗ്മികളും പൊതുജനസമ്മതരുമായ മഹാന്മാർ, വെറും കൈവിരൽക്കണക്കിൽ അവസാനിപ്പിക്കാവുന്ന ഒരു ജനസഞ്ചയത്തെ സന്മാർഗ്ഗികളാക്കിത്തീർക്കുന്നതിനു പഠിച്ച പണിയെല്ലാം നോക്കീട്ടും സാധിക്കാത്ത സ്ഥിതിക്കു്, ഗലീലിയായിൽ നിന്നു പുറപ്പെട്ട ഈ നിരക്ഷരകുക്ഷികൾക്കു് എങ്ങനെയാണു് ലോകത്തെ നന്നാക്കുന്നതിനും, ഒരിക്കലും കേട്ടിട്ടില്ലാത്ത തത്വങ്ങൾ ജനങ്ങളെ വിശ്വസിപ്പിക്കുന്നതിനും സാധിച്ചതു്? മനുഷ്യശക്തിക്കു സാധ്യമായ ഈ കാര്യം അവർ സാധിച്ചുവെന്നുള്ളതു വെറും കെട്ടുകഥയല്ല; പിന്നെയോ ഒരു ചരിത്ര സംഭവമാണു്. ക്രിസ്തു മരിച്ചിട്ടു മുപ്പതുകൊല്ലങ്ങൾ കഴിയുന്നതിനുമുമ്പു് അദ്ദേഹത്തിന്റെ മതം വിവിധരാജ്യക്കാരായ നിരവധി ജനങ്ങളുടെ ആശ്ലേഷത്താൽ തഴച്ചുവർദ്ധനത്തെ പ്രാപിക്കുകയും, റോമാസാമ്രാജ്യത്തിലേ പ്രധാനസ്ഥലങ്ങളിലെല്ലാം പ്രചരിക്കുകയും ചെയ്തുവെന്നാണു് പ്രസിദ്ധനായ ടാസിറ്റസ് എന്ന അക്കൈസുവചരിത്രകാരൻ പ്രസ്താവിച്ചിരിക്കുന്നതു്.

ജനങ്ങളെ ഈ മതത്തിലേയ്ക്കാകർഷിച്ചതു് ലൗകിക

ങ്ങളായ വല്ല ശക്തികളോ അഗ്രഹങ്ങളോ ആയിരിക്കുമോ? അന്ന ക്രിസ്തീയ മതത്തിന്റെ പണമാകട്ടെ സൈനികബലമാകട്ടെ യാതൊന്നും ഉണ്ടായിരുന്നില്ല. മനുഷ്യന്റെ ശാരീരിക ബലങ്ങളെ സാധിച്ചുകൊടുക്കുന്ന യാതൊരു തത്വങ്ങളും അതിൽ അടങ്ങിയിരുന്നില്ല. മഹമ്മദിന്റെ അനുയായികളെപ്പോലെ കൈയിൽ വാളും പിടിച്ചുകൊണ്ടല്ല യേശുനാഥന്റെ ശിഷ്യന്മാർ മതപ്രസംഗത്തിനു പുറപ്പെട്ടത്. അവർ ജനങ്ങളെ നിർബന്ധിച്ചോ പീഡിപ്പിച്ചോ ക്രൈസ്തവ മതത്തിൽ ചേർത്തുമില്ല.

ലൗകികങ്ങളായ യാതൊന്നും ക്രിസ്തുമതപ്രചാരത്തിനു സഹായിച്ചില്ലെന്നു മാത്രമല്ല സർവ്വ ഭൗമികശക്തികളും അതിനെതിരായി പ്രവർത്തിച്ചിരുന്നു. യഹൂദന്മാരും ഇതരമതാവലംബികളും ക്രൈസ്തവമതത്തെ നശിപ്പിക്കുന്നതിനു കഴിയുന്നത്ര ശ്രമിച്ചു. സാമ്രാജ്യങ്ങളും ചക്രവർത്തികളും അതിനെതിരായി പുറപ്പെട്ടു. അവരുടെ സർവ്വശക്തികളും ഈ നവീനമതത്തെ മൂലച്ഛേദം ചെയ്യുന്നതിന് അവർ വിനിയോഗിച്ചു. പ്രബലന്മാരായ റോമൻ ചക്രവർത്തികൾ ക്രിസ്ത്യാനികളെ ഒന്നൊഴിയാതെ നശിപ്പിക്കുന്നതിനു കല്പന കൊടുത്തു. ക്രിസ്ത്യാനികൾ പീഡിപ്പിക്കപ്പെടുകയും, കാരാഗൃഹത്തിൽ അടയ്ക്കപ്പെടുകയും വധിക്കപ്പെടുകയും ചെയ്തു. എങ്കിലും ക്രൈസ്തവമതം ഈ അനർത്ഥങ്ങളിൽ നിന്നെല്ലാം അദ്ഭുതപൂർവ്വമായ വിജയശ്രീയോടുകൂടെയാണ് ഉൽഗമിച്ചിരുന്നതു്.

സകലതിന്മകളിലും നിമഗ്നരായിരുന്നവരും ലോകസന്തോഷങ്ങളിൽ പൂർണ്ണമായി ലയിച്ചിരുന്നവരുമായ ഒരു വലിയ ജനവിഭാഗത്തെ അവരുടെ ചാപല്യങ്ങൾക്കും ഇച്ഛകൾക്കും വിരോധമായ ക്രിസ്തീയ മതോപദേശങ്ങൾ സ്വീകരിക്കുന്നതിനും മനുഷ്യബുദ്ധിക്കതീതമായ രഹസ്യങ്ങൾ വിശ്വസിക്കുന്നതിനും പ്രേരിപ്പിച്ച ശക്തി എന്തായിരിക്കാം? റോമൻ സാമ്രാജ്യത്തിലേ ഒരവരിഷ്കൃതകോണായിരുന്ന ഗ്രീലായിൽ ഒരു റോമൻ ഗവർണ്ണരുടെ ആജ്ഞയനുസരിച്ചു കുഴിവെട്ടിൽ തൂക്കിക്കൊ

ല്ലപ്പെട്ട ഒരു "യഹൂദനാൽ" സ്ഥാപിക്കപ്പെട്ടതും, പാമരന്മാരായിരുന്ന പന്ത്രണ്ടുപേരാൽ പ്രസംഗിക്കപ്പെട്ടതും, അതുവരെ നടപ്പിലിരുന്ന സകല നടപടികൾക്കും വിപരീതമായതും, മനുഷ്യനു പ്രഥമതഃ നീരസം ജനിപ്പിക്കുന്ന മൂന്നു മതത്തിനു്, പ്രബലന്മാരായ ചക്രവർത്തികളിൽനിന്നും ഇതരമതക്കാരിൽനിന്നും പീഡകളും ഉപദ്രവങ്ങളും ധാരാളമുണ്ടായിട്ടും അവയെ എല്ലാം ജയിച്ചു്, ശാസ്ത്രങ്ങളിലും കലകളിലും അതിനിപുണരായിരുന്ന റോമാക്കാരേയും ഗ്രീക്കുകാരേയും അതിന്റെ അനുയായികളാക്കിത്തീർക്കുന്നതിനും അവരുടെയിടയിൽ ആധിപത്യം സ്ഥാപിക്കുന്നതിനും സാധിച്ചതു് എങ്ങനെയാണു്? ഈ മതവിശ്വാസത്തിനു വേണ്ടി ലോകസുഖങ്ങളെല്ലാം ത്യജിക്കുന്നതിനും പീഡനങ്ങൾ സഹിക്കുന്നതിനും കാരാഗൃഹവാസം അനുഭവിക്കുന്നതിനും സ്വന്തജീവനെപ്പോലും ബലികഴിക്കുന്നതിനും ധീരപുരുഷന്മാർക്കു മാത്രമല്ല ചപലകളായ സ്ത്രീകൾക്കും കുട്ടികൾക്കുംകൂടി ധൈര്യം നൽകിയ ശക്തി എന്തായിരിക്കാം? മാനുഷികമായ യാതൊരു ശക്തിക്കും ഈ മഹത്തായ ഒരു പരിവർത്തനം വരുത്തുവാൻ സാധിക്കയില്ലെന്നു നാം കണ്ടുകഴിഞ്ഞു. മാനുഷികമായതല്ലെങ്കിൽ അതു് മനുഷ്യാതീതമായ ഒന്നായിരിക്കണം. അതേ, അതു് അമാനുഷികമായ— ദൈവികമായ— ഒരു ശക്തി തന്നെ. ദൈവികമായ ഒരു ശക്തി ക്രൈസ്തവമതത്തിനുണ്ടെന്നു സമ്മതിക്കാതെ മറ്റു യാതൊരു വിധത്തിലും അതിന്റെ പ്രചുരപ്രചാരത്തിന്റേയും അതിനു ലോകത്തിൽ വരുത്താൻ സാധിച്ച പ്രകൃത്യതീതമായ പരിവർത്തനത്തിന്റേയും കാരണം കണ്ടുപിടിക്കുവാൻ സാധിക്കുന്നതല്ല. ഈ ഒരു ശക്തി അതിനില്ലായിരുന്നുവെങ്കിൽ യാതൊരു ലൌകികസഹായവും കൂടാതെ റോമാ സാമ്രാജ്യത്തെ ആദ്ധ്യാത്മികമായി സംസ്കരിക്കുന്നതിനു സാധിക്കുകയില്ലായിരുന്നു. ഈ ഒരു ശക്തി അതിനില്ലായിരുന്നുവെങ്കിൽ റോമൻ ചക്രവർത്തികളുടെ മതപീഡനകാലത്തു് അതു നാമാവശേഷമായിത്തീരുമായിരുന്നു. എന്നാൽ ദൈവികമായ ഒരു ശക്തി

അതിനുണ്ടായിരുന്നതിനാൽ അതു ലോകത്തെ ജയിക്കുകയും മഹാ ശക്തിയോടും മഹിമയോടും കൂടി ലോകമാസകലം അതിന്റെ വിജയപതാക നാട്ടുകയും ചെയ്തിരിക്കുന്നു.

൨൨. ശാശ്വതപുരുഷൻ

അഥവാ

ക്രിസ്തു.

ലോകചരിത്രത്തിലെ ശാശ്വതപുരുഷൻ ക്രിസ്തുവാണ്. അദ്ദേഹം സാമൂഹ്യനായകനും രാഷ്ട്രീയനും സാന്മാർഗ്ഗികനും വൈദികനുമായ എല്ലാ മണ്ഡലങ്ങളിലും അദ്വിതീയമായ സ്ഥാനം അലങ്കരിക്കുന്നുണ്ട്. ചരിത്രത്തിന്റെ പക്ഷങ്ങളിൽ തെളിഞ്ഞു മിന്നുന്ന മഹത്തുക്കളുടെ നാമങ്ങൾ എല്ലാം ലോകൈകവന്ദ്യനായ ആ മഹാപുരുഷന്റെ മുൻപിൽ നിഷ്പ്രഭങ്ങളായിത്തീരുന്നു. ദിഗന്തവിശ്രാന്തകീർത്തിമാന്മാരായ ഡെമോസ്തനീസ്, പ്ലേറോ, സോക്രട്ടീസ്, സീസർ, ചാർൽമെയിൻ, തോമസ് അക്കൈനാസ്, ബോസേ, നെപ്പോളിയൻ ആദിയായ മഹാന്മാരുടെ ഗംഭീരാകാരങ്ങൾ തോജോരൂപനായ ക്രിസ്തുവിന്റെ ദിവ്യവിഗ്രഹത്തിന്റെ സന്നിധിയിൽ അടിതെറ്റി താനേ നിലംപതിക്കുന്നു. ലോകാരംഭംമുതൽ ഉണ്ടായിട്ടുള്ള യാതൊരു മഹാത്മാവിനേയും ജഗദ്ഗുരുവായ ക്രിസ്തുവിനോട് ഉപമിക്കുവാൻ വഹിയാ; അദ്ദേഹം എല്ലാവരേയും അതിശയിച്ചിരിക്കുന്നു. അവരുടെ ധീരകൃത്യങ്ങളും വിസ്മയനീയപ്രവൃത്തികളുമെല്ലാം അവരോടുകൂടിത്തന്നെ മിക്കവാറും

അസ്തമിച്ചു. എന്നാൽ ക്രിസ്തുവിന്റേത് ഇന്നും സജീവമായി നിലകൊള്ളുന്നു.

പലരാജാക്കന്മാരും ചക്രവർത്തികളും അവരുടെ മഹത്വത്തെ ശാശ്വതമാക്കിത്തീർക്കുന്നതിനു വളരെപ്പണിപ്പെട്ടു. എങ്കിലും അവരുടെ വീരകൃത്യങ്ങളും പേരുപോലും കാലാന്തരത്തിൽ വിസ്മൃതിയിൽ ആണ്ടുപോയി. അവ ജനസമൂഹത്തിൽ ഭക്തിയോ ഉത്സാഹമോ ഉന്നതങ്ങളായ ആശയങ്ങളോ ജനിപ്പിക്കുന്നതിനു പര്യാപ്തമാകുന്നില്ല. പുരാതന ഈജിപ്തിലേ രാജാക്കന്മാർ അവരുടെ മഹൽകൃത്യങ്ങളെ സനാതനമാക്കിച്ചെയ്യുന്നതിനായി അവരുടെ മൃതശരീരങ്ങൾ സംസ്ഥാപിക്കുന്നതിനുള്ള സ്ഥലങ്ങളിൽ ഗംഭീരങ്ങളായ "പിരമിഡുകൾ" പണികഴിപ്പിച്ചു. 5000 വർഷത്തിനു ശേഷം ഇന്നും അവ ഈജിപ്തിലേ വിജനങ്ങളായ മണലാരണ്യങ്ങളിൽ വിയന്മാഗ്രത്തോളം ഉയർന്നു നിലകൊള്ളുന്നു; ഹിമാലയപർവ്വതം പോലെ ലോകാന്തത്തോളം നിലനിന്നെന്നും വരാം. എന്നാൽ അവയെ പണിയിച്ച രാജാക്കന്മാരുടെ നാമധേയങ്ങളും ശൂരകൃത്യങ്ങളും ചരിത്രകാരന്മാരുടേയും പുരാതനവസ്തുശാസ്ത്രജ്ഞന്മാരുടേയും ഇടയിൽ ഇന്നും വാദവിഷയമായിരിക്കുന്നു.

ലോകത്തിന്റെ രക്ഷാപുരുഷനായ ക്രിസ്തു യാതൊരു സ്മാരകവും പണികഴിച്ചില്ല; പണിയുന്നതിനു ശിഷ്യന്മാർക്ക് ആജ്ഞകൾ നൽകിയതുമില്ല. "കുറുനരികൾക്കു മാളങ്ങളും ആകാശത്തിലേ പക്ഷികൾക്കു കൂട്ടുകളും ഉണ്ട്. എന്നാൽ എനിക്കു തലചായിക്കുന്നതിനു സ്ഥലമില്ല" എന്ന് അദ്ദേഹത്തിനു യഥാർത്ഥമായി പറയുന്നതിനു കഴിയുമായിരുന്നു. അന്യന്റെ പറമ്പിൽ ഒരു കല്ലറയിലാണ് അദ്ദേഹത്തിന്റെ മൃതശരീരം അടക്കംചെയ്യപ്പെട്ടത്. ശവകുടീരത്തിന്മേൽ യാതൊരു സ്മാരകവാക്യവും കൊത്തപ്പെട്ടിരുന്നില്ല. എങ്കിലും ആ ദിവ്യപുരുഷന്റെ നാമം ചരിത്രത്തിന്റെ പുറങ്ങളിലും മനുഷ്യഹൃദയങ്ങളിലും സുസ്ഥിരമായി മുദ്രണം ചെയ്യപ്പെട്ടിരിക്കുന്നു. മാത്രമല്ല, അദ്ദേഹത്തിന്റെ ശുശ്രൂഷാഭൂമി ഏതാവത് പര്യന്തം ഉണ്ടായിട്ട

ള്ള സകല മഹാന്മാരുടെ ശവകുടീരങ്ങളേക്കാൾ അയിരം മട ങ്ങു് ബഹുമാനിക്കപ്പെട്ടുമിരിക്കുന്നു. ഇന്നു് ലോകത്തിന്റെ അ തിത്തികളിൽ നിന്നുപോലും തീർത്ഥയാത്രക്കാർ ഇടമുറിയാതെ ആ സ്ഥലത്തേയ്ക്കു പ്രയാണം ചെയ്യുന്നുണ്ടു്. അദ്ദേഹത്തിന്റെ പാദസ്പർശത്താൽ സംപൂതമാക്കപ്പെട്ട സ്ഥലങ്ങളെ സൂക്ഷിക്കുന്ന തു് ഒരു വലിയ ബഹുമതിയായി ലോകം ഗണിക്കുകയും ചെ യ്യുന്നു.

സ്മാരകചിഹ്നങ്ങളുടെ സ്ഥാപനം കൊണ്ടെന്നപോ ലെ സൈനികപര്യടനവും ഭൂവിജയവുംകൊണ്ടും സ്വനാമ ങ്ങളെ അക്ഷയമാക്കിച്ചെയ്യുന്നതിനു ചിലർ തീവ്രയത്നം കഴി ച്ചിട്ടുണ്ടു്. മഹാനായ അലക്സാണ്ടർ ചക്രവർത്തി വമ്പിച്ച സൈന്യങ്ങളെ നയിക്കുകയും സാമ്രാജ്യസീമയെ വിദൂരങ്ങളായ ഭൂഖണ്ഡങ്ങളിലേയ്ക്കു വ്യാപിപ്പിക്കുകയും ചെയ്തു. ജാതികളും രാജ്യങ്ങളും അദ്ദേഹത്തിനു മുന്നായി കീഴടങ്ങി. സർവ്വത്ര വിജ യം അയാളെ കൈവരിച്ചു. അയാളുടെ കിരീധാവകാശം ഭൂമ ണ്ഡലത്തെങ്ങും പരന്നു. എങ്കിലും അയാളുടെ മൃതശരീരം കല്ലറ യിൽ വയ്ക്കുന്നതിനുമുമ്പ് അയാളുടെ സാമ്രാജ്യം കഷണങ്ങളാ യി; പേരും പെരുമയും പുകപോലെ മാഞ്ഞു; വീരപരാക്രമ ങ്ങൾ ജലരേഖപോലെ കലാശിച്ചു. ഇന്നു് അലക്സാണ്ഡ റിനെ ആരു വകവെയ്ക്കുന്നു? അയാളുടെ കാര്യത്തിൽ ആരു് ഒരു സൂക്ഷ്യം പ്രദർശിപ്പിക്കുന്നു?

എന്നാൽ ഏകദേശം രണ്ടായിരം കൊല്ലത്തിനു മു മ്പു് ക്രിസ്തുനാഥൻ ലോകത്തിൽ സ്ഥാപിച്ച ധാർമ്മികസാമ്രാജ്യ ത്തിന്റെ സ്ഥിതി ഇതിൽനിന്നു് എത്ര വ്യത്യസ്തമാണു്. വാളി ന്റെ ബലംകൊണ്ടല്ല അതിനു് അടിസ്ഥാനമിട്ടതു്. മൃഗീയശ ക്തിയെ അല്ല, ഓരോരുത്തരുടേയും മനസ്സാക്ഷിയുടെ ശാസനങ്ങ ളെയാണു് അതിന്റെ അസ്ഥിവാരമായി സ്വീകരിച്ചതു്. അതിന്റെ നിലനില്പിനു് അദ്ദേഹം സൈന്യങ്ങൾ ശേഖ രിക്കുകയോ, യുദ്ധസാമഗ്രികൾ സംഭരിക്കുകയോ ചെയ്തില്ല. ബുദ്ധിശാലികളും ജനസമ്മതരുമായ വമ്പന്മാരെ അല്ല, പാമ

രന്മാരായ മിസ് പിട്ടത്തക്കാരെ അണ് അദ്ദേഹം അതിന്റെ ഭരണം കൈയേല്പിച്ചത്. അതിന്റെ പ്രാരംഭംമുതൽ ഇന്നു വരെ പ്രബലന്മാരായ രാജാക്കന്മാരും ചക്രവർത്തികളും അതിനെ ഭസ്മമാക്കുന്നതിനു പലവട്ടം ശ്രമിച്ചു. അതിന്റെ അംഗങ്ങൾ അതിനിഷ്ഠുരമായ പീഡനങ്ങളും ഞെരുക്കങ്ങളും സഹിക്കേണ്ടിവന്നു. അവരുടെ രക്തംകൊണ്ട് നനയാത്ത സ്ഥലം ഭൂമിയിൽ ഇല്ല തന്നെ. എങ്കിലും ക്രിസ്തുവിന്റെ സാമ്രാജ്യം നവയൗവനത്തിന്റെ പൂർണ്ണവിരുത്തോടുകൂടി ഇന്നും സ്ഥിതിചെയ്യുന്നു. ഇരുപതു ശതകങ്ങൾ, നൈകയുള്ള അതിന്റെ വർദ്ധനത്തിൻമദ്ധ്യേ രാജ്യങ്ങൾ ഉയരുകയും തകരുകയും, സാമ്രാജ്യങ്ങൾ ഛിന്നഭിന്നമാകുകയും, രാജവംശങ്ങൾ കീഴ്മേൽ മറിയുകയും, സിംഹാസനങ്ങൾ ഇളകിവീഴുകയും, ചെങ്കോലുകൾ ഒടിയുകയും, കിരീടങ്ങൾ പൊടിയുകയും ചെയ്യുന്നതു അതു കണ്ടിട്ടുണ്ട്. മാനുഷസ്ഥാപനങ്ങളുടെ സാർവത്രികമായ നാശത്തിനിടയിൽ യാതൊരു കേട്ടുപാടും കൂടാതെ അക്ഷയഭാസ്സോടുകൂടി സ്ഥിതിചെയ്യുന്ന ഏകസ്ഥാപനം അതാകുന്നു. പ്രതാപശാലികളായിരുന്ന സിസറിന്റെയും അലക്സാണ്ഡറിന്റെയും സാമ്രാജ്യങ്ങൾ തകർന്നുവെങ്കിലും ക്രിസ്തു സ്ഥാപിച്ച ധാർമ്മിക സാമ്രാജ്യം അതിന്റെ ജീവചൈതന്യത്തെ സർവ്വജാതികളിലും പരത്തിക്കൊണ്ട് ഉജ്ജ്വലപ്രഭയോടെ നിലകൊള്ളുന്നു. ക്രിസ്തു അതിൽ പരമാധികാരം നടത്തുകയും ചെയ്യുന്നു.

സാമ്രാജ്യങ്ങളുടെ സ്ഥാപനം മൂലം ശാശ്വതമായ യശസ്സു സമ്പാദിക്കുന്നതിന് ചിലർ ശ്രമിച്ചുവെങ്കിൽ മറ്റുചിലർ നിയമനിർമ്മാണം കൊണ്ട് അനശ്വരകീർത്തി ലഭിക്കുന്നതിനു യത്നിച്ചു. നൂമാപൊമ്പീലിയസും അയാൾക്കുശേഷം വളരെക്കാലം കഴിഞ്ഞു ജൂസ്റ്റീനിയനും റോമാക്കാർക്കായി നിയമങ്ങൾ ഉണ്ടാക്കി. സോളനും ലൈകർഗസ്സും പൗരാണിക ഗ്രീസിന്റെ ഭരണത്തിനായി നിയമങ്ങൾ നിർമ്മിച്ചു. ഇംഗ്ലണ്ടിൽ മഹാനായ ആൽഫ്രെഡും വിശുദ്ധനായ എഡ്വർഡും നിയമങ്ങൾ രൂപവൽക്ക

രിച്ചു. 'കോഡ് ഓഫ് നെപ്പോളിയൻ' എന്ന പേരിൽ അറിയപ്പെടുന്ന നിയമസംഹിത നെപ്പോളിയൻ ഫ്രാൻസിൽ നടപ്പിൽവരുത്തി. ഈ നിയമങ്ങളെല്ലാം അതതിന്റെ കാലങ്ങളിൽ വളരെ ഉപകാരപ്രദമായിരുന്നു എന്നതിനു സംശയമില്ല. എന്നാൽ ഇവ ജാതീയമായിരുന്നു; ഒരു പ്രത്യേക ദേശവാസികൾക്കോ ഭരണസംഘടനയ്ക്കോ മാത്രം പറ്റിയതായിരുന്നു. കാലാന്തരത്തിൽ ഇവ നിരുപയോഗങ്ങളായിത്തീർന്നു. ഭരണരീതിയിൽ ഉണ്ടായവ്യതിയാനം നിയമങ്ങളേയും ബാധിച്ചു.

എന്നാൽ സുവിശേഷങ്ങൾവഴി ക്രിസ്തുനാഥൻ ലോകത്തിനു പ്രദാനംചെയ്ത നിയമസംഹിത മാത്രം യാതൊരു വ്യതിയാനത്തിനുമധീനമാകാതെ ഉജ്ജ്വലതയോടേ നിലനില്ക്കുന്നു. സത്യത്തിന്റെയും നീതിയുടേയും സനാതനതത്വങ്ങളിന്മേൽ അടിയുറച്ചിരിക്കുന്ന ഈ നിയമങ്ങൾ അനശ്വരങ്ങളത്രേ. രണ്ടായിരംകൊല്ലത്തെ നിരീക്ഷണപരീക്ഷണങ്ങൾ അവയ്ക്ക് യാതൊരു ഹാനിയും വരുത്തിയില്ല. ക്രിസ്തുവിന്റെ ദിവ്യാധരത്തിൽ നിന്നു നിർഗ്ഗമിച്ചപ്പോളത്തെപ്പോലെ തന്നെ ഇന്നും അവ അധികാരസംയുക്തവും ഉജ്ജ്വലവുമായി സ്ഥിതി ചെയ്യുന്നു. മനുഷ്യവംശം നിലനിൽക്കുന്നിടത്തോളം കാലം ഏവരുടെയും മനസ്സാക്ഷിയെ ബാധിക്കുകയും ചെയ്യും. അവ എല്ലാകാലങ്ങളിലും ഉള്ള വിവിധജീവിതരീതികളോടുകൂടിയ സകല മനുഷ്യർക്കും പറ്റിയതാണ്. അവ രാജാധിപത്യം മുതൽ പ്രജാധിപത്യം വരെ ഉള്ള എല്ലാരാജ്യങ്ങളിലും ഒന്നുപോലെ പ്രചാരത്തിലിരിക്കുന്നു. പരിഷ്കൃതമാനസരായിരുന്ന പുരാതന റോമാക്കാരും ഗ്രീക്കുകാരും ആദ്യകാലങ്ങളിൽ അവയെ ആദരപൂർവ്വം സ്വീകരിച്ചു. ഇന്ന് ഗ്രേറ്റ്ബ്രിട്ടൻ, അമേരിക്കായിലേ ഐക്യസംസ്ഥാനങ്ങൾ തുടങ്ങിയ രാജ്യങ്ങളിലേ പരിഷ്കൃതജനങ്ങളുടെയിടയിൽ മാത്രമല്ല, വടക്കെ അമേരിക്കയിലേയും, ആസ്ത്രേലിയായിലേയും, ആഫ്റിക്കായിലേയും ആദിമനിവാസികളുടെയിടയിലും അവ പ്രാബല്യത്തിലിരിക്കുന്നു. സുപ്രസിദ്ധമായ ഗിരിപ്രഭാഷണവും "നിന്റെ പൂർണ്ണമനസ്സോടും ശ

ക്കുയോട്ടംക്രൂടി ഈശ്വരനേയും, നിന്നെപ്പോലെ അയൽക്കാരനേയും സ്നേഹിക്കു" എന്ന പ്രമാണവും ആദ്യശതകങ്ങളിലെ ക്രിസ്തുഭക്തന്മാരെ എന്നപോലെ നമ്മെയും ബാധിക്കുന്നു.

ക്രിസ്തുവിന്റെ പ്രവൃത്തിഫലങ്ങൾ അനശ്വരമായിരിക്കുന്നതുപോലെ, മനുഷ്യർക്ക് അന്യോന്യത്തിന്റെ നേർക്കുള്ള സ്നേഹവും അനശ്വരമാണ്. ലോകജേതാക്കന്മാർ പട്ടണങ്ങളെ പിടിച്ചടക്കി. എന്നാൽ ക്രിസ്തു മനുഷ്യഹൃദയങ്ങളെ കൈവശപ്പെടുത്തി. മഹാന്മാരുടെ വീരകർമ്മങ്ങളെക്കുറിച്ച് ലോകം വിസ്മയിച്ചേക്കാം. എന്നാൽ അവരെ ഹൃദയപൂർവ്വം സ്നേഹിക്കുന്നവർ ഇന്ന് ലോകത്തിൽ ആരുണ്ട്? സീസർ, അലക്സാണ്ടർ ഹാനിബാൾ ആദിയായവരെ ഇന്ന് ആർ സ്നേഹിക്കുന്നു, ആർ ബഹുമാനിക്കുന്നു, അവരുടെ കാര്യത്തിൽ ആർ ഔൽസുക്യം പ്രദർശിപ്പിക്കുന്നു! എന്നാൽ ക്രിസ്തുവിന്റെ സ്ഥിതി ഇവരുടേതിൽ നിന്ന് എത്ര വ്യത്യസ്തം. അന്യോന്യത്തെ പ്രാണതുല്യം സ്നേഹിക്കുന്നവരുടെ സംഖ്യ എത്ര ബഹുലം. അന്യോന്യത്തിനുവേണ്ടി ജീവരക്ഷം ചൊരിയുന്നതിന് തയ്യാറുള്ളവർ എത്ര എത്ര!! അന്യോന്യത്തെപ്രതി കാരാഗൃഹവാസം അനുഭവിക്കുന്നതിനും ക്ലേശങ്ങൾ സഹിക്കുന്നതിനും ലോകസുഖങ്ങൾ ത്യജിക്കുന്നതിനും ഒരുക്കമുള്ളവരുടെ സംഖ്യ എത്ര ഭീമം! ലോകം അന്യോന്യത്തെ ആരാധിക്കുന്നു. എല്ലാവരും അന്യോന്യത്തെ സ്നേഹിക്കുന്നു.

ലോകരംഗത്തിൽ പ്രവേശിച്ച് അവരുടെ ഭാഗം അഭിനയിച്ചശേഷം ഇങ്ങിനിവരാതവണ്ണം തിരോധാനം ചെയ്ത മഹാന്മാരുടെ ഗണത്തിൽപ്പെട്ടവനല്ല ക്രിസ്തു. അന്യോന്യത്തിന്റെ പ്രഭാമണ്ഡലത്തിൽ പ്രത്യക്ഷപ്പെട്ട ശേഷം, പെട്ടെന്ന് അന്തർദ്ധാനം ചെയ്യുന്ന ഒരു നക്ഷത്രദീപം പോലെയല്ല. മനുഷ്യബുദ്ധിയെ പ്രകാശിപ്പിച്ചുകൊണ്ടും ഹൃദയത്തെ ആനന്ദിപ്പിച്ചുകൊണ്ടും യുഗങ്ങൾതോറും ശോഭിക്കുന്ന ദിവ്യസൂര്യനത്രെ അന്യോന്യം. ജനാസരത്തു തടാകത്തിന്റെ ഉപരിഭാഗത്തുക്കൂടി നടന്നുചെന്ന് വിഭ്രാന്തചിത്തരായ ശിഷ്യരെ ആശ്വസിപ്പിച്ചതുപോലെ അന്യോന്യം ഇന്നും ജീവിതമാകുന്ന

മഹാസമുദ്രത്തിന്റെ മേൽഭാഗത്തുക്കൂടി സഞ്ചരിക്കുകയും ദുഃഖബാധയിലും നിരാശാക്രമത്തിലും ആണ്ടുകിടക്കുന്ന നിരവധി മനുഷ്യരെ ഉദ്ധരിച്ചു സൗഭാഗ്യകിരണങ്ങൾ അവരുടെമേൽ വീഴുകയും ചെയ്യുന്നു. നാം എങ്ങോട്ടുമാറിയാലും അവിടെയെല്ലാം ക്രിസ്തുവിന്റെ പ്രഭാവം നമുക്കനുഭവപ്പെടുന്നു. അദ്ദേഹത്തിന്റെ നാമം എല്ലാവരുടേയും അധരങ്ങളിലുണ്ട്. അദ്ദേഹത്തിന്റെ വിജയപതാകയായ കുരിശ് എവിടേയും മഹിമാപോടുകൂടി പ്രത്യക്ഷപ്പെടുന്നു. ലോകത്തിന്റെ ഏതുഭാഗത്തും ഉത്തുംഗങ്ങളായ ദേവാലയങ്ങൾ ആ ദിവ്യപുരുഷന്റെ നാമത്തെ പ്രഖ്യാപനം ചെയ്യുന്നു. അദ്ദേഹത്തിന്റെ പ്രതിമകൾ രാജാക്കന്മാരുടെ മന്ദിരങ്ങളിലും പാവപ്പെട്ടവരുടെ കുടിലുകളിലും അഗ്രിമസ്ഥാനത്തെ അലങ്കരിക്കുന്നു. അദ്ദേഹത്തിന്റെ ജനനത്തെ ആധാരമാക്കി ലോകം കാലനിർണ്ണയം ചെയ്യുന്നു. ആ ജഗദ്ഗുരുവിന്റെ ദിവ്യാധരത്തിൽ നിന്നു നിർഗമിച്ച അർത്ഥസംപുഷ്ടമായ ഓരോ വാക്യവും അവഗാഹനം ചെയ്തുകൊണ്ട് ഗ്രന്ഥപരമ്പരകൾ പ്രസിദ്ധീകൃതങ്ങളാകുന്നു. ക്രിസ്തുമസ് കാലങ്ങളിൽ അദ്ദേഹത്തിന്റെ ജന്മനക്ഷത്രത്തെ ലോകം അത്യാഡംബരപൂർവ്വം കൊണ്ടാടുന്നു. മനുഷ്യജീവിതവും അദ്ദേഹത്തിന്റെ നാമവും തമ്മിൽ അവിഭേദ്യമായ ബന്ധം സംസ്ഥാപിതമായിരിക്കുന്നു. ലോകത്തിലെ ചരിത്രരേഖകൾ എല്ലാം ഇല്ലെന്നായാലും, ഭൂതകാലത്തെ അനുസ്മരിപ്പിക്കുന്ന സ്മാരകലക്ഷ്യങ്ങൾ എല്ലാം നശിച്ചാലും ക്രിസ്തുനാമസ്മരണ ഒരിക്കലും നശിക്കയില്ല.

ക്രിസ്തുവിന്റെ സാർവ്വലൗകികമായ പ്രഭാവത്തെ വിണ്ടിച്ച ഭക്തഹീനനായ റെനൻ എഴുതിയ വാക്യങ്ങൾ ഉദ്ധരിച്ചു ലേഖനം അവസാനിപ്പിച്ചുകൊള്ളാം. "അല്ലയോ മഹാത്മാവായ ഉപദേഷ്ടാവേ! അങ്ങേ മഹിമയിൽ അങ്ങു വിശ്രമിച്ചാലും. അങ്ങേ ജോലി പൂർത്തിയായി. അങ്ങേ ദിവ്യത്വം സ്ഥാപിതമായി. അങ്ങേ പരിശ്രമത്താൽ വണിയപ്പെട്ട സൗധം

അടിയുറച്ച നിലകൊള്ളുന്നു. അതുമറിഞ്ഞുവീണ തകർന്നടിയുന്നു മെന്ന് അങ്ങേക്കയപ്പെടേണ്ട. ഉയരത്തിൽ ദിവ്യമായ ശാന്തത യോടെ നിന്നുകൊണ്ട് അങ്ങേപ്രവൃത്തിയുടെ നിസ്സീമഫല ങ്ങൾ മാനുഷഭംഗുരതയുടെ പിടിയിൽപ്പെടാതെ അനശ്വര മായി നിലനില്ക്കുന്നതു് അങ്ങുകാണും. അങ്ങേ മഹത്തായ ആ ത്മാവിനെ സ്പർശിക്കുകപോലും ചെയ്യാത്ത ഏതാനും മണിക്കൂർ നേരത്തെ സഹനം മൂലം അങ്ങ് മരണമില്ലായ്മയെ സമ്പാ ദിച്ചിരിക്കുന്നു. വരുവാനുള്ള എല്ലാ യുഗങ്ങളിലും ലോകം അ ങ്ങയിൽ അഭയം തേടും; അങ്ങു വഴിയായി ജീവിക്കുകയും ചെയ്യും. മരണാനന്തരം അങ്ങു ജീവിതകാലത്തേക്കാൾ ആയി രം മടങ്ങു ജീവിക്കുകയും ആയിരം മടങ്ങു സ്നേഹിക്കപ്പെടുകയും ചെയ്യുന്നു. അങ്ങ് മനുഷ്യവർഗ്ഗത്തിന്റെ ലക്ഷ്യമാണ്. അങ്ങേ നാമത്തെ എടുത്തുകളയുന്നതു് ലോകത്തിന്റെ അസ്ഥിവാരം കീ ഴ്മേൽ മറിക്കുന്നതിനു തുല്യമായിരിക്കും. അവിടുന്നും ഈശ്വര നും തമ്മിൽ യാതൊരു ഭേദവും മനുഷ്യൻ കല്പിക്കുകയില്ല. മര ണത്തിന്റെ പരിപൂർണ്ണജേതാവേ! അങ്ങു തരണം ചെയ്ത രാജ കീയപഥത്തിൽക്കൂടെ യുഗങ്ങൾതോറും അങ്ങേ അനുഗമിക്കു വാനിരിക്കുന്ന കോടാകോടി ആരാധകന്മാരുടെ രാജ്യത്തെ അങ്ങു കൈവശം വച്ചു് അനുഭവിച്ചാലും!"

൧൨. ബൈബിളും സാഹിത്യവും.

സാഹിത്യം എന്ന പദം നമുക്കു സുപരിചിതമായ ഒന്നാണ്. പൗരാണികസാഹിത്യം, ആധുനികസാഹിത്യം, ഉൽകൃഷ്ടസാഹിത്യം, ലഘുസാഹിത്യം, അദ്ധ്യായ നാമങ്ങൾ പല പ്പോഴും നാം കേട്ടിട്ടുണ്ട്. എന്നാൽ ഈ പദം എന്തിനെ കുറിക്കുന്നു? 'സാഹിത്യം' എന്ന ശബ്ദം വ്യാപകമായ അർത്ഥത്തിൽ സർവ്വവിധമായ ലിഖിതഭാഷയേയും ക്രോഡീകരിക്കുന്നു. ഇതിൽനിന്നു അങ്കഗണിതം, ക്രൈസ്തവവേദോപദേശം മുതലായ ഗ്രന്ഥങ്ങൾ സാഹിത്യത്തിൽപെട്ടുമെന്നോ, പണ്ഡിതന്മാർ ചെയ്യുന്ന പ്രസംഗങ്ങൾ, ഗ്രന്ഥാകൃതിയിൽ എത്തിയിട്ടില്ലാത്ത കീർത്തനങ്ങൾ മുതലായവ സാഹിത്യകോടിയിൽ പെടുകയില്ലെന്നോ കരുതേണ്ടതില്ല. അതിനാൽ സാഹിത്യത്തിന്റെ പ്രധാനലക്ഷണങ്ങളെന്തെന്നു നമുക്കു പര്യാലോചിക്കാം.

സാഹിത്യം വസ്തുപരമായ (Objective) ഒന്നല്ല; പ്രത്യുത മാനസികമാണ്. അതിന്റെ വിഷയം പദാർത്ഥങ്ങൾ അല്ല; വിചാരങ്ങളത്രെ. ഇതു ഒന്നുകൂടി വിശദീകരിക്കാം. മനുഷ്യനു പ്രാപഞ്ചിക വസ്തുക്കളുടെ നിരീക്ഷണത്തിൽ നിന്നു നവനവങ്ങളായ ആശയങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നു. ഈ നവീനാശയങ്ങളെ വാഗ്രൂപേണപ്രദർശിപ്പിക്കയെന്നതു മനുഷ്യസഹജവുമാണ്. എന്നാൽ ഈ ആശയങ്ങൾ അവന്റെ ഉള്ളിൽ ഉല്പാദിപ്പിക്കുന്ന വികാരങ്ങളേയും, അഭിലാഷങ്ങളേയും, ഭാവനകളേയും ഒരു കണ്ണാടിയിൽക്കൂടി വസ്തുമയ എന്നപോലെ വാണീവിലാസത്തിലൂടെ പ്രത്യക്ഷപ്പെടുത്തുമ്പോൾ അതു സാഹി

ത്യമായി. എന്നും പ്രഭാതത്തിൽ സൂര്യൻ പ്രത്യക്ഷനാകുന്നുവെന്ന് നാം അനുഭവത്തിൽ നിന്നറിയുന്നു. എന്നാൽ ഈ അറിവ് ഒരു സാഹിത്യകാരന്റെ മനോദർപ്പണത്തിൽ കൂടി കടന്നുവന്നപ്പോൾ ഉണ്ടായ മാറ്റം നോക്കുക. 'ചുട്ടുപഴുപ്പിച്ച കനകക്കട്ട കണക്കെ കുട്ടിസൂര്യൻ കിഴക്കൻമലയുടെ മിതെ തല കാട്ടുന്നു'. ഏറ്റം നിസ്സാരമായ സംഗതിപോലും എത്ര മനോജ്ഞമായ വിധം പ്രദർശിപ്പിക്കുന്നതിനു സാഹിത്യകാരനു സാധിക്കുന്നു. ജഗദീശ്വരൻ പ്രകൃതിഭണ്ഡാഗാരത്തിൽ നിക്ഷേപിച്ചിട്ടുള്ള വിജ്ഞാന രാശികളേയും സൗന്ദര്യവിഭൂതികളേയും മനോധർമ്മം പ്രയോഗിച്ചു വികസ്വരവും സുന്ദരവുമായ രീതിയിൽ പ്രദർശിപ്പിക്കുകയത്രെ സാഹിത്യകാരന്റെ ധർമ്മം. ഈ മനോധർമ്മ പ്രകാശനം ഉല്ലിഖിതമാകുമ്പോൾ അതിനെ നാം സാഹിത്യം എന്നു വിളിക്കുന്നു.

എന്നാൽ നമ്മിൽ നിന്നു വ്യത്യസ്തമായി സ്വയം പ്രകാശിച്ചുകൊണ്ടിരിക്കുന്ന സാവ്രതികവും സനാതനവുമായ സത്യങ്ങൾ ലോകത്തിലുണ്ട്. അവയെ അതേരൂപത്തിൽ പ്രദർശിപ്പിക്കുമ്പോൾ അതു സാഹിത്യമല്ല; ശാസ്ത്രമായി പരിണമിക്കുന്നു. സാഹിത്യത്തിൽ എന്നപോലെ ശാസ്ത്രീയമായ പ്രതിപാദനങ്ങളിലും നാം വാക്കുകൾ ഉപയോഗിക്കുന്നുവെന്നതു വാസ്തവംതന്നെ. എന്നാൽ ഈ പദങ്ങൾ വെറും ചിഹ്നങ്ങൾ മാത്രമേ ആകുന്നുള്ളൂ; സജീവഭാഷ എന്നു പറയുവാൻ നിവൃത്തിയില്ല. ഉദാഹരണമായി യൂക്ലിഡിന്റെ സിദ്ധാന്തങ്ങൾ നോക്കുക. ഇതിൽനിന്ന് ശബ്ദങ്ങൾ, ശാസ്ത്രീയമായ പ്രതിപാദനങ്ങൾക്ക് ഉപയോഗിക്കുമ്പോൾ സാഹിത്യത്തിൽപെടുന്നില്ലെന്നും പ്രത്യുത, മനസ്സിൽ ഉളവാകുന്ന വിചാരങ്ങളെ സരസമായി പ്രകാശിപ്പിക്കുന്നതിനു വിനിയോഗിക്കുമ്പോൾ മാത്രമേ സാഹിത്യമായി പരിണമിക്കുന്നുള്ളൂ എന്നും വിശദമാകുന്നു. ഇതുതന്നെയാണ് അങ്കഗണിതം, ദൈവശാസ്ത്രം, രസതന്ത്രം മുതലായവ സാഹിത്യസീമയിൽ ഉൾപ്പെടാത്തതിന്റെ കാരണം.

സാഹിത്യം മാനസികവും അതിന്റെ വിഷയം വി

ചാരവുമാണെന്ന് വിശദമായിരിക്കുമല്ലോ. എന്നാൽ അതു മനസികമായിരിക്കുന്നതുകൊണ്ടുതന്നെ വ്യക്തിപരവുമാണെന്നു സിദ്ധിക്കുന്നു. ഒരു മനുഷ്യന്റെ മുഖം മറ്റു മനുഷ്യരുടേതിൽ നിന്നു വ്യത്യസ്തമായിരിക്കുന്നതുപോലെതന്നെ, അവന്റെ ആശയപ്രകടനവും തൻമൂലം ഭാഷാരീതിയും മറ്റുള്ളവരുടേതിൽ നിന്നു വിഭിന്നമായിരിക്കും. അവന്റെ സ്വന്തമായ വികാരങ്ങളും, ആശയങ്ങളും, ആഗ്രഹങ്ങളും, സങ്കല്പങ്ങളും, ഭാവനകളും ഒരു ചിത്രത്തിലെന്നപോലെ അവന്റെ ലേഖനങ്ങളിൽ പതിഞ്ഞിരിക്കും. ഇതുകൊണ്ടാണ് പ്രഗൽഭനായ ഒരു ഗ്രന്ഥകാരന്റെ ഏതാനും വാക്യങ്ങൾ കേൾക്കുമ്പോൾ നമുക്ക് അയാളെ മനസ്സിലാക്കാൻ സാധിക്കുന്നത്.

"കണ്ടച്ചാരുടെ മുണ്ടും പോയി
ചെണ്ടക്കാരുടെ ചെണ്ടകൾ പോയി
കേളച്ചാരുടെ വാളും പോയി
കാളൻ നായുടെ ചങ്ങല പോയി
ചിരികണ്ടച്ചാർ പടയിൽ ചാടി
ചൂരിക കളഞ്ഞേച്ചോടിപ്പോന്നു"

എന്നു കേൾക്കുമ്പോൾതന്നെ ഇതിന്റെ കർത്താവു ഒരു ഹാസ്യരസപ്രധാനൻ എന്നു നാം മനസ്സിലാക്കിക്കഴിയും. ഒരുവന്റെ ചിത്രം കാണുമ്പോൾ ആളിനെ മനസ്സിലാക്കുന്നതിനു സാധിക്കുന്നതുപോലെ, ഒരു നല്ലസാഹിത്യകാരന്റെ കൃതി കാണുമ്പോഴും നമുക്കതിന്റെ ഉടമസ്ഥനെ നിശ്ചയിക്കുന്നതിനു സാധിക്കും. വ്യക്തിത്വം എന്ന വിശിഷ്ടഗുണം കെങ്കേമന്മാരായ സാഹിത്യകാരന്മാരുടെ ഗ്രന്ഥങ്ങളിൽ മാത്രമെ പ്രകടമായി പ്രകാശിച്ചുകാണുകയുള്ളൂ.

പ്രസ്താവിത ഗ്രന്ഥങ്ങൾക്കുപുറമെ ഉത്തമസാഹിത്യം വായനക്കാരുടെ മനസ്സിനെ വികസിപ്പിക്കുകയും, ഭാവനാശക്തിയെ ഉണർത്തുകയും ചെയ്യുന്നതായിരിക്കണം. ഗ്രന്ഥകർത്താവിലു

ൽഭ്രുതമാക്കുന്ന വികാരങ്ങളെല്ലാം വായനക്കാരന്റെ ഹൃദയത്തിലും ജനിപ്പിക്കുന്നതിനു പര്യാപ്തമായിരിക്കണം. ഹാസ്യം, വീര്യം, അത്ഭുതം, കരുണ, ബീഭത്സം, ശാന്തം മുതലായ രസങ്ങളെ പ്രകാശിപ്പിക്കുമ്പോൾ ആ രസങ്ങൾ, വായിക്കുന്ന ആളുകൾക്കു് അനുഭവത്തിൽ വരണം. ഇതിനായി ഗ്രന്ഥകാരൻ അർത്ഥാലങ്കാരം, ശബ്ദാലങ്കാരം, വർണ്ണനം, വിവരണം, വിമർശനം മുതലായവ ഉചിതമായ സ്ഥലത്തും രീതിയിലും സുലഭമായി പ്രയോഗിച്ചുകൊണ്ടിരിക്കണം. വർണ്ണനകൾ വായിക്കുമ്പോൾ ഗ്രന്ഥകാരൻ ഏതൊരു വസ്തുവിനെ വർണ്ണിക്കുന്നുവൊ അതിന്റെ ഒരു യഥാർത്ഥരായ വായനക്കാരന്റെ മനസ്സിൽ ദൃഢമായി പതിയണം. മുരുക്കിപ്പറയുന്നതായാൽ ഉത്തമസാഹിത്യഗ്രന്ഥങ്ങൾ മനോഹരവും രസപ്രദായകവുമായിരിക്കണം.

സാഹിത്യഗ്രന്ഥങ്ങളുടെ പ്രധാന ലക്ഷണങ്ങൾ ഏവയെന്നു നാം കണ്ടു. ഏതാദൃശലക്ഷണങ്ങൾ പരിപൂർണ്ണമായിട്ടുള്ള ഒരു ഉൽകൃഷ്ട സാഹിത്യകൃതിയാണ് വേദവ്യാസകൃതം എന്നു കേൾക്കുമ്പോൾ പലരും വിസ്മയഭരിതരായേക്കാം. എന്ത്? ബൈബിൾ ഒരു സാഹിത്യഗ്രന്ഥമെന്നോ? പാശ്ചാത്യസാഹിത്യകാരന്മാക്ക് ഗ്രന്ഥനിർമ്മാണത്തിനു വേണ്ട കൈമുതൽ ശേഖരിച്ചു വച്ചവനും ഗ്രീസിലെ കവികളിൽ അഗ്രേസരനുമായ ഹോമറിനേയോ, വിഖ്യാതനും ശോകപര്യവസായിനാടകങ്ങളുടെ ആദിമ കർത്താവുമായ എസ്ക്കിലസിനേയോ ഭുവനവിശ്രുതനും ഗംഭീരാശയനും, വാഗ്വിലാസത്തിൽ തുല്യരഹിതനും, ലോകൈകമഹാകവി എന്ന മഹോന്നത പദത്തെ അലങ്കരിക്കുന്നതിനു സർവ്വഥാ യോഗ്യനുമായ ഡാന്റിയുടേയോ ആംഗ്ലേയ മഹാകവിയായ ഷെയിക്സ്പിയറിന്റേയോ, ജർമ്മൻകാരുടെ സാഹിത്യോന്നമനത്തിനു ഹേതുഭൂതനായ ഗീത്തെയുടേയോ, കല്പനാശക്തിയുടെ പുഷ്ടികൊണ്ടും മാനസികവികാരങ്ങളെ പ്രദർശിപ്പിക്കുന്നതിലുള്ള തന്മയത്വംകൊണ്ടും സകലജാതികളിലുമുള്ള കവികളുടെയിടയിൽ ഒരുന്നതസ്ഥാനം ലഭിച്ചിട്ടുള്ള കാളിദാസന്റേയോ, മഹാകവികളെന്ന ഖ്യാതിനേടിയിട്ടു

ള്ള കട്ടക്കയം, ഉള്ളൂർ, വള്ളത്തോൾ പ്രഭൃതികളുടേയോ കൃതി തുല്യങ്ങളേ അല്ലേ സാഹിത്യരസം ആസ്വദിക്കുന്നതിനാഗ്രഹിക്കുന്നവർ പാരായണം ചെയ്യേണ്ടത്? വേദപുസ്തകത്തിന്റെ ഉദ്ദേശംപോലും മതാദ്ധ്യയനമല്ലേ? അതിനു സാഹിത്യവുമായുള്ള ബന്ധം എന്ത്? എന്നു വല്ലവരും ചോദിച്ചേക്കാം.

ബൈബിളിന്റെ പ്രഥമോദ്ദേശം ആദ്ധ്യാത്മികജ്ഞാനം പ്രദാനം ചെയ്യുകയാണെന്നുള്ളതിൽ വക്ഷാന്തരമില്ല. എന്നാൽ അതു സാഹിത്യപരമായ ഒരു കൃതി ആകുന്നതുകൊണ്ട് ഈ ഉദ്ദേശത്തിനു് എന്തു ഭംഗമാണു് വരാനുള്ളതു്. നാം സൂക്ഷ്മനിരീക്ഷണം ചെയ്യുന്നതായാൽ വേദപുസ്തകം—"ലോകമാസകലം അറിയപ്പെട്ടിട്ടുള്ളതും പരിഷ്കൃതങ്ങളായ സകല ഭാഷകളിലേക്കും വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ളതും, നാനാദേശീയരായ സകല പണ്ഡിതന്മാരാലും സവിസ്മയം അഭിനന്ദിക്കപ്പെട്ടിട്ടുള്ളതും, അകൃത്രിമമായ രാമണീയകം കൊണ്ടും സ്വാഭാവിക രസപുഷ്ടികൊണ്ടും കഥാമാധുര്യംകൊണ്ടും ശ്രേഷ്ഠമായിട്ടുള്ളതും" ആയ വേദപുസ്തകം സാഹിത്യരസം തുളുമ്പുന്ന ഒരു ഉൽകൃഷ്ട ഗ്രന്ഥമാണെന്ന് നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണ്.

സാഹിത്യമെന്നവദം ലിഖിതഭാഷയെക്കുറിക്കുന്നുവെങ്കിൽ ലോകത്തിൽ ഇദംപ്രഥമമായി എഴുതപ്പെട്ട ഗ്രന്ഥം വേദപുസ്തകമാണ്.

സാഹിത്യം വിചാരങ്ങളുടെ സുന്ദരമായ പ്രകടനമെങ്കിൽ വേദപുസ്തകത്തിന്റെ ഉള്ളടക്കങ്ങളും അപ്രകാരമുള്ളവയാണ്. ശാസ്ത്രത്തോട് കൂട്ടുതൽബന്ധമുള്ള പ്രതിപാദനങ്ങൾ ബൈബിളിൽ അശേഷം ഇല്ലെന്നല്ല ഇവിടെ വിവക്ഷിക്കുന്നത്. അതിൽ പലേടത്തും സാവ്വത്രികവും സനാതനവുമായ സത്യങ്ങൾ സാഹിത്യത്തിനു യോജ്യമല്ലാത്തവിധം പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. അങ്ങനെയുള്ള ഏതാനും ഭാഗങ്ങൾ ഒഴിച്ചാൽ മറ്റുള്ളവ മാനസിക വികാരങ്ങളുടെ മനോഹരമായ പ്രതിബിംബമാണെന്ന് അനായാസം ഗ്രഹിക്കാവുന്നതാണ്: ദീർഘദർശികൾ ഇസ്രായേലിലേ വഷളത്വങ്ങളെ ശപിക്കുന

തും, ദാവീദു മഹാരാജൻ കീർത്തനങ്ങൾ പാടുന്നതും, മോസസു എജിപ്തിൽ നിന്നുള്ള ദിഗ്പ്രയാണത്തെ വിവരിക്കുന്നതും, സാമുവേലും, നാത്താനും ഇസ്രായേൽ മഹീപാലകന്മാരുടെ വീരപരാക്രമങ്ങളെ പ്രകീർത്തിക്കുന്നതും, ജറമിയാസ് സ്വജനത്തിന്റെ വിപത്തുകളെപ്പറ്റി ഹൃദയഭേദകമാംവണ്ണം വിലപിക്കുന്നതും, സോളമൻ അധഃപതിച്ച മർത്യഗോത്രത്തിന്റെ അരിഷ്ടതകളെക്കുറിച്ചു് ഖേദിക്കുന്നതും, സുവിശേഷകർത്താക്കൾ ക്രീസ്തുവിന്റെ പീഡാനുഭവങ്ങളെ മർമ്മസ്പർശകമാംവണ്ണം വർണ്ണിക്കുന്നതും മറ്റും ശാസ്ത്രാർഹമായ പ്രതിപാദനങ്ങളെന്നും വിചാരങ്ങളുടെ വിചിത്രമായ പ്രകടനം അവയിലില്ലെന്നും വാദിക്കുന്നതിനു് ആർ തുനിയും? യഥാർത്ഥത്തിൽ ഇവ സാഹിത്യത്തിന്റെ ഉത്തമ മാതൃകകളത്രെ.

വേദപുസ്തകം വിചാരങ്ങളുടെ സുന്ദരമായ പ്രതിച്ഛായയെന്നും തൻമൂലം അതിൽ അടങ്ങിയിരിക്കുന്നതു സാഹിത്യമെന്നും നമുക്കു വിശദമായി. പ്രസിദ്ധ സാഹിത്യകാരന്മാർ അവരുടെ വിചാരങ്ങളെ വാഗ്രൂപേണ പ്രദർശിപ്പിക്കുമ്പോൾ തെളിഞ്ഞു പ്രകാശിക്കുന്ന വ്യക്തിത്വം എന്ന ഗുണവും ബൈബിളിൽ പ്രസ്പഷ്ടമായികാണുന്നുണ്ടു്. വി. പൗലോസിന്റെ അഗാധജ്ഞാനവും, രചനാസാമർത്ഥ്യവും തീക്ഷ്ണതയും അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ വിശദമായി പതിഞ്ഞിരിക്കുന്നു. സുവിശേഷങ്ങളിൽ അവയുടെ കർത്താക്കളുടെ പരമാർത്ഥത എത്ര സുവിദിതമായിരിക്കുന്നു. ദാമ്പിയാരുടെ കൃതികൾ വായിക്കുമ്പോൾ അയാളുടെ സ്മരണ നമ്മുടെ ബോധത്തിൽ ഉദിക്കുന്നതുപോലെ, ദാവീദിന്റെ സങ്കീർത്തനങ്ങളും സോളമന്റെ സുഭാഷിതങ്ങളും ശ്രവിക്കുമ്പോൾ അവയുടെ രചയിതാക്കളുടെ ഓർമ്മ നമ്മുടെ മനസ്സിൽ ഉയരുന്നില്ലയോ? സാഹിത്യകുശലന്മാരുടെ കൃതികളിൽ മാത്രം പ്രത്യക്ഷപ്പെടുന്ന ഈ വിശിഷ്ടഗുണം ബൈബിളിൽ ഉണ്ടെന്നുള്ളതു് സാഹിത്യഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ അതിനുള്ള ഉന്നതസ്ഥാനത്തെ ഉച്ചൈസ്വരം പ്രഖ്യാപനം ചെയ്യുന്നു.

ഇനി നമുക്കു കാണാനുള്ളതു് വേദവ്യസ്തകം ആനന്ദ സംദായകമായ ഒരു കൃതിആണോ എന്നും അതിലെ പ്രതിപാ ദനരീതി വായനക്കാരുടെ മനസ്സിനെ വികസിപ്പിക്കുന്നതിനും ഭാവനാശക്തിയെ ഉത്തേജിപ്പിക്കുന്നതിനും ഗ്രന്ഥകാരൻ കരു തുന്ന വികാരങ്ങൾ അവരിൽ ഉല്പാദിപ്പിക്കുന്നതിനും പര്യാപ്തമാണോ എന്നുമുള്ളതാണ്. ഇതിൽ വിവാദത്തിനവകാശമില്ലതന്നേ. ബൈബിളിലെ ഓരോ വശവും ഇതിനു സാക്ഷ്യമാണ്. "വിഭാവനാശക്തിയുടെ വൈശിഷ്ട്യംകൊണ്ടു് ഐസിയാസിനേയും സംക്ഷിപ്തവും മനോഹരവുമായ വസ്തുസ്ഥിതികഥനത്തിൽ സുവിശേഷ രചയിതാക്കളേയും.... സ്നിഗ്ദ്ധതയിലും ഹൃദയസ്പർശകതയിലും ജറമിയാസിന്റെ വിലാപങ്ങളേയും, വാഗ്മിത്വത്തിൽ പൗലോസിനേയും, വർണ്ണനാചാതുരിയിൽ 'വെളിപാടി'ന്റെ കർത്താവിനേയും, ഗംഭീരവും ഭയാനകവുമായ രൂപങ്ങൾ ചിത്രിക്കുന്നതിൽ ജോബിനേയും അതിശയിക്കുന്നതിനു പ്രാചീനനോ അർവ്വാചീനനോ ആയ ഏതൊരു സാഹിത്യകാരനാണ് സാധിച്ചിട്ടുള്ളതു്-" എന്നു ഗിബൺസ് കർട്ടിനാൽ ചോദിക്കുന്നു. വായനക്കാരിൽ സ്തോഭങ്ങൾ ജനിപ്പിക്കുന്നതും അവരുടെ ഹൃദയങ്ങളെ കുളിർപ്പിക്കുന്നതുമായ വർണ്ണനകളും വിവരണങ്ങളും അലങ്കാരങ്ങളും മറ്റു സാഹിത്യഗ്രന്ഥങ്ങളിലെന്ന പോലെ ബൈബിളിലും ലോഭമെന്യേ കാൺമാനുണ്ട്. ഇതെപ്പറ്റി എബ്രായ സാഹിത്യപണ്ഡിതനായ ഹേർഡർ എന്ന മഹാൻ എഴുതിയിരിക്കുന്നതു ശ്രദ്ധിച്ചാലും. "വിശുദ്ധഗ്രന്ഥകാരന്മാർ ഉപയോഗിച്ചിരിക്കുന്ന ഉപമകളേയും, ദൈവത്തിന്റെ ജ്ഞാനത്തേയും ശക്തിയേയും മഹിമയേയും വർണ്ണിക്കുന്നതിനു സൃഷ്ടികരിച്ചിരിക്കുന്ന സാലങ്കാരപ്രയോഗങ്ങളേയും സംബന്ധിച്ചെടത്തോളം, ജോബ്, ഐസിയാസ്, ദാവീദ് ആദിയായവരോടു തട്ടിച്ചുനോക്കുമ്പോൾ, റോമൻ കവികൾ മഹാസമുദ്രത്തിൽ ഒരു തുള്ളി വെള്ളം പോലെ ആയിപ്പോകുന്നു. വിസ്തൃതവും മഹനീയവുമായ സമുദ്രമുള്ളപ്പോൾ ജലകണങ്ങളെ അന്വേഷിച്ചു പുറപ്പെടുന്നതു ഭോഷത്തമാണ്." ഹൃദയാവർജ്ജക

ങ്ങളായ രൂപകങ്ങളും, ഉപമകളും ഇത്ര സുലഭമായി പ്രയോഗിച്ചിട്ടുള്ള അന്യഗ്രന്ഥം ഇല്ലെന്നു തീർത്തുപറയാം. വേദപുസ്തകത്തിന്റെ സാഹിത്യഭംഗിയെ പ്രകാശിപ്പിക്കുന്നതിനു ഏതാനും വാക്യങ്ങൾ ഉദ്ധരിച്ചുകൊള്ളട്ടെ.

"കാള അതിന്റെ യജമാനനേയും കഴുത അതിന്റെ യജമാനന്റെ തൊഴുത്തിനേയും അറിയുന്നു. എങ്കിലും ഇസ്രായേൽജനം എന്നെ അറിയുന്നില്ല." ഇസ്രായേൽ സന്തതികളുടെ നന്ദിഹീനത എത്ര സരസമായി വർണ്ണിച്ചിരിക്കുന്നുവെന്നു കാണുക.

ഐസിയാസ് ബാബിലോണിന്റെ നാശത്തെപ്പറ്റിയുള്ള വർണ്ണനയിൽ വന്യമൃഗങ്ങൾ അവിടെ സ്വച്ഛന്ദം വിഹരിക്കുമെന്നും, ഭവനങ്ങൾ സുഖ്ങ്ങളെ കൊണ്ടുനിറയുമെന്നും മറും പ്രസ്താവിച്ചശേഷം "അവിടത്തെ വീടുകളിൽ മൂങ്ങാകൾ പരസ്പരം ആക്രോശിക്കും" എന്ന് അവസാനിപ്പിക്കുന്നു. മനുഷ്യവാസമില്ലാത്ത ഒരു സ്ഥലത്തിന്റെ ഭീതിയെ ഇതിലും നന്നായി നമ്മുടെ മനോമുകുരത്തിൽ പ്രതിബിംബിപ്പിക്കുവാൻ ഏതു സാഹിത്യകാരനു സാധിക്കും?

"ജറുശലമേ! ജറുശലമേ! പിടക്കോഴി കുഞ്ഞുങ്ങളെ ചിറകിനു കീഴേ ശേഖരിക്കുന്നതുപോലെ, നിന്റെ പുത്രന്മാരെ ശേഖരിക്കുന്നതിനു ഞാൻ എത്രവട്ടം ആഗ്രഹിച്ചു; എന്നാൽ നീ അതിനു വഴിപ്പെട്ടില്ല." ഈ ഉപമ എത്ര വിശിഷ്ടവും ആലോചനാമൃതവുമായിരിക്കുന്നു.

"ഇതാ എന്റെ പ്രിയൻ എന്നോട് പറയുന്നു, എന്റെ പ്രാണനേ! എന്റെ മാടപ്രാവേ! എന്റെ സുന്ദരീ! നീ എണീറ്റു വേഗം വരിക! എന്തെന്നാൽ വർഷകാലം കഴിഞ്ഞു; മഴ അവസാനിച്ചു; നമ്മുടെ നാട്ടിൽ പുഷ്പങ്ങൾ പ്രത്യക്ഷപ്പെട്ടു; ശീഖരങ്ങൾ മുറിക്കുന്നതിനുള്ള സമയം ആഗതമായി; ചെങ്ങാലികളുടെ കളകൂജിതങ്ങൾ രാജ്യമെങ്ങും കേൾക്കപ്പെടുന്നു. അത്തിവൃക്ഷം ഹരിതവർണ്ണങ്ങളായ ഫലങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നു. പുഷ്പിച്ച മുന്തിരിവള്ളികൾ സൗരഭ്യത്തെ പ്രദാനം ചെയ്യുന്നു."

യൂദയാനാട്ടിലെ വസന്തകാലത്തെപ്പറ്റിയുള്ള ഈ വർണ്ണന എത്ര രസാവഹമായിരിക്കുന്നു.

"നമ്മുടെ ജീവിതകാലം മുഴുത്തിയതും ക്ലേശഭൂയിഷ്ഠവുമാകുന്നു. നാം ഇല്ലായ്മയിൽനിന്ന് ജനിച്ചു; ഇല്ലായ്മയായിത്തീരുകയും ചെയ്യും. എന്തുകൊണ്ടെന്നാൽ നമ്മുടെ നാസികാരന്ധ്രങ്ങളിലെ ശ്വാസം പുകയാണ്. സംഭാഷണം നമ്മുടെ ഹൃദയങ്ങളെ ചലിപ്പിക്കുന്ന അഗ്നിയുമത്രെ. അതു കെട്ടുപോയാൽ ശരീരം ഭസ്മമാകയും ആത്മാവു ഘനം കുറഞ്ഞ വായുപോലെ പരക്കുകയും ജീവൻ മേഘശകലംപോലെ കടന്നുപോകയും സൂര്യരശ്മികളുടെ മൂടുകൊണ്ട് പരാജിതമായി വലായനം ചെയ്യുന്ന മഞ്ഞുപോലെ ചിതറിപ്പോകയും ചെയ്യും. കാലാന്തരത്തിൽ നമ്മുടെ നാമം വിസ്മരിക്കപ്പെട്ടും. അതുകയാൽ വരുവിൻ ഈ കാണുന്ന നല്ല വസ്തുക്കളെ അനുഭവിക്കാം. യൗവനത്തിലെന്നപോലെ സൃഷ്ടികളെ വേഗം ഉപയോഗപ്പെടുത്താം. വിലയേറിയ വീഞ്ഞും പരിമളത്തൈലങ്ങളും തൃപ്തിയാവോളം ഉപയോഗിക്കാം. സൗഭാഗ്യത്തിന്റെ കാലം നമ്മെ കടന്നുപോകാതിരിക്കട്ടെ. പനിനീർ പുഷ്പങ്ങൾ വാടുന്നതിനു മുമ്പ് അവകൊണ്ട് കിരീടം ഉണ്ടാക്കി നമുക്കു ധരിക്കാം. ഭോഗാനുഭൂതിക്കായി നാം പ്രവേശിക്കാത്ത യാതൊരു മൈതാനവും ഉണ്ടാകരുത്. നമ്മുടെയിടയിൽ ഒരുവനും വിഷയസുഖത്തിന്റെ ഓഹരി ലഭിക്കാതെ വരരുത്. ആഹ്ലാദചിഹ്നങ്ങളെ എല്ലാ സ്ഥലത്തും അവശേഷിപ്പിക്കാം. ദരിദ്രരായ നീതിമാന്മാരെ ഞെരുക്കാം. വിധവകളേയും ഒഴിച്ചുവിടേണ്ട. വയസ്സന്മാരുടെ നരച്ച മുടികളെ നാം ബഹുമാനിക്കയും വേണ്ട. കൈയ്യൂക്കു നമ്മുടെ പ്രമാണമായിരിക്കട്ടെ." ഇവിടെ മതവിശ്വാസമില്ലാത്ത ദുഷ്ടരുടെ വിചാരങ്ങൾ എത്ര നന്നായി പ്രകാശിപ്പിക്കപ്പെട്ടിരിക്കുന്നു.

"നാം സത്യമാർഗ്ഗത്തിൽ നിന്ന് വ്യതിചലിച്ചുപോയി. നീതിയുടെ വെളിച്ചം നമ്മുടെ മേൽ പ്രകാശിച്ചില്ല. വിജ്ഞാനസൂര്യൻ നമ്മുടെ മേൽ ഉദിച്ചില്ല. ദുഷ്ടതയുടേയും നാശത്തിന്റേയും പന്ഥാവിനെ നാം ക്ലേശപൂർവ്വം തരണം ചെയ്തു. എന്നാ

ൽ കഞ്ഞാവിന്റെ വഴി നാം അറിഞ്ഞില്ല. അഹങ്കാരം കൊണ്ട് നമുക്കെന്തു പ്രയോജനം? ധനത്തെപ്പറ്റിയുള്ള പ്രശംസ നമുക്കെന്തു ഗുണം ചെയ്യു. നിഴൽ പോലെയും ഓട്ടന്ന ദൂതനെപ്പോ ലെയും വെള്ളത്തിൽ യാനരേഖപോലും ശേഷിക്കാതെ തിരമാലകളുടെ ഇടയിൽ കൂടി തരണം ചെയ്യുന്ന കപ്പൽ പോലെയും അവ കടന്നുപോയി. അഥവാ ഘനം കുറഞ്ഞ വായുവിനെ അടിച്ചു വിഭജിക്കുന്ന സ്വരമല്ലാതെ ദൃശ്യമായ സഞ്ചാരചിഹ്നങ്ങൾ യാതൊന്നും കൂടാതെ അന്തരീക്ഷത്തിൽ കൂടി പറക്കുന്ന ഒരു പക്ഷിയെപ്പോലെ അവ കടന്നുപോയി. സുകൃത്തിന്റെ യാതൊരടയാളവും കാണിപ്പാൻ നമുക്ക് കഴിഞ്ഞില്ല. നമ്മുടെ ദുഷ്ടതയിൽത്തന്നെ നാം പൂർവ്വസാനിച്ചു." ദുഷ്ടന്മാരുടെ മരണശയ്യയിലെ വിചാരങ്ങളെക്കുറിച്ചുള്ള ഈ വിവരണം ആരെയാണ് കർത്തവ്യോൻമുഖരാക്കാത്തത്.

ജോസഫിന്റെ കഥയിൽ നാടകീയപ്രകടനം അതിന്റെ പരമകാഷ്ഠയിലെത്തിയിരിക്കുന്ന ആ ഭാഗം (സഹോദരന്മാർ തമ്മിലുള്ള കൂടിക്കാഴ്ച) എത്ര മൂലധനങ്ങളായ വികാരങ്ങൾ ഒരുവനിൽ ഉല്പാദിപ്പിക്കുകയില്ല. "സൃഷ്ടിയുടെ 45ാം അദ്ധ്യായം അശ്രുധാരയോടു കൂടിയല്ലാതെ വായിക്കുവാൻ എനിക്ക് സാധിക്കുകയില്ല" എന്നാണ് ആ ഭാഗത്തെക്കുറിച്ച് നവവാദേഷിയായ വാൾട്ടയർ പോലും പറഞ്ഞിരിക്കുന്നത്.

സാവൂൾമഹാരാജാവും ഇടയച്ചെറുക്കനായ ദാവീദും തമ്മിലുള്ള സംഭാഷണത്തിലും രാക്ഷസനായ ഗോലിയാത്തിനോടുള്ള അവന്റെ പോർവിളിയിലും അടങ്ങിയിരിക്കുന്ന കവിതാമൃതത്തെ മുഴുവനായി പ്രകാശിപ്പിക്കുന്നതിന് ആർക്കു സാധിക്കും. സുദീർഘമാകയാൽ ഈ ഭാഗം ഉദ്ധരിക്കുന്നില്ല.

ലോകത്തിലുള്ള സാഹിത്യഗ്രന്ഥങ്ങളിൽ കുതിരയെക്കുറിച്ചുള്ള മൂന്നു വിശിഷ്ടവർണ്ണനകൾ ഉള്ളതിൽ ഒന്ന് ഹോമറിന്റേയും, മറ്റൊന്ന് ബൊക്കേഷ്യയുടേയും, മൂന്നാമത്തേത് ജോബിന്റെ ഗ്രന്ഥത്തിലേതും ആണെന്നും ഇവയിൽ അവസാനത്തേത് അകൃത്രിമരമണീയതയിലും കവിതാതേജസ്സിലും മറ്റു ര

ണ്ടിനേയും അതിശയിക്കുന്ന എന്നുമാണ് എബ്രായസാഹിത്യപണ്ഡിതനായ ഹേർഡർ പ്രസ്താവിച്ചിരിക്കുന്നത്.

"മേഘമദ്ധ്യത്തിലേ പ്രഭാതതാരം പോലെയും പൗർണ്ണമിയിലെ ചന്ദ്രബിംബം പോലെയും അദ്ദേഹം ശോഭിച്ചു. പ്രകാശിക്കുന്ന സൂര്യനെപ്പോലെ ദൈവത്തിന്റെ ആലയത്തിൽ അദ്ദേഹം വിളങ്ങി. ശോഭയമാനങ്ങളായ മേഘങ്ങളുടെ മദ്ധ്യേ തെളിയുന്ന മഴവില്ലു പോലെയും, വസന്തകാലത്തിലെ റോസപ്പൂ പോലെയും നീർച്ചാലരികെയുള്ള ലിലിപുഷ്പംപോലെയും വേനൽക്കാലത്തു സൗരഭ്യം വീശുന്ന കുന്തുരുക്കം പോലെയും ജ്വലിക്കുന്ന അഗ്നിശിഖ പോലെയും വിലയേറിയ കല്ലുകൾ പതിച്ച കനമേറിയ കനകഭാജനം പോലെയും അദ്ദേഹം പരിശോഭിച്ചു. പൂത്തുനില്ക്കുന്ന ഒലിവുമരം പോലെയും ഉയർന്നു നിന്നു വായുവിൽ ചാഞ്ചാടുന്ന സൈപ്രസുവൃക്ഷം പോലെയും മഹിമാവസ്ത്രമണിഞ്ഞു അധികാരപൂർണ്ണതയിൽ അദ്ദേഹം നിലകൊണ്ടു." സ്ഥാനവസ്ത്രങ്ങൾ ധരിച്ചു പൂജാസന്നദ്ധനായി നില്ക്കുന്ന ശിമയോനെ വർണ്ണിച്ചിരിക്കുന്ന ഈ ഭാഗം എത്ര ചേതോഹരമായിരിക്കുന്നു.

ഇങ്ങനെ ഉദ്ധരിച്ചു തുടങ്ങിയാൽ വേദപുസ്തകം മുക്കാലും ഉദ്ധരിക്കേണ്ടിവരും അതിന്റെ എല്ലാഭാഗങ്ങളും അത്രയ്ക്കു സകരമാണ്. അതിൽ സർവ്വവിധ സാഹിത്യരമണീയതകളും അടങ്ങിയിട്ടുണ്ട്. പദ്യഗ്രന്ഥപാരായണത്തിലാണ് നമ്മുടെ വാസന എങ്കിൽ, സങ്കീർത്തനങ്ങളെക്കാൾ നല്ലപദ്യം എവിടെ കിട്ടും. "ധിഷണാവൈഭവത്തിന്റെ വിശിഷ്ടസന്താനങ്ങളായ പദ്യകൃതികൾ ദാവീദിന്റെ സങ്കീർത്തനങ്ങളുടെ മുമ്പിൽ നിഷ്പ്രഭങ്ങളായി ഭവിക്കുന്നു." എന്നത്രെ കാർഡിനൽ ഗിബൻസിന്റെ അഭിപ്രായം. "Read Homer or Pindar after a Psalm of David; I can no longer do so" എന്നാണ് പ്രസിദ്ധനായ ലാമർട്ടിൻ (Lamertine) പറഞ്ഞിരിക്കുന്നത്. ചെങ്കടൽ കടന്നശേഷം മൂശ പാടിയ കീർത്തനം, ഡെബോറായുടെ വിജയഗാനം, ജോനാഥന്റെ മരണത്തിൽ ദാവീദു പാടിയ വിലാപഗീതം, മറിയയുടെ കീർത്തനം മുതലാ

യവ ഹൃദയകുംഭം നിറഞ്ഞു കവിഞ്ഞു അനശ്വരമായ പ്രവഹിക്കുന്ന വദ്യങ്ങൾ തന്നെയാണ്. ഇനി പദ്യമയമായ ഗദ്യത്തിലാണ് നമ്മുടെ ആസക്തി എങ്കിൽ, ദീർഘദർശികളുടെ ഗ്രന്ഥങ്ങൾ അതിനു ഏറ്റവും പറ്റിയതാണ്. "അങ്ങേ സന്നിധിയിൽ രാജ്യങ്ങൾ പൊടിപോലെയും പ്രപഞ്ചം ഇന്നു പണ്ടതും നാളെ പൊളിക്കുന്നതുമായ ഒരു ക്ലാരത്തിനു തുല്യവുമായിരിക്കുന്നു" എന്ന് ഈശ്വരപ്രത്യാപത്തെ വർണ്ണിച്ച ഐസയാസിനോട് കിടപിടിക്കുന്നതിനു ഹോമറിനൊ മറ്റു കവികളിൽ ആർക്കെങ്കിലുമൊ സാധിക്കുന്നതല്ല. ഉദ്ധതമായ നിനിവനഗരം സംഖ്യാതീതങ്ങളായ സേനകളുടെ ആക്രമണത്താൽ അധഃപതിക്കുന്നതു നാഹും ദീർഘദൃഷ്ട്യാ ദർശിക്കുന്നതിനെ വർണ്ണിച്ചിരിക്കുന്ന ഭാഗത്തോട് സാമ്യമുള്ള ഏതൊരു കൃതിയാണ് ലൗകിക സാഹിത്യത്തിലുള്ളത്. അതു പാരായണം ചെയ്യുമ്പോൾ സൈന്യങ്ങളുടെ ഇടിനാദംപോലുള്ള അട്ടഹാസങ്ങളും രഥങ്ങളുടെ നിനാദങ്ങളും നമ്മുടെ കർണ്ണങ്ങളിൽ മുഴങ്ങുന്നു" എന്നാണ് കീർത്തിമാനായ ഫെനലോൺ (Fenlon) എന്ന ദേഹം പ്രസ്താവിച്ചിരിക്കുന്നത്. ഇനിയും ദിവ്യകാവ്യതുല്യങ്ങളായ കൃതികളെ നാം അന്വേഷിക്കുന്നുവെങ്കിൽ, അതും വേദപുസ്തകത്തിലുണ്ട്. "ജോബിന്റെ പുസ്തകം, യൂറിപ്പിഡിസിന്റേയും, സൊഫോക്ലിസിന്റേയും ശോകപര്യവസായിനാടകങ്ങളെപ്പോലെതന്നെ പരിപൂർണ്ണവും, കലാപ്രകടനത്തോട്ടുകൂടിയതുമായ വിശുദ്ധ നാടകമല്ലേ" എന്നതെ മഹാ വിവശ്വത്തായ 'സ്കൂമൻ' ചോദിക്കുന്നത്. രസപ്രധാനങ്ങളായ ഗദ്യകാവ്യങ്ങളിൽ അഭിരുചിയുള്ളവർ ജോസഫ്സിന്റേയും തോബിയാസിന്റേയും സൂസന്നായുടേയും കഥകൾ വായിക്കട്ടെ!

ഇപ്രകാരം സാഹിത്യത്തിന്റെ വിവിധവിഭാഗങ്ങളെ അടക്കികൊള്ളുന്ന ബൈബിൾ സകല സാഹിത്യപ്രവീണന്മാരുടേയും അഭിനന്ദനങ്ങൾക്കു പാത്രമായതിൽ എന്താണത്ഭുതം. വിശ്വവിഖ്യാതനായ ലക്കർഡേർ, വേദപുസ്തകത്തെ സൂതിച്ചെഴുതായിരിക്കുന്ന ഭാഗം പ്രത്യേകം ശ്രദ്ധാർഹമാണ്. അദ്ദേഹം

പറയുന്നു. "ദൈവവചനം അല്ലായിരുന്നുവെങ്കിൽ മനുഷ്യബുദ്ധിയുടെ നിത്യസ്മാരകമായി പരിലസിക്കുന്നതിനു യോഗ്യതയുള്ള ഒരു ശ്രേഷ്ഠകൃതിയാണ് ബൈബിൾ. ഉല്പത്തിയുടെ ഗ്രന്ഥത്തിൽ കൊടുത്തിട്ടുള്ള പൂർവ്വപിതാക്കന്മാരുടെ ജീവചരിത്രവിവരങ്ങളെ അതിലംഘിക്കുന്നതിനു ഹോമറിനുപോലും സാധിച്ചിട്ടില്ല. പ്രവാചകന്മാർ പ്രാപിച്ച അത്യുന്നതസ്ഥാനത്തിൽ പിൻഡാർ ഒരിക്കലും എത്തിയിട്ടില്ല. ചരിത്രകാരന്മാർ എന്ന നിലയിൽ ടാസിറ്റസും തുസിഡൈസും മൂശയോട് തുല്യരല്ലതന്നെ. കീർത്തനങ്ങളുടെ കീർത്തനം എന്ന പുസ്തകത്തിൽ ഈശ്വരപ്രേരിതമായ ദിവ്യസ്നേഹത്തെപ്പറ്റി മനുഷ്യാധരങ്ങളിൽ നിന്നു നിർഗമിച്ചിട്ടുള്ളവയിൽ ഏറ്റവും വിസ്മയനീയമായ ഗീതവും, ഗ്രാസംഗികൻ എന്ന ഗ്രന്ഥത്തിൽ മർത്യഗണത്തിന്റെ അധഃപതനത്തെപ്പറ്റിയുള്ള ഹൃദയംഗമവും മർമ്മസ്പർശകവുമായ ശാസനവും നമുക്കു ലഭിച്ചിട്ടുണ്ടു. സോളമൻ സുവിശേഷങ്ങൾക്കു മുമ്പുതന്നെ പ്ലേറ്റോയേയും, സോക്രട്ടീസിനേയും അതിശയിച്ചിരിക്കുന്നു." പണ്ഡിതാഗ്രേസരനായ വി. അഗസ്തീൻ യൗവനദശയിൽ വേദപുസ്തകത്തെപ്പറ്റി വളരെ പുച്ഛിച്ചിട്ടുള്ള ഒരാളായിരുന്നു. എങ്കിലും ഒരിക്കൽ അതിനെ അഭ്യസിക്കുവാൻ തുടങ്ങിയതു മുതല്ക്കു "അതിന്റെ ആനന്ദങ്ങളിൽ ലയിച്ചുപോയി എന്നും" റോമാക്കാരുടേയും യവനന്മാരുടേയും സാഹിത്യഗ്രന്ഥങ്ങൾ ശുഷ്കങ്ങളായി തോന്നിയെന്നും ആ മഹാമനീഷി തന്നെ പ്രസ്താവിക്കുന്നു. ഒരു യുവാവായിരിക്കയിൽ സിസറോയുടെ ഗ്രന്ഥങ്ങൾ വായിക്കുന്നതിൽ അമിതമായ ഭ്രമം പ്രദർശിപ്പിച്ചിരുന്നവനും വേദപുസ്തകത്തെ സാഹിത്യഗ്രന്ഥമെന്നനിലയിൽ നിന്ദാസൂചകമായ മന്ദഹാസത്തോടുകൂടെ വീക്ഷിച്ചിരുന്നവനുമായ വി. ജെറോം അതിലടങ്ങിയിരിക്കുന്ന അനശ്വരവും അമോഘവുമായ സാഹിത്യരമണീയതകളെ അഭ്യസിച്ചു കുതൂഹലമനസ്കനും വിഭ്രമചിത്തനും ആയിവിളിച്ചു പറയുന്നതു ശ്രവിച്ചാലും — "Homer can not compare with the Psalter, Virgil with the Evan-

gelists and Cicero with St. Paul;, വേദപാരംഗതനായ വി. ജറോമിന്റെ പ്രസ്താവാക്യം വേദപുസ്തകം സാഹിത്യമാണെന്നുള്ളതിന് ഉത്തമ സാക്ഷിയല്ലയോ? കത്തോലിക്കപണ്ഡിതന്മാർ മാത്രമല്ല കത്തോലിക്കസഭയുടെ പരമശത്രുക്കൾപോലും സാഹിത്യരംഗത്തിൽ ബൈബിളിനുള്ള ഉന്നതസ്ഥാനത്തെ പരസ്യമായി സമ്മതിച്ചിട്ടുണ്ട്. വേദപുസ്തകത്തിന്റെ ബദ്ധവൈരിയായ Earnest Renan ആ ഗ്രന്ഥത്തെപ്പറ്റി പ്രസ്താവിച്ചിട്ടുള്ളതു ശ്രദ്ധേയമാണ്. "എബ്രായജാതിയുടെ മാനസികാഭിവൃദ്ധിയേപ്പറ്റി പരിഗണനം ചെയ്യുന്നതായാൽ ഗ്രീക്കുകാരുടേയും റോമാക്കാരുടേയും കൃതികളോട് തുല്യമാഹാത്മ്യമുള്ള അവരുടെ ഗ്രന്ഥങ്ങളുടെ മേന്മയും പരിപൂർണ്ണതയും നമ്മെ അത്ഭുതപരതന്ത്രരാക്കിത്തീർക്കുന്നതാണ്. ലോകമൊക്കെക്കുംവേണ്ടി ഗ്രന്ഥനിർമ്മാണം ചെയ്യുന്നതിനുള്ള വിശേഷഭാഗ്യം പൗരസ്ത്യജാതികളുടെയിടയിൽ ഇസ്രായേല്യനു മാത്രമേ ലഭിച്ചിട്ടുള്ളൂ. വേദങ്ങൾ സംശയമെന്യേ പ്രശസ്തപദ്യകൃതികൾ ആണ്. എന്നാൽ നമ്മുടെ പൂർവ്വികന്മാരായ ആര്യന്മാരുടെ പ്രാചീനഗാനങ്ങൾ അടക്കിക്കൊള്ളുന്ന ഈ ഗ്രന്ഥസമുച്ചയം നമ്മിൽനിന്നു വിഭിന്നമായ ഒരു വംശത്തിൽപെട്ട എബ്രായക്കാരുടെ സങ്കീർത്തനങ്ങളോട് കിടപിടിക്കത്തക്കവയല്ല. പൗരസ്ത്യസാഹിത്യത്തെ ആസ്പദിക്കുന്നതിനു പ്രായേണ പണ്ഡിതന്മാർക്കു മാത്രമേ സാധിക്കുകയുള്ളൂ. എന്നാൽ എബ്രായസാഹിത്യമായ ബൈബിൾ വായിച്ചുരസിക്കുന്നതിനു സാമാന്യം എല്ലാവർക്കും കഴിയും. ഉമൽക്കാരവും, പ്രാസവും, ബന്ധസംജ്ഞാരൂപവും പൗരസ്ത്യജാതികളുടെയിടയിൽ ഇസ്രായേലിന്റെ പ്രത്യേകാവകാശമായിരുന്നു. ഗ്രീക്കുകാരെപ്പോലെതന്നെ ഇസ്രായേൽക്കാർക്കും അവരുടെ ആശയങ്ങളെ സംപുഷ്ടമായും കലാവൈദഗ്ദ്ധ്യത്തോടുകൂടിയും പ്രകാശിപ്പിക്കുന്നതിനു വേണ്ടത്ര നിപുണത ഉണ്ടായിരുന്നു" എന്നാണ് വിമർശനവിചക്ഷണനായ റെനന്റെ അഭിപ്രായം.

ഇതുപോലും പ്രസ്താവിച്ചതിൽനിന്ന് വേദപുസ്തകം സാഹിത്യരസം വഴിഞ്ഞൊഴുകുന്ന ഒരു വിശിഷ്ടഗ്രന്ഥമെന്നു വിശദ

മായിരിക്കുമല്ലൊ. ഡാൻറിയും, മിൽട്ടനും വേദപുസ്തകത്തിൽ നിന്നാണ് അവരുടെ ശ്രേഷ്ഠസങ്കല്പങ്ങൾ കടം വാങ്ങിയിരിക്കുന്നത്. ഷെയിക് സ്പീയറും, സ്പെൻസറും, ടാസ്സോയും അവരുടെ സാഹിത്യാഭിവൃദ്ധിയിൽ വേദപുസ്തകത്തോട് അപാരമായി കടപ്പെട്ടിരിക്കുന്നു. അവരുടെ കൃതികളിലെ അനർഘ്യങ്ങളായ സാഹിതീരത്നങ്ങളിൽ പലതും വേദപുസ്തകത്തിൽനിന്നു സ്വീകരിച്ചവയാണ്. എന്തിനു വിദേശങ്ങളിലേക്കു പോകുന്നു. കവികോകിലമായ വള്ളത്തോളിന്റെ 'മഗ്ദലേനാമറിയ'വും, കവിവൃദ്ധനായ കട്ടക്കയത്തിന്റെ 'ശ്രീയേശുവിജയവും' വേദപുസ്തകത്തിൽനിന്നു സംഗ്രഹിക്കപ്പെട്ടവ അല്ലയോ? നാനാജാതീയരായ എല്ലാ കവികൾക്കും സാഹിത്യപ്രകാശം ചിന്നുന്ന ഭാസുരമായ ഒരു ദിവ്യഗ്രന്ഥമാണ് ബൈബിൾ. നഭോവീഥിയിലേ കനകദീപങ്ങളായ നക്ഷത്രജാലങ്ങളും, വയലുകളിലേ സുരഭികളായ കുസുമങ്ങളും, വനാന്തരങ്ങളിലേ മൃഗസഞ്ചയങ്ങളും, ആകാശത്തിൽ ചരിക്കുന്ന പക്ഷിജാലങ്ങളും, ഭൂഗർഭത്തിലേ ധാതുവിശേഷങ്ങളും, അക്ഷതകാനനങ്ങളും, നിസ്സഞ്ചാരമരുഭൂമികളും, നിമ്നോന്നതങ്ങളായ ശാദ്വലപ്രദേശങ്ങളും, ഫലഭൂയിഷ്ഠങ്ങളായ ഉദ്യാനങ്ങളും, നേത്രാഭിരാമങ്ങളായ പർവ്വതവൃന്ദങ്ങളും, പ്രശാന്തരമണീയങ്ങളായ തടാകങ്ങളും, കല്ലോലപരമ്പരകളാൽ പ്രക്ഷുബ്ധമായ കടലുകളും, ഉന്നതങ്ങളായ ഗോപുരങ്ങളും, രമ്യങ്ങളായ സൗധങ്ങളും, ജനബഹുലങ്ങളായ നഗരങ്ങളും അതിൽ ഹൃദയാഹ്ലാദജനകമായവിധം വർണ്ണിക്കപ്പെട്ടിരിക്കുന്നു. രാജാവു മുതൽ പ്രജവരേയും, ധനവാൻ മുതൽ ദരിദ്രൻ വരേയും, പണ്ഡിതൻ മുതൽ പാമരൻ വരേയും, ബാലൻ മുതൽ വൃദ്ധൻ വരേയും, വൈദികൻ മുതൽ ലൗകികൻ വരേയും ഉള്ള സകല ജനങ്ങളുടേയും രൂപങ്ങൾ അതിൽ സ്പൃഹണീയമാംവണ്ണം ചിത്രിക്കപ്പെട്ടിരിക്കുന്നു. ഘോരസമരങ്ങളും ദ്വന്ദ്വയുദ്ധങ്ങളും ഗാർഹികകലഹങ്ങളും അതിൽ മനോഹരമായ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. മനുഷ്യക്ക് ആനന്ദവും, നിർവൃതിയും, സംതൃപ്തിയും

നൽക്കുന്ന സകലവും അതിൽ അടങ്ങിയിരിക്കുന്നു. ദ്യോവിലും ഭൂവിലും ഉള്ള സമസ്തവും അതിൽ അന്തർഭവിച്ചിരിക്കുന്നു. "സ്വർല്ലോകവും ഭൂലോകവുംകൂടി ഒരു നാമത്തിൽ സംയോജിപ്പിക്കപ്പെടണമെങ്കിൽ 'വേദവുസ്തുകം' എന്നു പറഞ്ഞാൽ മതി."



Printed
at St. Mary's Press;
Athirampuzha

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date

DC Library
000004027
T64 T33